# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പാവൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നഗരസഭാ ഓഡിറ്റ് കാര്യാലയം

പെരുമ്പാവൂർ-പി.ഒ

ഇ-മെയിൽ: mlpbvr.ksad@kerala.gov.in

ഫോൺ : 0484-2522230

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി.ബി.എം. (എ2) 370/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ
തീയ്യതി: 28/12/2023
ഇ-മെയിൽ:
mlpbvr.ksad@kerala.gov.in
ഫോൺ: 0484-2522230

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ചെയർമാൻ (സെക്രട്ടറി മുഖേന)
പെരുമ്പാവൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-27, 2-1, 2-2, 2-3, 3-1, 3-2, 3-5 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1.ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2.ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം

നമ്പർ: കെ.എസ്.എ. പി.ബി.എം. (എ2) 370/2023 തീയ്യതി: 28/12/2023

## എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 01-08-2023 | 12-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-08-2023 | 12-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീമതി ഷെർലി ജോസഫ് ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
2. ശ്രീ സ്റ്റാർ പി ജോൾ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ പ്രവീൺ വി.എൻ. സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി ആതിര ആർ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സക്കീർ ഹുസൈൻ.ടി.എം | ചെയർമാൻ | 01-04-2022 | 29-12-2022 |
| ശ്രീമതി.ബീവി അബൂബക്കർ(വൈസ് ചെയർപേഴ്സൺ,അധികചുമതല) | ചെയർപേഴ്സൺ | 30-12-2022 | 18-01-2023 |
| ശ്രീ.ബിജുജോൺജേക്കബ് | ചെയർമാൻ | 19-01-2023 | 31-03-2023 |
| ശ്രീ.പി.എസ്.ഷിബു | സെക്രട്ടറി | 01-04-2022 | 24-02-2023 |
| ശ്രീമതി.കവിത.എസ്.കുമാർ | സെക്രട്ടറി | 25-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ഷാനി .എം.എം | മെഡിക്കൽ ഓഫീസർ,അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ.സിന്ധു.കെ.ആർ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.സിൻസൺ ജോസഫ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 11-02-2023 |
| ഡോ.സ്മിത കെ.മോഹൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 12-02-2023 | 31-03-2023 |
| ഡോ.നൈന ടി.എ | മെഡിക്കൽ ഓഫീസർ,മൃഗസംരക്ഷണം | 01-04-2022 | 31-03-2023 |
| ഗ്രേസി ജോസഫ് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ജയ പി.എസ് | അസി.എഞ്ചിനീയർ | 01-04-2022 | 13-11-2022 |
| എൽദോസ് പോൾ | അസി.എഞ്ചിനീയർ | 14-11-2022 | 09-12-2022 |
| ജയ.പി.എസ് | അസി.എഞ്ചിനീയർ | 10-12-2022 | 31-03-2023 |
| വൽസമ്മ കെ.പി | കൃഷി ഫീൽഡ് ഓഫീസർ | 01-04-2022 | 31-05-2022 |
| എൽദോ.കെ.എ | കൃഷി ഫീൽഡ് ഓഫീസർ | 01-06-2022 | 18-10-2022 |
| സെൽമ ആന്റണി | കൃഷി ഫീൽഡ് ഓഫീസർ | 19-10-2022 | 31-03-2023 |
| ബിൻസ,വി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| മൈമുനത്ത് .കെ.ഇ | പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ | 01-04-2022 | 31-03-2023 |
| ഷീല.എ.എസ് | ഹെഡ്മിസ്ട്രസ്, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ | 01-04-2022 | 31-03-2023 |
| സുബൈർ.കെ.പി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 01-09-2022 |
| സഞ്ജീവ്കുമാർ എസ് | ഹെൽത്ത് സൂപ്പർവൈസർ,ഇൻ–ചാർജ്ജ് | 02-09-2022 | 06-10-2022 |
| തോമസ്.കെ.എ | ഹെൽത്ത് സൂപ്പർവൈസർ,ഇൻ–ചാർജ്ജ് | 07-10-2022 | 17-10-2022 |
| ബിജുറാം പി.ആർ | ഹെൽത്ത് സൂപ്പർവൈസർ,ഇൻ–ചാർജ്ജ് | 18-10-2022 | 22-11-2022 |
| മുഹമ്മദ് ഫൈസൽ .വൈ | ഹെൽത്ത് സൂപ്പർവൈസർ | 23-11-2022 | 31-03-2023 |
| ബിൻസ.വി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാലൻസ് ഷീറ്റ് ഹെഡുകളിലെ ബാലൻസ് തുക നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-1 |
| 3 | അഡ്വാൻസ് - ജേർണൽ എൻട്രികൾ മുഖേന വരവു ഹെഡ്ഡുകളിലേക്ക് മാറ്റിയിട്ടില്ല | 1-1-2 |
| 4 | ക്ഷേമ പെൻഷനുകളുടെ തുകകൾ ഷെഡ്യൂളിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള തുക തെറ്റായ ഷെഡ്യൂളിൽ ഉൾപ്പെടുത്തി | 1-1-4 |
| 6 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | നികുതി - ഡിമാന്റ് തുക സാംഖ്യയിൽ ജേർണൽ എൻട്രി നടത്തിയിട്ടില്ല | 1-1-6 |
| 8 | വിവിധ ഫണ്ടുകളുടെ ചെലവ് തുകയും എ.സി.ആർ പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം | 1-1-7 |
| 9 | ബാലൻസ് ഷീറ്റ് (B-11)സ്ഥിര നിക്ഷേപം ഷെഡ്യൂൾ അപാകതകൾ | 1-1-8 |
| 10 | ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-9 |
| 11 | അയ്യങ്കാളി തൊഴിലുറപ്പ് സ്റ്റേറ്റ്മെന്റ് /ധനകാര്യ പത്രിക എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വിവിധ ഗ്രാന്റ് /ഫണ്ട് വരവ് സാംഖ്യയിൽ ജേർണൽ എൻട്രികൾ വരുത്തിയിട്ടില്ല | 1-1-11 |
| 13 | ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അപാകതകൾ | 1-1-12 |
| 14 | അഡ്വാൻസ് രജിസ്റ്റർ കാലികമല്ല | 1-1-13 |
| 15 | ഡെപ്പോസിറ്റ് രേഖകൾ കാലികമല്ല | 1-1-14 |
| 16 | റിക്കവറി, ടാക്സ്, സെസ്സ്, ലോൺ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല | 1-1-15 |
| 17 | ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | ബഡ്ജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ് മെന്റ് പ്രകാരം) | 1-3 |
| 20 | ഫണ്ട് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 27 | പെൻഷൻ ഫണ്ട് | 1-11 |
| 28 | റഗുലർ വിഭാഗം പെൻഷൻ / കുടുബ പെൻഷൻ പുതുക്കൽ അധിക തുക അനുവദിച്ചു | 1-12 |
| 29 | കണ്ടിജന്റ് വിഭാഗം പെൻഷൻ / കുടുംബ പെൻഷൻ പുതുക്കിയതിൽ വ്യത്യാസം | 1-13 |
| 30 | സ്ഥാപന തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല | 1-14 |
| 31 | സ്ഥാപന തൊഴിൽ നികുതി നിർണ്ണയിച്ചതിലേയും ഈടാക്കിയതിലേയും അപാകത | 1-15 |
| 32 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-16 |
| 33 | തൊഴിൽ നികുതി യഥാസമയം ഈടാക്കുന്നില്ല | 1-17 |
| 34 | ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ തുടർ നടപടി രേഖപ്പെടുത്തുന്നില്ല | 1-18 |
| 35 | ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയില്ല | 1-18 -1 |
| 36 | ഉപയോഗത്തിലുള്ള കെട്ടിടങ്ങളും ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-18- 2 |
| 37 | നഗരസഭയുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് | 1-18-3 |

| | | |
|---|---|---|
| 38 | കുറഞ്ഞ വസ്തു നികുതിയുള്ള കെട്ടിടങ്ങളിൽ വാണിജ്യ വ്യവസായ പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് അനുവദിച്ചു | 1-18-4 |
| 39 | വിനോദ നികുതി - രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-19 |
| 40 | വാർഷിക വസ്തു നികുതി തുക ഈടാക്കിയതിൽ കറവ് | 1-20 |
| 41 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-21 |
| 42 | അനുബന്ധ രേഖകൾ ഹാജരാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു | 1-22 |
| 43 | അധിക ഫീസ് സർക്കാരിലേക്ക് അടവാക്കാതെ സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു | 1-23 |
| 44 | നിലമായിട്ടുള്ള ഭൂമിയിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു | 1-24 |
| 45 | പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടത്തിന് ഫീസ് ഈടാക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു | 1-25 |
| 46 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ മാർഗ്ഗ രേഖ നിബന്ധന പാലിച്ചില്ല - ₹860963.00 തടസ്സപ്പെടുത്തുന്നു | 1-26 |
| 47 | ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം | 1-27 |
| 48 | ശുചിത്വ പെരുമ്പാവൂർ പദ്ധതിക്കു ലഭിച്ച ഹഡ്കോ സി.എസ്.ആർ. ധന സഹായം വിനിയോഗിക്കാതെ തിരിച്ചടച്ചു | 1-28 |
| 49 | മാലിന്യ സംസ്കരണത്തിന് കവചിത വാഹനം | 1-29 |
| 50 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം | 1-30 |
| 51 | മാലിന്യ സംസ്കരണം റിജക്റ്റ്സ് നീക്കം ചെയ്യൽ | 1-31 |
| 52 | പച്ചക്കറി തൈ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല -ചെലവു തുക ₹125000.00 തടസ്സപ്പെടുത്തുന്നു | 1-32 |
| 53 | ഫല വൃക്ഷ തൈ വിതരണം - പ്രൈസ് ലിസ്റ്റ് ലഭ്യമാക്കിയില്ല | 1-33 |
| 54 | സ്കൂളുകൾക്ക് അഗ്നിശമനോപകരണങ്ങൾ സ്ഥാപിക്കൽ,ഫിറ്റ്നസ് ഉറപ്പാക്കൽ | 1-34 |
| 55 | വിവിധ സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതിയിലെ അപാകതകൾ | 1-35 |
| 56 | വിരമിച്ചവരും സേവനത്തിലിരിക്കെ മരിച്ചവരുമായ ജീവനക്കാർക്കുൾപ്പെടെ യൂണിഫോം വിതരണം ചെയ്തു | 1-36 |
| 57 | വിദ്യാർത്ഥികൾക്ക് പഠനമുറി -അധിക തുക അനുവദിച്ചത് | 1-37 |
| 58 | ലൈഫ് ഭവന പദ്ധതി (ജനറൽ) നടപ്പാക്കിയതിലെ അപാകതകൾ | 1-38 |
| 59 | ലൈഫ് ഭവന പദ്ധതി - 60 ചതുരശ്ര മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി തുക ഈടാക്കി | 1-39 |
| 60 | വൃദ്ധർക്ക് കട്ടിൽ വിതരണം -വിതരണ വിവരം അറിയിക്കേണ്ടതാണ് | 1-40 |
| 61 | വിദ്യാർത്ഥികൾക്ക് മേശ,കസേര വിതരണം - മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകി | 1-41 |
| 62 | പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചു | 1-42 |
| 63 | പെൻഷൻ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കിയില്ല | 1-43 |
| 64 | 'നൈപുണ്യ നഗരം' ഡിജിറ്റൽ സാക്ഷരതാപദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-44 |
| 65 | വിജ്ഞാൻ വാടിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ | 1-45 |
| 66 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-46 |
| 67 | 'ടേക്ക് എ ബ്രേക്ക് 'വിശ്രമ കേന്ദ്രം - നടപ്പിലാക്കിയില്ല | 1-47 |
| 68 | സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | 1-48 |
| 69 | അയ്യങ്കാളി തൊഴിലുറപ്പ് എല്ലാ മേഖലയിലും നടപ്പിലാക്കുന്നില്ല | 1-49 |
| 70 | തൊഴിലുറപ്പ് പദ്ധതി ജി.എസ്.ടി കുറവ് ചെയ്യാത്തത് | 1-50 |
| 71 | കരാറുകൾ - മുദ്ര പത്രങ്ങൾ കൃത്യമായ മൂല്യത്തിലുള്ളവ ഉപയോഗിക്കുന്നില്ല | 1-51 |
| 72 | പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല | 1-52 |
| 73 | ഇന്റർ ലോക്കിംഗ് കട്ട വിരിക്കൽ - പൊളിച്ചെടുത്ത ഇന്റർ ലോക്കിംഗ് കട്ടകളുടെ ഉപയോഗം | 1-53 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല | |
| 74 | മണ്ണിന്റെ വില കുറവ് ചെയ്തില്ല | 1-54 |
| 75 | സൈറ്റ് പ്ലാനിന്റെ അഭാവത്തിൽ പ്രവൃത്തി നടത്തിയ ഏരിയ വ്യക്തമല്ല | 1-55 |
| 76 | ഉയർന്ന ജി.എസ്.ടി.നിരക്ക് ഉൾപ്പെടുത്തിയില്ല | 1-56 |
| 77 | മരണമടഞ്ഞ ജീവനക്കാരുടെ അവകാശികൾക്ക് അർഹതപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും അനുവദിച്ചില്ല | 1-57 |
| 78 | വെട്ടിയിട്ട മരങ്ങളുടെ ലേലനടപടികളിൽ കാലതാമസം | 1-58 |
| 79 | ഹോമിയോ ഡിസ്പെൻസറിയിലെ മരുന്ന വാങ്ങൽ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-59 |
| 80 | സേവനത്തിൽ നിന്നു വിരമിച്ച റഗുലർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ക്ഷാമബത്താ കുടിശ്ശിക വിതരണം | 1-60 |
| 81 | കണ്ടിജന്റ് വിഭാഗം പെൻഷൻകാരുടെ ക്ഷാമബത്താ കുടിശ്ശിക അനുവദിച്ചതിലെ അപാകത | 1-61 |
| ഭാഗം **2** | | |
| 1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -നഷ്ടം (₹)28210 | 2-1 |
| 2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് - നഷ്ടം ₹44950 | 2-2 |
| 3 | പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടത്തിന് ഫീസ് ഈടാക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു-9820/- രൂപ നഷ്ടം | 2-3 |
| 4 | വാർഷിക വസ്തു നികുതി തുക ഈടാക്കിയതിൽ കുറവ് | 2-4 |
| ഭാഗം **3** | | |
| 1 | പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല | 3-1 |
| 2 | മണ്ണിന്റെ വില കുറവ് ചെയ്തില്ല | 3-2 |
| 3 | എസ്റ്റിമേറ്റിൽ ഉയർന്ന ജി.എസ്.ടി നിരക്ക് ഉൾപ്പെടുത്തിയില്ല | 3-3 |
| 4 | വിദ്യാർത്ഥികൾക്ക് പഠന മുറി -അധിക തുക അനുവദിച്ചത് | 3-4 |
| 5 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചു | 3-5 |
| 6 | വിരമിച്ച റഗുലർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ക്ഷാമബത്താ കുടിശ്ശിക വിതരണം | 3-6 |
| ഭാഗം **4** | | |
| 1 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് ആന്റ് പേയ് മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പെരുമ്പാവൂർ നഗരസഭയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റുമെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 26.07.2023 ലെ 3-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 29.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും , അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295 (4) പ്രകാരവും, 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽഫണ്ട് ഓഡിറ്റ് റൂൾ 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര / സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ , ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റ് പരിശോധന വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(ബി) സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

(സി) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുമ്പാവൂർ നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടേയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സ്ഥലം : പെരുമ്പാവൂർ

തീയതി: 28/12/2023

## 1-1-1 ബാലൻസ് ഷീറ്റ് ഹെഡുകളിലെ ബാലൻസ് തുക നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു

(എ) വരവ് ചെലവുകൾ ശരിയായ രീതിയിൽ ജേർണൽ എൻട്രികൾ മുഖേന സാംഖ്യയിലെ ഹെഡുകളിൽ രേഖപ്പെടുത്താതിരുന്നതിനാൽ ബാലൻസ് ഷീറ്റിലെ പല ഹെഡുകളുടെയും 31.03.2023 ലെ ബാലൻസ് തുക നെഗറ്റീവായി വന്നിട്ടുണ്ട്. ബാലൻസ് ഷീറ്റിലെ പ്രസ്തുത ഹെഡുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) ലയബിലിറ്റീസ് ഹെഡ്ഡുകൾ :

| ക്രമ നം. | ഹെഡ്ഡ് | ഇനം | 31.03.2023 ലെ ബാലൻസ് തുക (-) |
|---|---|---|---|
| 1 | 311700100 | Pension Fund For Contigent Staff | 63,44,190.00 |
| 2 | 312100100 | Beneficiary Contribution (Utilised) | 25,000.00 |
| 3 | 320809900 | Other Grants & Contribution For Specific Purpose | 8,38,159.00 |
| 4 | 350110500 | Pension And Gratuity Payable | 1,10,43,523.00 |
| 5 | 35011602 | Employees Liabilities – EPF | 2,64,257.00 |
| 6 | 350200103 | Recoveries Payable – Loan Recovery | 3,05,250.00 |
| 7 | 350200122 | Recoveries Payable – Accident Compensation Recovery | 13,500.00 |
| 8 | 350200129 | Recoveries Payable – Contributory Pension | 35,235.00 |
| 9 | 350200130 | Recoveries Payable - EPF | 2,68,387.00 |
| 10 | 350200131 | Recoveries Payable – Medisep – Regular | 34,000.00 |
| 11 | 350200132 | Recoveries Payable – Medisep – Pensioner | 4,07,000.00 |
| 12 | 350200201 | Recoveries Payable – Income Tax Deducted At Source – Municipal Fund | 1,40,594.00 |
| 13 | 350200204 | Recoveries Payable – Income Tax Deducted At Source -Scheme Expenditure | 32,500.00 |
| 14 | 350309900 | Others Payable | 45,067.00 |
| 15 | 350400299 | Refund Payable – Other User Charges | 2,000.00 |
| 16 | 350400399 | Refund Payable – Other Fees | 5,875.00 |
| 17 | 350400405 | Refund Payable – Other Rents | 24,300.00 |

(2) അസറ്റ് ഹെഡ്ഡുകൾ:

| ക്രമ നം. | ഹെഡ്ഡ് | ഇനം | തുക (-) |
|---|---|---|---|
| 1 | 431100100 | Receivables For Property Tax (Current) | 2,13,51,517.00 |
| 2 | 431100200 | Receivables For Property Tax (Arrears) | 70,31,903.00 |

| | | | |
|---|---|---|---|
| 3 | 431190101 | Receivables For Profession Tax Institutions / Professionals / Traders (Current) | 23,57,691.00 |
| 4 | 431190102 | Receivables For Profession Tax Institutions / Professionals/ Traders (Arrears) | 4,06,003.00 |
| 5 | 431300201 | Receivable For License Fees (Current) | 7,93,955.00 |
| 6 | 431300202 | Receivable For License Fees (Arrears) | 2,889.00 |
| 7 | 431400101 | Rent Receivable From Civic Amenities (Current) | 1,66,06,583.00 |
| 8 | 431400102 | Rent Receivable From Civic Amenities (Arrears) | 19,19,464.00 |
| 9 | 431400105 | Rent Receivable From Guest Houses (Current) | 1,70,500.00 |
| 10 | 431800110 | Receivables For Service Cess (Current) | 10,61,198.00 |
| 11 | 431800120 | Receivables For Service Cess (Arrears) | 3,15,552.00 |
| 12 | 431800130 | Receivables For Surcharge On Property Tax (Current) | 5.00 |
| 13 | 431800602 | Rent Receivables From Buildings (Arrears) | 3,44,000.00 |
| 14 | 431910100 | State Govt Cesses/ Levies In Property Taxes – Control Account | 2,75,909.00 |
| 15 | 460100400 | Festival Advance To Employees | 20,000.00 |

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന സമയത്ത് ജേർണൽ എൻട്രികൾ മുഖേന ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

(3) റസീപ്റ്റ് ആന്റ് പെയ് മെന്റിന്റെ RP-6 Revenue Grants, Contributions & Subsidies ഷെഡ്യൂളിലെയും ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിന്റെ I-6 Revenue Grants, Contributions & Subsidies ഷെഡ്യൂളിലെയും 160100209 Fund For Transferred Institutions –Education ഹെഡ്ഡിൽ വരവായി ₹5,00,000.00 രേഖപ്പെടുത്തിയിരിക്കുന്നത് നെഗറ്റീവായിട്ടാണ്.

**1-1-2 അഡ്വാൻസ് - ജേർണൽ എൻട്രികൾ മുഖേന വരവ് ഹെഡ്ഡുകളിലേക്ക് മാറ്റിയിട്ടില്ല**

2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ 350410299 – Advance Collection Of Revenues – Other User Charges ഹെഡ്ഡിൽ ₹ 20,62,420.00, 350410301 – Advance Collection Of Revenues - License Fees ഹെഡ്ഡിൽ ₹ 27,74,070.00 അഡ്വാൻസ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻ വർഷം അഡ്വാൻസായി ലഭിച്ച 2022-23 വർഷത്തേക്കുള്ള പ്രസ്തുത തുകകൾ ജേർണൽ എൻട്രികൾ മുഖേന തൻവർഷ വരവ് ഹെഡ്ഡുകളിലേക്ക് മാറ്റിയിട്ടില്ല.

**1-1-3 ക്ഷേമ പെൻഷനുകളുടെ തുകകൾ ഷെഡ്യൂളിൽ വരവായി രേഖപെടുത്തിയിട്ടില്ല**

വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം ഒഴികെ മറ്റ് വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ലഭിച്ചിട്ടുള്ള (ബി ഫണ്ട്) തുകകൾ ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിന്റെ I-6 Revenue Grants, Contributions & Subsidies ഷെഡ്യൂളിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല. വിവിധ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കായി ഡി.ബി.റ്റി. വഴി വിതരണം ചെയ്തിട്ടുള്ള പ്രസ്തുത തുകകൾ I-14 Programme Expenditure ഷെഡ്യൂളിൽ ചെലവായും രേഖപ്പെടുത്തിയിട്ടില്ല.

**1-1-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള തുക തെറ്റായ ഷെഡ്യൂളിൽ ഉൾപ്പെടുത്തി**

സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ട് നം. 0100/2023, കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 30.11.2022 ൽ ആകെ 4,46,000.00 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായിട്ടുള്ള പ്രസ്തുത തുക റസീപ്റ്റ് ആന്റ് പെയ് മെന്റിന്റെ RP- 41 Loans, Advances, Deposits ഷെഡ്യൂളിൽ 460600300 Water Deposits എന്ന ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം തെറ്റായി RP-14 Programme Expenses ഷെഡ്യൂളിൽ 250400800

Development Fund Programmes -Water Supply എന്ന ഹെഡ്ഡിലാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ ബാലൻസ് ഷീറ്റിൽ B-18 Loans, Advances, Deposits ഷെഡ്യൂളിൽ പ്രസ്തുത ഡെപ്പോസിറ്റ് തുക ഉൾപ്പെടാതെ പോയിട്ടുണ്ട്.

**1-1-5 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) നടപ്പിലാക്കിയ പ്രോജക്ട് നം. 0107/23 , മിനി MCF നിർമ്മാണം പദ്ധതി പ്രകാരം 31.03.2023 ൽ 2,62,077.00 രൂപ ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കിയ പ്രസ്തുത വസ്തുവിന്റെ ചെലവ് റസീപ്റ്റ് ആന്റ് പെയ് മെന്റിന്റെ RP-31 Fixed Assets ഷെഡ്യൂളിൽ രേഖപ്പെടുത്തുന്നതിന് പകരം തെറ്റായി RP-14 Programme Expenses ഷെഡ്യൂളിൽ 250401200 – Development Fund Programmes - Public Health & Sanitation എന്ന ഹെഡ്ഡിലാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ ബാലൻസ് ഷീറ്റിൽ B-11 Fixed Assets ഷെഡ്യൂളിന്റെ ആസ്തി ഹെഡ്ഡിൽ പ്രസ്തുത വസ്തുവിന്റെ തുക ഉൾപ്പെടാതെ പോയിട്ടുണ്ട്.

**1-1-6 നികുതി – ഡിമാന്റ് തുക സാംഖ്യയിൽ ജേർണൽ എൻട്രി നടത്തിയിട്ടില്ല**

വസ്തു നികുതി, സ്ഥാപന തൊഴിൽ നികുതി, വാടക എന്നീ വരവിനങ്ങളുടെ തൻവർഷ ഡിമാന്റ് തുകയും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് തുകയും സാംഖ്യയിൽ ജേർണൽ എൻട്രികൾ മുഖേന രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത വരവിനങ്ങളുടെ തൻവർഷ ഡിമാന്റ് തുക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ I-1, I-3, I-4(b) ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ പ്രസ്തുത വരവിനങ്ങളുടെ മുന്നിരിപ്പ് തുക അരിയർ ഹെഡ്ഡുകളിലേക്ക് മാറ്റുന്നതിന് ജേർണൽ എൻട്രികൾ മുഖേന രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

**1-1-7 വിവിധ ഫണ്ടുകളുടെ ചെലവ് തുകയും എ.സി.ആർ പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം**

31.03.2023 ലെ താഴെപ്പറയുന്ന വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യപത്രിക (AFS) പ്രകാരമുള്ള ആകെ ചെലവ് തുകയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ വ്യത്യാസമുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | AFS പ്രകാരം ചെലവ് | ACR പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| 160100101 – വികസന ഫണ്ട് ജനറൽ | 1,19,09,913.00 | 1,76,60,498.00 | 57,50,585.00 |
| 160100102 – വികസന ഫണ്ട് എസ്.സി.പി. | 38,89,410.00 | 79,96,367.00 | 41,06,957.00 |
| 160100401 – മെയിന്റനൻസ് ഫണ്ട് റോഡ് | 90,37,256.00 | 3,15,31,000.00 | 2,24,93,744.00 |
| 160100402 – മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 59,79,819.00 | 84,95,442.00 | 25,15,623.00 |
| 160100500 – ജനറൽ പർപ്പസ് ഫണ്ട് | 1,38,67,000.00 | 1,76,41,276.00 | 37,74,276.00 |
| 160100104 – Development Fund – Central Finance Commission Grant | 10,06,592.00 | 11,03,280.00 | 3,01,578.00 |
| 160100108 –Development Fund CFC-Performance Grant | 8,01,702.00 | 19,36,238 | 11,34,536.00 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് ) – ബാങ്ക്, ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ് ) – ബാങ്ക്

എന്നിവ പ്രകാരം ബാങ്കിൽ 90,75,000/- രൂപ വരവ് വന്നിട്ടുള്ളത് റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റിന്റെ RP- 24 ൽ 320200104 - Development Fund – Central Finance Commission Grant – Capital– ലും 90,75,000/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ACR -ൽ പ്രസ്തുത ഗ്രാന്റിൽ നിന്നും ആകെ 1,11,27,446/- രൂപ (Tied Bank – 4439872, Untied Bank -6687574) ചെലവഴിച്ചത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് വിവരങ്ങൾ AFS ൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു പ്രകാരം ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ 320200104 - Development Fund – Central Finance Commission Grant – Capital ന്റെ 31.03.2023 ലെ ബാലൻസ് തുക 1,73,08,687/- രൂപയായി അവശേഷിക്കുന്നു. (കഴിഞ്ഞ വർഷത്തെ ബാലൻസ് തുകയായ 82,33,687/- രൂപ + ഈ വർഷം ലഭിച്ച 90,75,000/- രൂപ ). Federal Bank (CFC Grant) ബാങ്ക് അക്കൗണ്ടിന്റെ 31.03.2023 ലെ ബാലൻസ് തുക 60,73,361/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല 1,12,35,326/- രൂപയുടെ വ്യത്യാസം ഉണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ബാലൻസ് തുകയുടെ ആധികാരികമായി ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

### 1-1-8 ബാലൻസ് ഷീറ്റ് (B-11)സ്ഥിര നിക്ഷേപം ഷെഡ്യൂൾ അപാകതകൾ

(എ) ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ആസ്തികളുടെയും ആസ്തി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. സചിത്ര സോഫ്റ്റ് വെയറിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ആസ്തികളിലും അവയുടെ കോസ്റ്റ്, ബുക്ക് വാല്യൂ, ഡിപ്രീസിയേഷൻ എന്നീ വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല.

(ബി) നിർമ്മാണത്തിലിരിക്കുന്ന എല്ലാ ആസ്തി രൂപീകരണ പ്രവൃത്തികളുടെയും പാർട്ട് ബിൽ ചെലവുകൾ Capital Work In Progress ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

Capital Work In Progress ഹെഡ്ഡുകളിൽ നിലവിൽ രേഖപ്പെടുത്തിയിരിക്കുന്ന നിർമ്മാണത്തിലിരിക്കുന്ന ആസ്തി രൂപീകരണ പാർട്ട് ബിൽ ചെലവുകൾ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുസരിച്ച് ബന്ധപ്പെട്ട ആസ്തി ഹെഡ്ഡുകളിലേക്ക് മാറ്റുന്നില്ല. ഇതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് | 31.03.2023 ലെ നീക്കി ബാക്കി തുക | അവസാനമായി ആസ്തി ഹെഡ്ഡിലേക്ക് മാറ്റിയിട്ടുള്ള തീയതി |
|---|---|---|---|
| 1 | 412100100 – Capital Work In Progress - Development Fund | 4,65,62,535.00 | 07.09.2015 |
| 2 | 412010100 – Capital Work In Progress – Municipal Fund | 2,96,08,287.00 | 31.03.2017 |
| 3 | 412100500 – Capital Work In Progress – Funds For Transferred Institutions | 22,29,647.00 | 31.03.2012 |
| 4 | 412109900 – Capital Work In Progress – Other Specific Grants | 21,83,034.00 | 31.03.2011 |
| 5 | 412200100 – Capital Work In Progress | 12,97,259.00 | 31.03.2012 |

പൂർത്തീകരിച്ച പ്രവൃത്തികൾ കണ്ടെത്തി ആയതിന്റെ ചെലവുകൾ ആസ്തി ഹെഡ്ഡുകളിലേക്ക് മാറ്റുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ആയത് എത്രയും വേഗം ചെയ്യേണ്ടതാണ്.

**1-1-9 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കി സാംഖ്യയിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

**1-1-10 അയ്യങ്കാളി തൊഴിലുറപ്പ് സ്റ്റേറ്റ്മെന്റ് /ധനകാര്യ പത്രിക എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

നഗരസഭ ലഭ്യമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ (AUEGS) വരവായി 1,00,00,000.00 രൂപയും പലിശ ഇനത്തിൽ 965.00 രൂപയും ലഭ്യമായതായും, പ്രവൃത്തികൾക്കും ഭരണ ചെലവുകൾക്കുമായി ആകെ 1,06,25,791.22 രൂപ ചെലവായതായും 2,102.51.00 രൂപ നീക്കിയിരിപ്പുള്ളതുമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും തമ്മിൽ വ്യത്യാസമുണ്ട്. ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(എ) AUEGS ഫണ്ടിനത്തിൽ 1,00,00,000.00 രൂപ ലഭ്യമായിട്ടുള്ളത് റസീപ്റ്റ് ആന്റ് പെയ്മെന്റിലെ RP 22 ലെ 311100100-Poverty Alleviation Fund ലയബിലിറ്റി ഹെഡ്ഡിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

(ബി) റെസീപ്റ്റ് ആന്റ് പെയ് മെന്റിലെ 250200100 Expenditure On Poverty Eradication Programme ഹെഡ്ഡിൽ ₹6,03,030.00 മാത്രമാണ് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഹെഡ്ഡിലെ തുകയും ലഭ്യമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റിലെ തുകയും തമ്മിൽ 1,00,22,761.22/- രൂപയുടെ വ്യത്യാസം ഉണ്ട്.

(സി) ബാലൻസ് ഷീറ്റിൽ പ്രത്യേക ബാങ്ക് അക്കൗണ്ടുകളുള്ള ലയബിലിറ്റി ഹെഡ്ഡുകളിലെ നീക്കിയിരിപ്പ് തുകയും ടി ബാങ്കിന്റെ നീക്കിയിരിപ്പ് തുകയും തുല്യമായിരിക്കണം. എന്നാൽ ബാലൻസ് ഷീറ്റിലെ B2 – ഷെഡ്യൂളിലെ 311100100 – Poverty Alleviation Fund ഹെഡ്ഡിലെ നീക്കിയിരിപ്പ് ₹ 6,26,928.00, B-17 ഷെഡ്യൂളിലെ 450210700 – പഞ്ചാബ് നാഷണൽ ബാങ്ക് (AUEGS) അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 1,749.00 രൂപയാണ്. ഇവ തമ്മിൽ 6,25,179.00 രൂപയുടെ വ്യത്യാസം ഉണ്ട്.

**1-1-11 വിവിധ ഗ്രാന്റ് /ഫണ്ട് വരവ് സാംഖ്യയിൽ ജേർണൽ എൻട്രികൾ വരുത്തിയിട്ടില്ല**

റസീപ്റ്റ് ആന്റ് പെയ് മെന്റ് സ്റ്റേറ്റ്മെന്റിന്റെ RP-6 Revenue Grants, Contributions & Subsidies, RP-24-Grants, Contributions For Specific Purposes ഷെഡ്യൂളുകളിലെ വിവിധ ഗ്രാന്റ്/ഫണ്ട് വരവ് ഹെഡ്ഡുകളിൽ നിന്ന് ക്യാപ്പിറ്റൽ ചെലവിനായി തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ 312100200-Capital Contribution To Others ഹെഡ്ഡിലേക്ക് മാറ്റുന്നതിന് സാംഖ്യയിൽ ജേർണൽ എൻട്രികൾ മുഖേന രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

**1-1-12 ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അപാകതകൾ**

(എ) ഷെഡ്യൂളിലെ താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2023 ലെ ബാങ്ക് പാസ്സ്ബുക്ക് ബാലൻസ് തുകയും പ്രസ്തുത ബാങ്കുകളുടെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പാസ്സ് ബുക്ക് ബാലൻസ് തുകയും തമ്മിൽ വ്യത്യാസമുണ്ട്. സാംഖ്യയിൽ ബാങ്ക് റീക്കൺസിലിയേഷൻ പൊരുത്തപ്പെടുത്താത്തതിനാലാണ് ഇത്തരത്തിൽ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്സ് ബുക്ക് ബാലൻസിൽ വ്യത്യാസം വന്നിട്ടുള്ളത്. പ്രസ്തുത ബാങ്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് | 31.03.2023 ലെ പാസ്സ് ബുക്ക് ബാലൻസ് | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ 31.03.2023 ലെ പാസ്സ് | വ്യത്യാസം |
|---|---|---|---|---|

| | | | ബുക്ക് ബാലൻസ് | |
|---|---|---|---|---|
| 1 | 450210140 സൗത്ത് ഇൻഡ്യൻ ബാങ്ക് (തൊഴിൽ നികുതി) | 4,21,590.00 | 0 | 4,21,590.00 |
| 2 | 450210700 പഞ്ചാബ് നാഷണൽ ബാങ്ക് (AUEGS) | 1,749.00 | 6,26,928.00 | 6,25,179.00 |
| 3 | 450610500 യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ PMAY | 24,01,957.00 | 10,94,268.00 | 13,07,689.00 |
| 4 | 450430300 – അർബൻ സഹകരണ ബാങ്ക് 8876 (ദുരിതാശ്വാസ നിധി) | 6,190.00 | 50,818.00 | 44,628.00 |
| 5 | 450430100 പെരുമ്പാവൂർ അർബൻ സഹകരണ ബാങ്ക് 2024 EMS | 19,898.00 | 19,458.00 | 440.00 |
| 6 | 450610100 ഇൻഡ്യൻ ഓവർസീസ് ബാങ്ക് (IHSDP) | 78,983.00 | 64,47,275.00 | 63,68,292.00 |

(ബി) എല്ലാ മാസവും ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല. ഷെഡ്യൂളിലെ താഴെ കൊടുത്തിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്, ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | | ബാലൻസ് തുക |
|---|---|---|---|
| 1 | 450230200 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് (ഈവനിംഗ് ശാഖ) | 45,864.00 |
| 2 | 450250600 | ട്രഷറി - Municipal Funds -LGTSB | 8,69,110.00 |
| 3 | 450410600 | വിജയ ബാങ്ക് HUDCO – CSIR | 17,79,044.00 |
| 4 | 450410900 | ഐ.സി.ഐ.സി.ഐ. ബാങ്ക് SBM New | 38,00,177.00 |
| 5 | 450420200 | ഐ.സി.ഐ.സി.ഐ. ബാങ്ക് (സ്വച്ഛ് ഭാരത്) | 32,083.00 |
| 6 | 450450100 | ട്രഷറി | 8,997.00 |
| 7 | 450610110 | ഇൻഡ്യൻ ബാങ്ക് Urban Health & Wellness Centres | 83,59,965.00 |
| 8 | 450610120 | ഇൻഡ്യൻ ബാങ്ക് Biodiversity Scheme | 3,01,786.00 |
| 9 | 450620300 | ഫെഡറൽ ബാങ്ക് (CFC Grant)* | 75,06,925.00 |

* പാസ്സ്ബുക്ക് മാത്രം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഷെഡ്യൂളിൽ 31.03.2022 ൽ നീക്കിബാക്കി തുക പൂജ്യമായിട്ടുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പാസ്സ് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ടുകൾ നിലവിൽ ഉപയോഗിക്കുന്നതാണോ ക്ലോസ് ചെയ്തതാണോ എന്നതിന്റെ വിവരം ലഭ്യമാക്കിയില്ല.

**1-1-13 അഡ്വാൻസ് രജിസ്റ്റർ കാലികമല്ല**

ബാലൻസ് ഷീറ്റിലെ B18 – ലോൺ, അഡ്വാൻസുകൾ, ഡെപ്പോസിറ്റുകൾ എന്ന ഷെഡ്യൂളിൽ അഡ്വാൻസ് ഇനങ്ങളിൽ നഗരസഭ നൽകിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ഇത്തരത്തിൽ അഡ്വാൻസ് നൽകിയിട്ടുള്ള പ്രസ്തുത തുകകൾ ക്രമീകരിക്കുന്നതിനോ, ഈടാക്കുവാനോ, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഇവയെ അഡ്വാൻസിൽ നിന്നും മാറ്റുന്നതിനാവശ്യമായ തുടർ നടപടികളോ സ്വീകരിച്ചിട്ടില്ല. അഡ്വാൻസായി തുക നൽകിയത് ക്രമീകരിക്കാതെ വർഷങ്ങളായി ഒരേ നീക്കിബാക്കി തുക തന്നെയായി തുടരുന്നു.

**1-1-14 ഡെപ്പോസിറ്റ് രേഖകൾ കാലികമല്ല**

ബാലൻസ് ഷീറ്റിലെ B7 ഡെപ്പോസിറ്റ് റിസീവ്ഡ് എന്ന ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ നഗരസഭയ്ക്ക്

ലഭിച്ചിട്ടുള്ള ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ / അനുബന്ധ രേഖകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 282 (1) പ്രകാരം 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. എന്നാൽ അനുബന്ധ രേഖകൾ ലഭ്യമല്ലാത്തതിനാൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ കണ്ടെത്തി നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

**1-1-15 റിക്കവറി, ടാക്സ്, സെസ്സ്, ലോൺ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല**

(എ) ബാലൻസ് ഷീറ്റിലെ B9 -Other Liabilities (Sundry Creditors) എന്ന ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ നഗരസഭ ഈടാക്കിയിട്ടുള്ള ബാധ്യതകളായിട്ടുള്ള തുകകൾ (റിക്കവറി, ടാക്സ്, സെസ്സ്) ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത ബാധ്യത ഇനത്തിലുള്ള തുകകൾ അടവാക്കുകയോ ക്രമീകരണങ്ങൾ വരുത്തുകയോ ചെയ്തിട്ടില്ല.

(ബി) ബാലൻസ് ഷീറ്റിലെ B-5 Secured Loans ഷെഡ്യൂളിലെ 330500202 Loans From HUDCO, 330500202 Loans Under National Slum Development Project എന്നീ ഹെഡ്ഡുകളിലെ ലോൺ ബാലൻസ് തുകയെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ / രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**1-1-16 ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല**

വാടക, സ്ഥാപന തൊഴിൽ നികുതി, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് ഫീസ് എന്നിവയുടെ രജിസ്റ്ററിൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ യഥാർത്ഥ ഡിമാന്റ് തുക പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

**1-2 ബഡ്ജറ്റ്**

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കു വിധേയമായും പ്രാദേശിക സർക്കാർ തങ്ങളുടെ പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന വരവു ചെലവുകളുടെ എസ്റ്റിമേറ്റാണ് ബഡ്ജറ്റ്. നഗരസഭയുടെ 2022-23 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 22.03.2022 -ൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ 1-ാം നമ്പർ തീരുമാന പ്രകാരവും 2022-23 ലെ പുതുക്കിയ ബഡ്ജറ്റ് 22.03.2023 -ൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286 പ്രകാരം സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും പ്രസ്തുത നിർദ്ദേശങ്ങളെയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മുനിസിപ്പാലിറ്റിയുടെ വരവു ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 28.12.2021 ൽ സെക്ഷനിൽ ആരംഭിച്ചു. ഓഫീസ് സെക്ഷനുകൾ, ഘടക സ്ഥാപനങ്ങൾ മറ്റു സ്റ്റാന്റിങ്ങ് കമ്മിറ്റികൾ എന്നിവയിൽ നിന്നുള്ള ബജറ്റ്നിർദ്ദേശങ്ങൾ ലഭ്യമാക്കുവാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 11.01.2022 -ൽ ചേർന്ന യോഗം തീരുമാനമെടുത്തു. എന്നാൽ വിദ്യാഭ്യാസ കലാ കായികം, ക്ഷേമകാര്യം എന്നീ സ്റ്റാന്റിങ്ങ് കമ്മിറ്റികളിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, ഓഫീസ് സെക്ഷനുകൾ എന്നിവയിൽ നിന്നുള്ള നിർദ്ദേശങ്ങൾ മാത്രമാണ് ഫയലിൽ ഉള്ളത്. മറ്റ് മൂന്നു സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പങ്കാളിത്തം ബഡ്ജറ്റ് രൂപീകരണത്തിൽ ഉണ്ടായിരുന്നില്ല. മുൻവർഷങ്ങളിലെ പോലെ തൻവർഷവും ബഡ്ജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ വാർഷിക കണക്കു പ്രകാരമുള്ള വരവു

ചെലവുകളുമായി വളരെയേറെ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്കുകൾ പ്രകാരം | ബഡ്ജറ്റ് | ബഡ്ജറ്റ് പരിഷ്കരിച്ചത് |
|---|---|---|---|
| മുന്നിരുപ്പ് | 36018688.26 | 607952.00 | -12741762.00 |
| വരവ് | 218058239.00 | 545736560.00 | 302731217.00 |
| ആകെ | 254076927.26 | 546344512.00 | 289989455.00 |
| ചെലവ് | 213147454.00 | 540483188.00 | 288972632.00 |
| നീക്കിയിരുപ്പ് | 40929473.26 | 5861324.00 | 1016823.00 |

എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികളും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും ഓഫീസ് സെക്ഷനുകളും ബഡ്ജറ്റ് രൂപീകരണ പ്രക്രിയയിൽ പങ്കാളികളായി യഥാർത്ഥ കണക്കുകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്കു നൽകേണ്ടതും ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് രൂപീകരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ് മെന്റ് പ്രകാരം)

| 2022-23 | |
|---|---|
| മുന്നിരിപ്പ് | 3,60,18,688.26 |
| വരവ് | 21,80,58,239.00 |
| ആകെ | 25,40,76,927.26 |
| ചെലവ് | 21,31,47,454.00 |
| നീക്കിയിരിപ്പ് | 4,09,29,473.26 |

## 1-4 ഫണ്ട് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 17660498 | 17660498 | 17660498 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 7996367 | 7996367 | 7996367 | 0 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 31531000 | 31531000 | 31531000 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 8495442 | 8495442 | 8495442 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) -ജനറൽ | 0 | 5715186 | 5715186 | 801702 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) – ബാങ്ക് | - | 5445000 | 5445000 | 4439872 | ** |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) – ജനറൽ | 0 | 1640253 | 1640253 | 1006592 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) – ബാങ്ക് | - | 3630000 | 3630000 | 6687574 | ** |

| | | | | | | | |
|---|---|---|---|---|---|---|---|
| ദുരിതാശ്വാസ നിധി | | | 50818 | 101372 | 152190 | 146000 | 6190 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | | 626928.73 | 10000965 | 10627893.73 | 10085503 | 1749 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | – | – | – | 540641 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | പി.എം.എ.വൈ | 1094268 | 2063952 | 3158220 | 756264 | 2401956 |
| | | എൻ. യു. എൽ.എം | 0 | 665061 | 665061 | 665061 | 0 |
| | | ശുചിത്വ മിഷൻ | 57733 | 2437 | 60170 | 28087 | 32083 |
| | | IDSMT | 8328 | 228 | 8556 | 0 | 8556 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് | | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | | | 0 | 43048800 | 43048800 * | 43048800 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 0 | 17641276 | 17641276 | 17641276 | 0 |
| തനത് ഫണ്ട് | എസ് ബി ഐ | | 15646932.96 | 115466391 | 131113323.96 | 121700466 | 9412857 |
| | എച്ച് ഡിഎഫ് സി | | 2719668 | 9744682 | 12464350 | 9151121 | 3313229 |

* അപാകതകളുടെ വിവരം ഖണ്ഡിക 1-1-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്
** അപാകതകളുടെ വിവരം ഖണ്ഡിക 1-1-7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 223 | 138466875.00 | 159 | 81607671.00 | ഇല്ല | 64 | 71.30% |

സുലേഖ പത്രിക പ്രകാരം നിർവഹണോദ്യോഗസ്ഥരുടെ ആകെ ചെലവു വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകളുടെ വിവരം | | 2022-23 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം % |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 31 | 18278842.00 | 21 | 8970356.00 | 49.07% |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | 4 | 11274851.00 | 1 | 540604.00 | 04.79% |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 97 | 55431827.00 | 73 | 39854354.00 | 71.89% |
| 4 | കൃഷി ഫീൽഡ് ഓഫീസർ | 7 | 1547172.00 | 7 | 1284604.00 | 83.02% |

| | | | | | | |
|---|---|---|---|---|---|---|
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 2380000.00 | 3 | 2161617.00 | 90.82% |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 5 | 685000.00 | 4 | 665255.00 | 97.11% |
| 7 | വെറ്റിനറി സർജൻ | 7 | 580000.00 | 7 | 418105.00 | 72.08% |
| 8 | പ്രൊജക്ട് ഓഫീസർ നഗര ദാരിദ്യ ലഘൂകരണ സെൽ | 17 | 16617629.00 | 14 | 12344481.00 | 74.28% |
| 9 | ഹെൽത്ത് സൂപ്പർവൈസർ | 27 | 18215115.00 | 6 | 3705756.00 | 20.34% |
| 10 | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 10 | 6111446.00 | 10 | 5680374.00 | 92.94% |
| 11 | ഹെഡ് മിസ്ട്രസ് | 3 | 675000.00 | 2 | 586100.00 | 86.82% |
| 12 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 6669993.00 | 11 | 5396065.00 | 80.90% |
| | ആകെ | 223 | 138466875.00 | 159 | 81607671.00 | 58.93% |

തൻവർഷം 223 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും, ആകെ പൂർത്തീകരിക്കാൻ സാധിച്ചത് 71.30% മാത്രമാണ്. 28.70% പദ്ധതികളും പൂർത്തിയാക്കാത്ത പദ്ധതികളാണ്. ഇതിൽ ഭൂരിഭാഗം പദ്ധതികളും തന്നെ മരാമത്ത് വേലകൾ ആണെന്നത് ശ്രദ്ധേയമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ ശതമാന കണക്കിൽ വിലയിരുത്തിയാൽ ആകെ 12 നിർവ്വഹണ ഉദ്യോഗസ്ഥരിൽ 3 പേർ (സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ, ഹെൽത്ത് സൂപ്പർവൈസർ) വകയിരുത്തിയ തുകയുടെ 50% താഴെ മാത്രമാണ് പദ്ധതി തുക ചെലവഴിച്ചിരിക്കുന്നത് . ഏറ്റെടുക്കുന്ന പ്രൊജക്ടുകൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6,26,928.73 | 1,00,00,965.00 | 1,06,27,893.73 | 5,40,641.22 | 2102.51 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 1,00,85,150.00 | |
| ആകെ | 6,26,928.73 | 1,00,00,965.00 | 1,06,27,893.73 | 1,06,25,791.22 | |

പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | | |
|---|---|---|
| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | പട്ടിക ജാതി വിഭാഗം | 22 |
| | പട്ടിക വർഗ്ഗത്തിൽ പെട്ടവർ | 0 |
| | മറ്റുള്ളവർ | 59 |
| | ആകെ | 81 |
| തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | | 334 |

| | | |
|---|---|---|
| തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | | 334 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | പട്ടിക ജാതി | 9823 |
| | പട്ടിക വർഗ്ഗം | 0 |
| | മറ്റുള്ളവർ | 22914.5 |
| | ആകെ | 32737.5 |
| 100 ദിവസം തൊഴിൽ ലഭിച്ചവർ | | 164 |
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | | 110 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | | 109 |
| സാമ്പത്തിക വർഷത്തെ ആകെ വരവ് | | 1,06,27,893.73 |
| സാമ്പത്തിക വർഷത്തെ ആകെ ചെലവ് | | 1,06,25,791.22 |
| നീക്കിയിരിപ്പ് | | 2102.51 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | - | - |
| കർഷക തൊഴിലാളി പെൻഷൻ | 1208000.00 | 96 |
| വിധവാ പെൻഷൻ | 12011400.00 | 951 |
| വാർദ്ധക്യകാല പെൻഷൻ | 25709600.00 | 2120 |
| വികലാംഗ പെൻഷൻ | 3421000.00 | 275 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 428800.00 | 36 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 300000.00 | 10 |

വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം ഒഴികെ മറ്റ് വിവിധ ക്ഷേമ പെൻഷൻ തുകകൾ ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിന്റെ I-6, I-14 ഷെഡ്യൂളിൽ രേഖപ്പെടുത്താത്തതിന്റെ വിവരം ഖണ്ഡിക 1-1-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നഗരസഭയിൽ നടത്തുന്നുണ്ട്. 29.09.2023 ന് നടത്തിയ പരിശോധനയിൽ നീക്കിയിരിപ്പായ 346824.00 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2016 മുതൽ 02.07.2016 വരെ | 2014-15 & 2015-16 | ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2020 | 2017-18 & 2018-19 | 20.05.2020 |

## 1-10 ആഭ്യന്തര നിയന്ത്രണം

മികവുറ്റതും ഫലപ്രദവുമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏതൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും അഭിവൃദ്ധിയിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തെപ്പറ്റിയുള്ള അവലോകനം താഴെ ചേർക്കുന്നു.

1. ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികളും ഓഫീസ് സെക്ഷനുകളും വേണ്ടത്ര ഇടപെടൽ നടത്തുന്നില്ല. യഥാർത്ഥ കണക്കുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ വരവ് ചെലവുമായി വലിയ അന്തരം നില നിൽക്കുന്നു.

2. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 50 (2) പ്രകാരം നഗരസഭാ സെക്രട്ടറി രേഖാമൂലമുള്ള ഉത്തരവു വഴി തന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ ഏല്പിച്ചുകൊടുക്കാവുന്നതും ടിയാൾ ആ ചുമതല നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ഓഫീസ് ജോലി കാര്യക്ഷമമാക്കുന്നതിനും ഓഫീസ് നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഓരോ തസ്തികയിലുമുള്ള ജീവനക്കാരന്റെയും ഉത്തരവാദിത്വങ്ങളും ചുമതലകളും ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ച് ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്. എന്നാൽ ഈ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവ്വഹിക്കുന്നുണ്ടോയെന്ന് കൃത്യമായി അവലോകനം നടത്തുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഫയലുകളുടെ സൂക്ഷിപ്പിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. കറസ്പോണ്ടൻസ് ഫയലിലെ കത്തിടപാടുകൾ കാലാനുസൃതമായി സൂക്ഷിക്കാത്തത് ഫയൽ പരിശോധന ശ്രമകരമാക്കുന്നു.

3. സാംഖ്യ സോഫ്റ്റ് വെയറിലാണ് നഗരസഭയുടെ അക്കൗണ്ടിങ്ങ് ജോലികൾ നിർവ്വഹിക്കപ്പെടുന്നത്. ബഡ്ജറ്റ് പ്രൊവിഷൻ സാംഖ്യ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബഡ്ജറ്റ് പരിധി പിന്നിടുന്ന ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സോഫ്റ്റ് വെയർ സഹായകമാകുന്നില്ല. ഈ സാഹചര്യത്തിൽ ആവർത്തന ചെലവുകളടക്കം തനതു ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കണ്ടിജന്റ് ബില്ലുകളിൽ ബഡ്ജറ്റ് പ്രൊവിഷനും അതുവരെ ആ ഇനത്തിലുള്ള ചെലവും രേഖപ്പെടുത്തി നിയന്ത്രിക്കുന്നതിന് സ്ഥാപനം ശ്രദ്ധ ചെലുത്തുന്നില്ല.

4. കൗൺസിൽ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനു സ്വീകരിച്ച തുടർ നടപടികൾ നിരീക്ഷണ വിധേയമാക്കുന്നില്ല. ആയതിനാൽ പല തീരുമാനങ്ങളും നടപടിയാകാതെ അവശേഷിക്കുന്നു.

5. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽനിന്നും ലഭിക്കുന്ന ഗ്രാന്റുകൾ വിനിയോഗിച്ച് ഏറ്റെടുക്കുന്ന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നില്ല. ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി നഗരസഭ തയ്യാറാക്കിയ ഡി.പി.ആർ അനുസരിച്ച് ഹഡ്കോയിൽ നിന്ന് ധന സഹായമായി ലഭിച്ച സി.എസ്.ആർ. വിഹിതം പലിശയടക്കം തിരിച്ചടക്കേണ്ടി വന്നു. ഇതേ ആവശ്യത്തിന് സ്വച്ഛ് ഭാരത് മിഷനിൽ നിന്നു ലഭിച്ച ഗ്രാന്റുപയോഗിച്ച് ഡി.പി.ആർ. പ്രകാരമുള്ള ഖര മാലിന്യ സംസ്കരണ ഉപാധികൾ പൂർത്തീകരിക്കുന്നതിനും കഴിഞ്ഞിട്ടില്ല. അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയിലെ കുടിവെള്ള പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് 9.645 കോടി രൂപയുടെയും പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 15 ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റായി 83.6 ലക്ഷം രൂപയുടെയും ധന സഹായം തൻവർഷം ലഭിച്ചിട്ടുണ്ട്. ഈ തുകകൾ ഫലപ്രദമായും സമയ ബന്ധിതമായും വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. പദ്ധതി രൂപീകരണം പൂർത്തിയാക്കി വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പോ വർക്കിംഗ് ഗ്രൂപ്പ് ഉപസമിതിയോ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതികൾ ഫലപ്രദമായി മോണിറ്റർ ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.04.2022-ലെ ജി.ഒ. (പി) നം 86/2022 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് (ഖ.14). എന്നാൽ നഗരസഭയിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗ് കമ്മിറ്റി മോണിറ്റർ ചെയ്തതായി കാണുന്നില്ല.

മോണിറ്ററിംഗിന്റെ അഭാവത്തിൽ പദ്ധതി നടത്തിപ്പിലെ പോരായ്മകൾ യഥാസമയം ശ്രദ്ധയിൽപ്പെടാതെ പോയത് ഈ റിപ്പോർട്ടിൽ പരാമർശമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

7. ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടി നൽകുന്നതിൽ നഗരസഭ ശ്രദ്ധ കാണിക്കുന്നില്ല. 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നൽകിയ 48 അന്വേഷണകുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മാത്രമാണ് നഗരസഭ മറുപടി നൽകിയത്.

8. നഗരസഭ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല. നിലവിലുള്ളവ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നതിനും പ്രധാന വരുമാന മാർഗ്ഗങ്ങളായ ഷോപ്പിങ്ങ് കോംപ്ലക്സുകൾ, ടൗൺ ഹാൾ എന്നിവയുടെ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിനും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

9. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയ ബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നില്ല. നഗരസഭയുടെ 1997-98 മുതൽ 2021-22 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കാത്തതിനാൽ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. നിയമം /ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം പ്രഥമ മറുപടി സമർപ്പിക്കുകയും മുൻവർഷങ്ങളിലെ തീർപ്പാക്കാനുള്ള പരാമർശങ്ങൾ തീർപ്പാക്കുകയും ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പോരായ്മകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 പെൻഷൻ ഫണ്ട്

**1.റഗുലർ ജീവനക്കാരുടെ പെൻഷൻ വിതരണം - സെൻട്രൽ ഫണ്ടിൽ നിന്നും തുക ലഭിക്കുന്നില്ല.**

1996 -ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം – റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം (6) പ്രകാരം രൂപീകരിച്ച സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി ഒടുക്കേണ്ടതാണ് ചട്ടം7(2). ശമ്പള ബില്ലിന്റെ തുക പെൻഷൻ വിഹിതം ഉൾപ്പെടെ ഒന്നായി പിൻവലിക്കേണ്ടതും അറ്റ ശമ്പളമായി പിൻവലിക്കാൻ പാടില്ലാത്തതുമാണ്. പെൻഷൻ വിഹിതം കൃത്യമായി അടച്ചിട്ടും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അർഹതപ്പെട്ട പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാലും മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത മൂലവും 2009 സെപ്റ്റംബർ മാസം മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് പെൻഷൻ വിഹിതം അടവാക്കിയിട്ടില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ആവശ്യത്തിനു തുക അനുവദിക്കാത്തതിനാൽ നഗരസഭാ ഫണ്ടിൽ നിന്നാണ് പെൻഷൻ നൽകുന്നത്. 31.03.2023ൽ 74 റഗുലർ പെൻഷൻകാരാണ് നഗരസഭയിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നത്.

പെൻഷൻ വിതരണത്തിനായി തൻവർഷം ₹1,96,54,356.00 ചെലവായപ്പോൾ ₹4101525.00 മാത്രമാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നു ലഭിച്ചിട്ടുള്ളത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് പെൻഷൻ വിതരണത്തിനുള്ള തുക ലഭിക്കാത്തതിനാൽ മുനിസിപ്പൽ ഫണ്ടിൽ നിന്ന് പെൻഷൻ നൽകേണ്ടി വരുന്നത് നഗരസഭയ്ക്ക് അധിക ബാധ്യതയാകുന്നു. ശമ്പളത്തോടൊപ്പം പെൻഷൻ നൽകുന്നതിനും തുക കണ്ടെത്തേണ്ടി വരുന്നതിനാൽ നഗരസഭാ ഫണ്ട് വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുന്നതിന് പര്യാപ്തമാകുന്നില്ല. വാർഷിക കണക്കിലെ ബി 9 ഷെഡ്യൂളനുസരിച്ച് നഗരസഭ ₹2,88,94,707.00 സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കാനുണ്ട്.

**2. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരണം**

1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 222(1), 565(1) എന്നിവയിലെ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 1997ലെ കേരള മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് റൂൾസ് രൂപീകരിക്കുകയും തദ്ദേശ ഭരണ വകുപ്പിന്റെ 3.5.1997 ലെ ജി.ഒ.(പി) 96/97 ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരന്റെ മൊത്ത ശമ്പളത്തിന്റെ 15% എന്ന നിരക്കിൽ നഗരസഭ പ്രതിമാസ വിഹിതം പെൻഷൻ ഫണ്ടിനായി രൂപീകരിക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കണമെന്നും പെൻഷൻ അംശദാനം പ്രതിമാസ ശമ്പള ബില്ലിന്റെ ഒരു

ഭാഗമായിത്തന്നെ പിൻവലിക്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശമുണ്ട്. എന്നാൽ നഗരസഭയിൽ ഇപ്രകാരം പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. 53 കണ്ടിജന്റ് പെൻഷൻകാർക്ക് തൻവർഷം പെൻഷൻ നൽകുന്നതിന് ₹89,13,958.00 നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

സെൻട്രൽ പെൻഷൻ ഫണ്ടും പെൻഷൻ അംശദാനവും- 2022-23 ലെ കണക്ക്

| ഫണ്ട് | തുക | റിമാർക്സ് |
|---|---|---|
| റഗുലർ പെൻഷൻ അക്കൗണ്ടിലെ മുന്നിരിപ്പ്(SBI) | 404213.00 | . |
| നഗരസഭ തന്നാണ്ട് അടവാക്കേണ്ട പെൻഷൻ അംശദാനം | 15148618.00 | . |
| അടവാക്കിയ തുക | ഇല്ല | . |
| അടവാക്കാൻ അവശേഷിക്കുന്ന തുക | 28894707.00 | . |
| സാമ്പത്തിക വർഷം വന്ന ചെലവ് | 19654356.00 | . |
| പെൻഷൻ ഫണ്ടിൽ നിന്നും തന്നാണ്ട് നഗരസഭക്ക് ലഭിച്ച വിഹിതം ( DUA) | 4101525.00 | . |
| വിഹിതം ലഭിക്കാത്ത കാലയളവിൽ നഗരസഭ അഡ്ജസ്റ്റ് ചെയ്ത തുക | 19654356.00 | . |
| പെൻഷൻ അക്കൗണ്ടിലെ നീക്കിയിരുപ്പ് | 160059.00 | . |

**1-12 റഗുലർ വിഭാഗം പെൻഷൻ / കുടുബ പെൻഷൻ പുതുക്കൽ അധിക തുക അനുവദിച്ചു**

നഗരസഭയിലെ റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ പുതുക്കി നിശ്ചയിച്ചപ്പോൾ താഴെപ്പറയുന്നവർക്ക് അധിക തുക അനുവദിച്ചു നല്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1. ശ്രീമതി. സക്കീനാബായ് എം.എസ് (യു.ഡി. ക്ലാർക്ക്)

31.03.2011ൽ വിരമിച്ച ടിയാൾക്ക് 01.04.2011 മുതൽ അനുവദിച്ച പെൻഷൻ 6159.00 രൂപയാണ്. ഇത് 01.07.2014 ൽ 12196.00 രൂപയായും, 01.07.2019ൽ 16840.00 രൂപയായും പുതുക്കി അനുവദിക്കാവുന്നതാണ്. എന്നാൽ 01.07.2019ൽ പുതുക്കി നിശ്ചയിച്ചിരിക്കുന്ന പെൻഷൻ 17820.00 രൂപയാണ്.

2. ശ്രീ. എസ്. യൂസഫ് (കൗൺസിൽ സെക്രട്ടറി)

31.07.1989ൽ വിരമിച്ച ടിയാന്റെ പെൻഷൻ 01.04.2005 പ്രാബല്യത്തിൽ വൺ റാങ്ക് വൺ പെൻഷൻ സ്കീമിൽ 5535.00 രൂപയായി അംഗീകരിച്ചിട്ടുണ്ട്. അതിനു ശേഷമുള്ള പെൻഷൻ പരിഷ്കരണം താഴെ കൊടുത്തിരിക്കുന്ന പ്രകാരം അനുവദിക്കാവുന്നതാണ്.

| തിയതി | തുക |
|---|---|
| 01.07.2009 | 9743.00 |
| 01.07.2014 | 19292.00 |
| 01.07.2019 | 26630.00 |

എന്നാൽ 28270.00 രൂപയാണ് 01.07.2019 ൽ പുതുക്കി അനുവദിച്ചിരിക്കുന്നത്.

3. ശ്രീമതി. ബീവി ഫൈസൽ ( കുടുംബ പെൻഷൻ)

28.02.2015 ൽ വിരമിച്ച ഡ്രൈവർ ശ്രീ. റ്റി.എം. ഫൈസലിന് 17.02.2022 വരെ ഉയർന്ന നിരക്കിലുള്ള

കുടുംബ പെൻഷൻ 11613.00 രൂപയും സാധാരണ നിരക്കിൽ 18.02.2022 മുതൽ 10440.00 രൂപയുമാണ് അനുവദിച്ചിരുന്നത്. 01.07.2019ൽ ഇത് യഥാക്രമം 16030.00 രൂപയും 14410.00 രൂപയും എന്നിങ്ങനെ പുതുക്കി നിജപ്പെടുത്തിയത് ശരിയാണ്. എന്നാൽ 17.02.2022 ൽ അവസാനിച്ച ഉയർന്ന നിരക്കിലുള്ള പെൻഷനാണ് അവകാശികൾക്ക് ഇപ്പോഴും അനുവദിച്ചു കൊണ്ടിരിക്കുന്നത്.

4. ശ്രീമതി. രമണി രവി (കുടുംബ പെൻഷൻ)

സേവനത്തിലിരിക്കെ 02.12.2017ൽ മരണമടഞ്ഞ ഡ്രൈവർ ശ്രീ. കെ.എ. രവിയുടെ അവകാശികൾക്ക് ഉയർന്ന നിരക്കിലുള്ള കുടുംബപെൻഷൻ 13575.00 രൂപ 02.12.2024 വരെയും അതിനു ശേഷം സാധാരണ നിരക്കായ 8500.00 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. 01.07.2019 പ്രാബല്യത്തിൽ ഇത് യഥാക്രമം 18740.00 രൂപ, 11730.00 രൂപ എന്നിങ്ങനെ പുതുക്കി നൽകാമെങ്കിലും പഴയ നിരക്കിൽ 13575.00 രൂപ പെൻഷനും 7% ക്ഷാമാശ്വാസവുമാണ് അവകാശികൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്.
മേൽ ഫയലുകളിൽ പരിഹാര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-13 കണ്ടിജന്റ് വിഭാഗം പെൻഷൻ / കുടുംബ പെൻഷൻ പുതുക്കിയതിൽ വ്യത്യാസം**

നഗരസഭയിലെ കണ്ടിജന്റ് വിഭാഗം പെൻഷൻ/കുടുംബ പെൻഷൻ പുതുക്കി നിശ്ചയിച്ചതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ശ്രീമതി. സി.വി.പാത്തുമ്മ

01.07.2014 പ്രാബല്യത്തിൽ പെൻഷൻ 9437.00 രൂപയായി പുതുക്കിയത് ഈ കാര്യാലയത്തിൽ നിന്നുള്ള 20.02.2018 ലെ കെ.എസ്.എ.പി.ബി.എം (എ3)55/2018 നമ്പർ കത്ത് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 01.07.2019 പ്രാബല്യത്തിൽ ഇത് 13030.00 രൂപയായി പുതുക്കി അനുവദിക്കാമെങ്കിലും 12300.00 രൂപയാണ് അനുവദിച്ചിരിക്കുന്നത്.

2. ശ്രീ. കെ.എസ്.രാജൻ

എക്സ് ഗ്രേഷ്യാ പെൻഷൻകാരനായ ടിയാന് 01.07.2019 മുതൽ ₹ 8250.00 പെൻഷന് അർഹതയുണ്ടെങ്കിലും 8220.00 രൂപയാണ് അനുവദിച്ചിരിക്കുന്നത്.

3. ശ്രീ. വി.എ. തങ്കപ്പൻ

സാധാരണ നിരക്കിലുള്ള കുടുംബ പെൻഷൻ 01.07.2014 മുതൽ 8910.00 രൂപയായി അംഗീകരിച്ചു നൽകിയിട്ടുണ്ട് (കെ.എസ്.എ.പി.ബി.എം. (എ3)55/2018 തീയതി 20.02.2018). 01.07.2019 പ്രാബല്യത്തിൽ ഇതിന്റെ പുതുക്കിയ തുകയായ 12300.00 രൂപക്കാണ് അർഹതയുള്ളതെങ്കിലും 16980.00 രൂപയാണ് അനുവദിച്ചു കൊണ്ടിരിക്കുന്നത്.

4. ശ്രീ. കെ. രാജൻ

31.05.2015 -ൽ വിരമിച്ച ടിയാന് ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷൻ 18750.00 രൂപ 17.05.2022 വരെയും സാധാരണ നിരക്കിലുള്ള കുടുംബ പെൻഷൻ 11250.00 രൂപ 18.05.2022 മുതലുമാണ് അംഗീകരിച്ചു നൽകിയിട്ടുള്ളത്. 01.07.2019 പ്രാബല്യത്തിൽ ഇത് യഥാക്രമം 25880.00 രൂപയായും 15530.00 രൂപയായും പുതുക്കി നൽകാം. 17.05.2022 -ന് ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷന്റെ അർഹത അവസാനിച്ചു. എന്നാൽ ഇപ്പോഴും ഉയർന്ന നിരക്കിലെ 25880.00 രൂപയാണ് കുടുംബ പെൻഷനായി നൽകി കൊണ്ടിരിക്കുന്നത്. പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കേണ്ടതും അധികമായി അനുവദിച്ച പെൻഷൻ തുക കണക്കാക്കി തിരികെ ഈടാക്കി വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

**1-14 സ്ഥാപന തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല**

2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിൽ 2 അർദ്ധ വർഷത്തെയും നികുതി അടവാക്കിയ

സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കും വിധമാണ്.

| വാർഡ് നം. | സ്ഥാപനങ്ങളുടെ എണ്ണം (രജിസ്റ്റർ പ്രകാരം) | തൊഴിൽ നികുതി അടവാക്കിയിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | ശതമാനം % |
|---|---|---|---|
| 1 | 51 | 15 | 29% |
| 2 | 99 | 40 | 40% |
| 3 | 46 | 21 | 46% |
| 4 | 10 | 5 | 50% |
| 5 | 42 | 18 | 43% |
| 6 | 21 | 5 | 24% |
| 7 | 341 | 257 | 75% |
| 8 | 193 | 121 | 63% |
| 9 | 27 | 16 | 59% |
| 10 | 12 | 7 | 58% |
| 11 | 34 | 19 | 56% |
| 12 | 7 | 5 | 71% |
| 13 | 72 | 47 | 65% |
| 14 | 41 | 14 | 34% |
| 15 | 29 | 16 | 55% |
| 16 | 4 | 3 | 75% |
| 17 | 64 | 25 | 39% |
| 18 | 39 | 27 | 69% |
| 19 | 150 | 94 | 63% |
| 20 | 487 | 306 | 63% |
| 21 | 1238 | 420 | 34% |
| 22 | 336 | 139 | 41% |
| 23 | 82 | 37 | 45% |
| 24 | 43 | 21 | 49% |
| 25 | 25 | 13 | 53% |
| 26 | 15 | 11 | 73% |

| | | | |
|---|---|---|---|
| 27 | 58 | 31 | 53% |
| ആകെ | 3566 | 1733 | 49% |

2022-23 വർഷം 3566 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരിക്കുന്നതിൽ 1733 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് കൃത്യമായി നികുതി ഈടാക്കിയിരിക്കുന്നത്. അതായത് കേവലം 49% സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് കൃത്യമായി നികുതി ഈടാക്കിയിരിക്കുന്നത്. മുഴുവൻ സ്ഥാപനങ്ങളേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവന്ന് നിയമാനുസരണമുള്ള തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 8 / തീയതി 10.10.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-15 സ്ഥാപന തൊഴിൽ നികുതി നിർണ്ണയിച്ചതിലേയും ഈടാക്കിയതിലേയും അപാകത**

2022-23 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ 44950/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. അർദ്ധ വാർഷിക വരുമാനത്തെ അടിസ്ഥാനമാക്കി തൊഴിൽ നികുതി നിർണ്ണയിച്ചതിലെ പിഴവു മൂലവും ഒന്നാം അർദ്ധ വർഷത്തെ നികുതി ഈടാക്കാതെ രണ്ടാം അർദ്ധ വർഷത്തെ നികുതി ഈടാക്കിയതു മൂലവുമാണ് ഈ കുറവ് വന്നത്. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ഖണ്ഡിക 2 -2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തെ അടിസ്ഥാനമാക്കി 2005 -ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടം 3 (1) പ്രകാരമുള്ള നിരക്കിലാണ് തൊഴിൽ നികുതി (എംപ്ലോയീസ്) നിർണ്ണയിക്കേണ്ടത്. എന്നാൽ അർദ്ധ വാർഷിക വരുമാനത്തെ അടിസ്ഥാനമാക്കി തൊഴിൽ നികുതി കണക്കാക്കിയതിലെ പിഴവു മൂലം നികുതിയിനത്തിൽ ₹ 28210.00 കുറവു വന്നിട്ടുണ്ട്. വിശദ വിവരം ഭാഗം - 2, ഖണ്ഡിക 2-1 ൽ വിശദീകരിച്ചിട്ടുണ്ട്.

**1-17 തൊഴിൽ നികുതി യഥാസമയം ഈടാക്കുന്നില്ല**

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 , സെക്ഷൻ 254 (1) പ്രകാരം സെക്രട്ടറി ഓരോ അർദ്ധ വർഷവും മെയ് മാസത്തിലും നവംബർ മാസത്തിലും , നോട്ടീസ് മൂലം ഏതൊരു ആഫീസ് മേധാവിയോടും തൊഴിൽ ഉടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തുന്നതിനും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓരോ ആഫീസറോടും പ്രസ്തുത നോട്ടീസിലെ പട്ടികയ്ക്കനുസൃതമായി അടക്കേണ്ടതായ തൊഴിൽ നികുതി അടക്കുവാനും ആവശ്യപ്പെടേണ്ടതാണ്. കൂടാതെ 254 (2) പ്രകാരം ഓരോ വർഷവും സെപ്റ്റംബർ മാസത്തിന്റേയും മാർച്ച് മാസത്തിന്റേയും അവസാനത്തിനു മുൻപ് ഓരോ ആഫീസ് മേധാവിയും തൊഴിലുടമയും , നികുതി അടക്കേണ്ടതായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതും, ആ തുക നികുതി തിട്ടപ്പെടുത്തിയ എല്ലാ ജീവനക്കാരുടേയും വിശദാംശങ്ങൾ , അതായത് പേര് ഉദ്യോഗപ്പേര്, അർദ്ധ വാർഷിക വരുമാനം , ഈടാക്കിയ നികുതി തുക എന്നിവയുടെ ഒരു ലിസ്റ്റ് സഹിതം മുനിസിപ്പാലിറ്റിക്ക് നൽകേണ്ടതും , സമർപ്പിച്ചിട്ടുള്ള പ്രസ്താവനയിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

എന്നാൽ 2022-23 വർഷം ലഭിച്ച തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പടെ നിരവധി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി (എംപ്ലോയീസ്) ഇനത്തിൽ ഈടാക്കേണ്ട തുക യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കാത്തതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള ചില സ്ഥാപങ്ങളുടെ വിവരങ്ങളും അവരിൽ നിന്നും പിഴ പലിശ ഈടാക്കിയതിൽ ഉണ്ടായ കുറവ് തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.** പെരുമ്പാവൂർ ഗവൺമെന്റ് സെർവ്വന്റ്സ് സഹകരണ സംഘം ക്ലിപ്തം നം. 131

സ്ഥാപനത്തിന്റെ 2018-19 ഒന്നാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെയുള്ള

തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത് 31.03.2023 നാണ്. ഇക്കാലയളവിലേക്ക് ഈടാക്കേണ്ടിയിരുന്ന പിഴ പലിശയിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | അർദ്ധ വർഷം | തൊഴിൽ നികുതി | കാലതാമസം (മാസം) | പിഴപലിശ (%) |
|---|---|---|---|---|
| 1 | 2018-19 I | 2500 | 54 | 54 |
| 2 | 2018-19 II | 2500 | 48 | 48 |
| 3 | 2019-20 I | 2500 | 42 | 42 |
| 4 | 2019-20 II | 2500 | 36 | 36 |
| 5 | 2020-21 I | 2500 | 30 | 30 |
| 6 | 2020-21 II | 2500 | 24 | 24 |
| 7 | 2021-22 I | 2500 | 18 | 18 |
| 8 | 2021-22 II | 2500 | 12 | 12 |
| 9 | 2022-23 I | 2500 | 6 | 6 |
| 10 | 2022-23 II | 2500 | - | - |
| ആകെ ഈടാക്കേണ്ട പിഴ പലിശ =270% * 2500 = 6750 | | | | |

ആകെ ഈടാക്കേണ്ട തുക = 25000.00 + 6750.00 = 31750.00

അടവാക്കിയ തുക = 30400.00

കുറവ് = 1350.00

2. അൽഷിഫ പോളി ക്ലിനിക്

ടി സ്ഥാപനത്തിന്റെ 2015-16 ഒന്നാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെയുള്ള തൊഴിൽ നികുതി 01.09.2022 നാണ് അടവാക്കിയിരിക്കുന്നത്. എന്നാൽ 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ടി സ്ഥാപനത്തിൽ നിന്നും പിഴ പലിശ ഈടാക്കിയതിലെ കുറവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം | അർദ്ധ വർഷം | തൊഴിൽ നികുതി (₹) | പിഴപലിശ (%) | പിഴപലിശ (₹) |
|---|---|---|---|---|
| 1 | 2015-16 I | 480.00 | 84 | 1440.00 |
| 2 | 2015-16 II | 480.00 | 78 | |
| 3 | 2016-17 I | 480.00 | 72 | |
| 4 | 2016-17 II | 480.00 | 66 | |
| 5 | 2017-18 I | 600.00 | 60 | 1440.00 |
| 6 | 2017-18 II | 600.00 | 54 | |
| 7 | 2018-19 I | പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | | |
| 8 | 2018-19 II | പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | | |
| 9 | 2019-20 I | 600.00 | 36 | |
| 10 | 2019-20 II | 600.00 | 30 | |
| 11 | 2020-21 I | 600.00 | 24 | |
| 12 | 2020-21 II | 600.00 | 18 | |

| | | | | |
|---|---|---|---|---|
| 13 | 2021-22 I | 600.00 | 12 | |
| 14 | 2021-22 II | 600.00 | 6 | |
| 15 | 2022-23 I | 750.00 | - | - |
| 16 | 2022-23 II | പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | | |
| | ആകെ | 7470.00 | | 2880.00 |
| | ആകെ അടവാക്കേണ്ട തുക | | | 10350.00 |
| | അടവാക്കിയ തുക | | | 9460.00 |
| | കുറവ് | | | 890.00 |

3. താടീസ് സൂപ്പർ ഷോപ്പ്

ടി സ്ഥാപനത്തിന്റെ 2021-22 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെയുള്ള തൊഴിൽ നികുതി 23.03.2023 നാണ് അടവാക്കിയിരിക്കുന്നത്.

| നം | അർദ്ധ വർഷം | തൊഴിൽ നികുതി (₹) | പിഴ പലിശ (%) | പിഴപലിശ (₹) |
|---|---|---|---|---|
| 1 | 2021-22 I | 3750.00 | 18 | 675.00 |
| 2 | 2021-22 II | 3750.00 | 12 | 450.00 |
| 3 | 2022-23 I | 3000.00 | 6 | 180.00 |
| 4 | 2022-023 II | 3000.00 | - | - |
| | ആകെ | 13500.00 | | |
| | ആകെ അടവാക്കേണ്ട തുക | | | 14805.00 |
| | അടവാക്കിയ തുക | | | 13080.00 |
| | കുറവ് | | | 1725.00 |

ടി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതിൽ കുറവു വന്ന തുകയായ 3965.00 രൂപ അതാത് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറിനം.02/തീ.16.08.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ തുടർ നടപടി രേഖപ്പെടുത്തുന്നില്ല

കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 2011 (ഭേദഗതി 2020) ലെ ചട്ടം 6 (5) പ്രകാരം സെക്രട്ടറി തീർപ്പാക്കിയ ലൈസൻസ് അപേക്ഷകളിന്മേൽ ലൈസൻസ് നൽകേണ്ടത് ഫാറം -2 ൽ ആയിരിക്കേണ്ടതും അതിലെ വിവരങ്ങൾ ഈ ആവശ്യത്തിനായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ചട്ടം 11 (2) പ്രകാരം ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളുടെ കാര്യത്തിൽ ഹാജരാക്കിയിട്ടുള്ള അപേക്ഷ ക്രമ പ്രകാരമാണെങ്കിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. എന്നാൽ നഗരസഭയിൽ ലഭിക്കുന്ന ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിന്മേൽ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ഫാറം 2 -ൽ ലൈസൻസ് പുതുക്കി നൽകുകയോ ചെയ്തിരിക്കുന്നത് വളരെ ചുരുക്കം അപേക്ഷകളിന്മേൽ മാത്രമാണ്. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

## 1-18 -1 ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയില്ല

2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും 6-ാം ചട്ട പ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും III-ാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. III-ാം പട്ടിക പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 500, 1000, 5000,10000, 15000 എന്നീ നിരക്കുകളിലാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ നഗരസഭയിൽ ലഭിക്കുന്ന ലൈസൻസ് അപേക്ഷകളോടൊപ്പം മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ അപേക്ഷകരിൽ നിന്നും വാങ്ങുന്നില്ല. ഇതിനാൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. 2022-23 വർഷം നഗരസഭ പല സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിരിക്കുന്നത് പുതിയ ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കിക്കൊണ്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ഈടാക്കിയ ലൈസൻസ് |
|---|---|---|---|

| നം | | | ഫീസ് |
|---|---|---|---|
| 1 | എലഗന്റ് എന്റർപ്രൈസസ് | 1/78-B | 2000 |
| 2 | എ പി കെ ടിമ്പേഴ്സ് | 1/146 | 3500 |
| 3 | വെൽ ട്രേഡ് ഇന്റർനാഷ്ണൽ | 1/218 | 2500 |
| 4 | കോറൽ അസ്സോസിയേറ്റ്സ് | 1/272,273 | 800 |
| 5 | മെർലിങ് ഇന്റർനാഷ്ണൽ | 1/330 | 1350 |
| 6 | എൽ.ജി.ബി ഓട്ടോ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 1/345 | 2300 |
| 7 | മോഡേൺ വെയ് ബ്രിഡ്ജ് | 2/7A | 750 |
| 8 | ഡെൽവെക്സ് ട്രേഡേഴ്സ് | 2/75 | 2100 |
| 9 | നാസ്കെ് ട്രേഡിംഗ് കമ്പനി | 2/164A | 1500 |
| 10 | ക്വാളിറ്റി സാനിറ്ററിവെയർ | 2/196 | 3000 |
| 11 | ഐഡിയൽ മോട്ടേഴ്സ് | 2/221A | 2500 |
| 12 | മാജിക് ഡ്രൈവ് കാർ ആക്സസറീസ് | 5/228,229 | 750 |

കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2020 ഒക്ടോബർ മാസം 30-ാം തീയതി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടും നഗരസഭ 2022 -23 വർഷത്തേക്ക് അനുവദിച്ച ലൈസൻസുകൾക്ക് പോലും പഴയ നിരക്കിലുള്ള ഫീസ് തന്നെ ഈടാക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

**1-18- 2 ഉപയോഗത്തിലുള്ള കെട്ടിടങ്ങളും ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യം, വ്യവസായം ഓഫീസ് പ്രവർത്തനം തുടങ്ങിയ ഉപയോഗങ്ങളിലുള്ള കെട്ടിടങ്ങളുടെ എണ്ണവും വിവിധ പ്രവൃത്തികൾക്കായി ലൈസൻസ് അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഇത് സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കെട്ടിടങ്ങളുടെ എണ്ണം* | ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം | ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ശതമാനം(%) |
|---|---|---|---|
| 1 | 144 | 38 | 26.4 |
| 2 | 160 | 63 | 39.4 |
| 3 | 109 | 31 | 28.4 |
| 4 | 57 | 16 | 28 |
| 5 | 61 | 26 | 42.6 |
| 6 | 41 | 14 | 34.1 |
| 7 | 943 | 385 | 40.8 |
| 8 | 565 | 74 | 13.1 |
| 9 | 50 | 15 | 30 |
| 10 | 32 | 9 | 28.1 |
| 11 | 67 | 30 | 44.8 |
| 12 | 23 | 6 | 26.1 |
| 13 | 150 | 55 | 36.7 |
| 14 | 74 | 39 | 52.7 |
| 15 | 64 | 25 | 39.1 |
| 16 | 30 | 10 | 33.3 |
| 17 | 134 | 49 | 36.6 |
| 18 | 105 | 36 | 34.3 |
| 19 | 365 | 110 | 30.1 |

| | | | |
|---|---|---|---|
| 20 | 1444 | 544 | 37.7 |
| 21 | 3027 | 932 | 30.8 |
| 22 | 622 | 226 | 36.3 |
| 23 | 149 | 43 | 28.9 |
| 24 | 115 | 23 | 20 |
| 25 | 70 | 16 | 22.9 |
| 26 | 37 | 15 | 40.5 |
| 27 | 154 | 35 | 22.7 |
| ആകെ | 8792 | 2865 | 32.6 |

(*****_കെട്ടിടങ്ങളുടെ എണ്ണമായി ഉൾപ്പെടുത്തിയിരിക്കുന്നത് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാവശ്യം, വ്യവസായാവശ്യം, ഓഫീസ് ആവശ്യം, ആശുപത്രികൾ, അസംബ്ലി കെട്ടിടം, കൺവെൺഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തീയേറ്റർ തുടങ്ങിയ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളെയാണ്_).

ആകെ കെട്ടിടങ്ങളിൽ 32.6% കെട്ടിടങ്ങൾക്ക് മാത്രമാണ് ലൈസൻസ് ഉള്ളത്. വാർഡടിസ്ഥാനത്തിലുള്ള ട്രൈഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭിക്കുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

### 1-18-3 നഗരസഭയുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

നഗരസഭയുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ ലീസിനെടുത്തിരിക്കുന്ന ലൈസൻസികൾ ഈ മുറികൾ വ്യാപാരങ്ങൾക്കോ പ്രവർത്തികൾക്കോ ഉപയോഗപ്പെടുത്തുന്നതിന് നഗരസഭാ ലൈസൻസ് എടുക്കേണ്ടതാണ്. 2022-23 വർഷം ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ വ്യാപാരമോ മറ്റു പ്രവൃത്തികളോ നടത്തുന്നതിന് ലൈസൻസുകൾ അനുവദിച്ചതിന്റെ വിവരങ്ങൾ നഗരസഭയിലെ വാടക രജിസ്റ്ററുകളുമായി ചേർത്തുള്ള പരിശോധിച്ചതിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന മുറികളിൽ പലതും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽഡിംഗ് | ആകെ മുറി | വാടകയ്ക്ക് കൊടുത്തത് | ഒഴിവ് | ലൈസൻസ് എടുത്തത് | ലൈസൻസ് ഇല്ലാത്തത് |
|---|---|---|---|---|---|---|
| 1 | കൗൺസിൽ ഹാൾ ബിൽഡിംഗ് | 6 | 6 | - | 3 | 3 |
| 2 | ഗോഡൗൺ കം കാന്റീൻ ഷോപ്പിംഗ് കോംപ്ലക്സ് | 10 | 10 | - | 6 | 4 |
| 3 | മുനിസിപ്പൽ കോമ്പൗണ്ട് ഷോപ്പിംഗ്കോംപ്ലക്സ് | 7 | 7 | - | 6 | 1 |
| 4 | യാത്രി നിവാസ് സുഭാഷ് മൈതാൻ ഷോപ്പിംഗ് കോംപ്ലക്സ് | 20 | 20 | - | 11 | 9 |
| 5 | യാത്രി നിവാസ് | 35 | 35 | - | 24 (1- സഹകരണ ബാങ്ക്) | 10 |
| 6 | പ്രൈവറ്റ് ബസ് സ്റ്റാന്റ് പഴയ ബ്ലോക്ക് | 51 | 50 | 1 | 29 (2- അർബൻ ബാങ്ക്) | 19 |
| 7 | പ്രൈവറ്റ് ബസ് സ്റ്റാന്റ് പുതിയ ബ്ലോക്ക് | 93 | 92 | 1 | 41 | 51 |
| 8 | മുനിസിപ്പൽ മാൾ | 57 | 56 | 1 | 25 (അസി. ലേബർഓഫീസ്) | 30 |
| 9 | വെജിറ്റബിൾ മാർക്കറ്റ് | 201 | 159 | 42 | 50 | 109 |
| 10 | പട്ടാൽ ഷോപ്പിംഗ് കോംപ്ലക്സ് | 21 | 20 | 1 | 9 (ഗവ. സ്ഥാപനങ്ങൾ 6) | 6 |

ലൈസൻസ് എടുക്കാത്ത വാടക മുറികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| I | കൗൺസിൽ ഹാൾ ബിൽഡിംഗ് | |
|---|---|---|
| ക്രമ നം. | റൂം നം. | ലൈസൻസി |

| | | |
|---|---|---|
| 1 | 4 | ജി. മണിക്കുട്ടൻ (സ്റ്റെയർ റൂം) |
| 2 | ഒന്നാം നില A | പി.എ.സലിം, പുത്തിരി |
| 3 | ഒന്നാം നില B | സഫിയ റസാഖ്, ചെറുവള്ളിക്കുടി |
| II | ഗോഡൗൺ കം കാന്റീൻ ഷോപ്പിംഗ് കോംപ്ലക്സ് | |
| 1 | 1 | എം.എസ്. സുനിൽ, മാളിയേക്കൽ |
| 2 | ഒന്നാം നില E Hall | ഇ.കെ.കെ. മുഹമ്മദ് |
| 3 | രണ്ടാം നില W Hall | അനിത എസ്. രാധാഭവൻ |
| 4 | രണ്ടാം നില E Hall | ഇ.കെ.കെ. മുഹമ്മദ് |
| III | മുനിസിപ്പൽ കോമ്പൗണ്ട് ഷോപ്പിംഗ് കോംപ്ലക്സ് | |
| 6 | 3 | കെ.ബി.നൗഷാദ്, കൊരണിയിൽ |
| IV | യാത്രിനിവാസ് സുഭാഷ് മൈതാൻ ഷോപ്പിംഗ് കോംപ്ലക്സ് | |
| 1 | A | ഷൈല & ബീന |
| 2 | C | സി.ഇ. ഇബ്രാഹീം |
| 3 | H | ആനി ജോസഫ് |
| 4 | I | കെ.എ.കാർത്തികേയൻ |
| 5 | ഒന്നാം നില 1 | കെ.ഒ.ജോൺ |
| 6 | ഒന്നാം നില 2&3 | പി.എം.ജോണി |
| 7 | 6 | എൽദോ പോൾ |
| 8 | 7 | സോജൻ ജോസഫ് |
| V | യാത്രി നിവാസ് | |
| 1 | 17 | കെ.എസ്.അജിത് |
| 2 | 18 | വി.എൻ. സുരേഷ് കുമാർ |
| 3 | 20 | കെ.കെ.മുജീബ് റഹ്മാൻ |
| 4 | 21 | കെ.കെ.മുജീബ് റഹ്മാൻ |
| 5 | 23 | എം.പി.നിസാർ |
| 6 | 26 | മുജീബ് കാരയ്ക്കൽ |
| 7 | 30 | പ്രിയേഷ്, സുധ |
| 8 | 32 | കൺവീണർ ടെക്നോ വേൾഡ് |
| 9 | 33 | പി.എം.ബഷീർ |
| 10 | 34 | മുഹമ്മദ് അസ്ലം |
| VI | പ്രൈവറ്റ് ബസ് സ്റ്റാന്റ് പഴയ ബ്ലോക്ക് | |
| 1 | 2 | എം.ജെ.ജോയ് |
| 2 | 17 | സി.കെ. സജി |
| 3 | 19 | കെ.ബി.കബീർ |
| 4 | 21 | കെ.എം.നാസർ |
| 5 | 22 | കെ.എ.നൗഷാദ് |
| 6 | 23 | മജീദ് പി.എസ്. |
| 7 | 26 | സി.എസ്സ്. അലിയാർ |
| 8 | 28 | കെ.എം.സുധീർ, അബ്ദുൾ റസാഖ് |
| 9 | 29 | മുഹമ്മദ് അസ്ലം |
| 10 | 30 | സാബു ജോൺസൺ |
| 11 | 31 | അബ്ദുൾ ജബ്ബാർ |
| 12 | 35 | യൂസഫ് എൻ.എച്ച് |
| 13 | 36 | നെസീഹ ഫാത്തിമ |
| 14 | 37 | വി.എം.സക്കീർ |
| 15 | 38 | എൽസി മാത്യു |
| 16 | 40 | പോൾ മാത്യു |
| 17 | 41 | സബിത നിസാർ |
| 18 | 43 | മഞ്ജു വിമേഷ് |
| 19 | 45 | കെ.എസ്.ഇന്ദു |

| | | |
|---|---|---|
| VII | പ്രൈവറ്റ് ബസ് സ്റ്റാന്റ് പുതിയ ബ്ലോക്ക് | |
| 1 | ബി-8 | സീന സക്കീർ |
| 2 | ബി-80 | പ്രവീണ ശിവരാജ് |
| 3 | ബി-80എ | സെക്രട്ടറി, പി.ബി. ഒ.എ |
| 4 | ബി-83 | എം.ആർ. ദിനേശ് |
| 5 | ബി-84 | പ്രിയ സനൽകുമാർ |
| 6 | ബി-85 | സി.ഒ.പീറ്റർ |
| 7 | ബി-87 | കെ.എസ്.സുബൈർ |
| 8 | ബി-90 | എ.പി.സോമൻ |
| 9 | ബി-91 | മൊയ്തീൻഷാ |
| 10 | ബി-93 | പ്രവീണ ശിവരാജ് |
| 11 | സി-16 | എം.എം.അബ്ദുൾ സലിം |
| 12 | സി-68 | കെ.എൻ.മോഹനൻ |
| 13 | സി-71 | ഇ.എം.ബഷീർ |
| 14 | സി-72 | ഇ.എം.ബഷീർ |
| 15 | സി-75 | എസ്.എ.അസീസ് |
| 16 | സി-76 | അബ്ദുൾ ഹക്കിം |
| 17 | സി-77 | പി.എ.കാസിം |
| 18 | സി-78 | മനോജ് എം.പി |
| 19 | സി-79 | സി.എ.റഫീഖ് |
| 20 | ഡി-23 | കെ.എസ്.റഹിം |
| 21 | ഡി-24 | മുഹമ്മദ് ഷാനിജ് |
| 22 | ഡി-26 | എം.ഒ.യൂനസ് |
| 23 | ഡി-27 | റഫീഖ് കെ.ഐ. |
| 24 | ഡി-28 | പി.എം.ജഫീർ |
| 25 | ഡി-29 | റ്റി.പി.ജോർജ്ജ് |
| 26 | ഡി-30 | എ.എ.മുഹമ്മദ് ഷെമീർ |
| 27 | ഡി-31 | റ്റി.മുരളീശങ്കർ |
| 28 | ഡി-58 | വൈ.എം.റഫീഖ് |
| 29 | ഡി-59 | റ്റി.എം.ഏലിയാസ് |
| 30 | ഡി-60 | റൂഫിയാൻ |
| 31 | ഡി-64 | മുഹമ്മദ് നാസർ |
| 32 | ഇ-33 | പി.എ.ഷിഹാബ് |
| 33 | ഇ-34 | ഐഷ മക്കാർ |
| 34 | ഇ-35 | പി.കെ.ഹസ്സൻ & ഹുസൈൻ |
| 35 | ഇ-36 | എ.വി.അബൂബക്കർ |
| 36 | ഇ-37 | പി.പി.മൊയ്തീൻ |
| 37 | ഇ-40 | വി.എം.സക്കീർ |
| 38 | ഇ-41 | മെർജാൻ അജ്മൽ |
| 39 | ഇ-42 | അജ്മൽ അസീസ് |
| 40 | ഇ-43 | സി.ഇ.മുസ്തഫ, ഇ.എ.മുഹമ്മദ് |
| 41 | ഇ-45 | വി.റ്റി.തങ്കച്ചൻ |
| 42 | ഇ-46 | വി.റ്റീ.തങ്കച്ചൻ |
| 43 | ഇ-47 | ബാബു.കെ.അബ്രാഹം |
| 44 | ഇ-49 | ബിനു.കെ.ഐ. |
| 45 | ഇ-50,51,52 | എൻ.എ.സലീം, നാനേത്താൻ |
| 46 | ഇ-53 | പി.ബി.കരുണാദാസ് |
| 47 | ഇ-56 | റ്റി.വി.യോഹന്നാൻ |
| 48 | ഇ-57 | എൻ.എ.ഹസ്സൻ |
| 49 | ഇ-58 | സ്ലോട്ടർ ഹോം |

| | | |
|---|---|---|
| VIII | മുനിസിപ്പൽ മാൾ | |
| 1 | ജി-1 | വി.കെ.അലിയാർ |
| 2 | ജി-11 | സി.എം.ജമാൽ |
| 3 | ജി-16 | കെ.പി.അലി |
| 4 | ജി-17 | എം.എം.ഉമ്മർ |
| 5 | ജി-20 | മുഹമ്മദ് ഷെമീർ |
| 6 | ജി-22 | ഷാജി.പി.എസ്. |
| 7 | ജി-31 | പി.എം.സിദ്ദിഖ് |
| 8 | ഒന്നാം നില എഫ്-1 | കെ.വി.എൽദോസ് |
| 9 | ഒന്നാം നില എഫ്-2 | വി.എ.ഷിഹാബ് -23-24 |
| 10 | ഒന്നാം നില എഫ്-3 | സക്കീർ വി.എം - 23-24 |
| 11 | ഒന്നാം നില എഫ്-5 | ലൈല ബഷീർ |
| 12 | ഒന്നാം നില എഫ്-6 | സജി.സി.വി - 23-34 |
| 13 | ഒന്നാം നില എഫ്-7 | അനിൽ കുമാർ |
| 14 | ഒന്നാം നില എഫ്-8 | റിജനാസ് റ്റി.ഹസ്സൻ |
| 15 | ഒന്നാം നില എഫ്-10 | മാഹിൻ കുട്ടി |
| 16 | ഒന്നാം നില എഫ്-11 | അബ്ദുൾ സലാം |
| 17 | ഒന്നാം നില എഫ്-12 | അബ്ദുൾ സലാം - 23-24 |
| 18 | ഒന്നാം നില എഫ്-13 | ആനി പീറ്റർ |
| 19 | ഒന്നാം നില എഫ്-14 | സി.ഒ.പീറ്റർ |
| 20 | ഒന്നാം നില എഫ്-15 | അൻസാർ എം.വി.- 23-24 |
| 21 | ഒന്നാം നില എഫ്-16 | അൻസാർ എം.വി.- 23-24 |
| 22 | ഒന്നാം നില എഫ്-17 | മാഹിൻകുട്ടി - W.e.f – 01.1.23 |
| 23 | ഒന്നാം നില എഫ്-19 | മാഹിൻകുട്ടി |
| 24 | ഒന്നാം നില എഫ്-20 | മാഹിൻകുട്ടി |
| 25 | ഒന്നാം നില എഫ്-21 | അൽത്താഫ് ബഷീർ -23-34 |
| 26 | ഒന്നാം നില എഫ്-22 | അശ്വിൻ പി.ബാബു |
| 27 | ഒന്നാം നില എഫ്-23 | സജി.സി.വി (W.e.f 01.12.2022) |
| 28 | ഒന്നാം നില എഫ് – 24, 25, 26 | അൻസാർ വി.പി. W.e.f 23-24 |
| IX | വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | |
| 1 | സി-1 | കെ.ഒ.ജോർജ്ജ്, കളരിക്കകം |
| 2 | സി-5 | നോബി ഇലവുംകുടി |
| 3 | സി-6 | ബാബു ഡി.പാങ്ങോല |
| 4 | സി-9 | എം.എ. ഷെമീർ, മൂത്തേടം |
| 5 | സി-11 | മുഹമ്മദ് റമീസ്, മൂത്തേടം |
| 6 | സി-16 | രാജേഷ് പി.കെ, പോത്തനാംകുഴിയിൽ |
| 7 | സി-20 | സാലിഹ് സലിം എട്ടുകാട്ടിൽ, ഇ.എ.നൗഫൽ എട്ടുകാട്ടിൽ |
| 8 | സി-21 | സാലിഹ് സലിം എട്ടുകാട്ടിൽ, ഇ.എ.നൗഫൽ എട്ടുകാട്ടിൽ |
| 9 | സി-22 | സാലിഹ് സലിം എട്ടുകാട്ടിൽ, ഇ.എ.നൗഫൽ എട്ടുകാട്ടിൽ |
| 10 | സി-39 | ബി.വി.കൊച്ചുമുഹമ്മദ് |
| 11 | സി-42 | പി.എസ്.സെയ്ഫുദ്ദീൻ, പുത്തുക്കാടൻ |
| 12 | സി-43 | പി.എസ്.സെയ്ഫുദ്ദീൻ, പുത്തുക്കാടൻ |
| 13 | സി-45 | പി.എസ്.സെയ്ഫുദ്ദീൻ |
| 14 | സി-46 | കെ.ഒ.റിജോ, കള്ളിക്കകം |
| 15 | സി-47 | പി.പി.ബേബി & പോളി പുതുശ്ശേരി |
| 16 | ഡി-4 | ബിജു പി.ഐ., പുതുശ്ശേരി |
| 17 | ഡി-5 | റ്റി. അനിൽ കുമാർ, മണ്ണൂർ |

| | | |
|---|---|---|
| 18 | ഡി-8 | ആശോകൻ, ഇടത്തൊട്ടിൽ |
| 19 | ഡി-9 | വർഗ്ഗീസ് പുല്ലവഴി |
| 20 | ഡി-10 | ഡോ. എം.എസ്.ബാബു ഐസക്, മഠത്തിൽ |
| 21 | ഡി-11 | നീരജ് ലാൽ കാരാട്ടുകുടി |
| 22 | ഡി-12 | നീരജ് ലാൽ കാരാട്ടുകുടി |
| 23 | ഡി-14 | കെ.ബൈജു മണ്ണി |
| 24 | ഡി-16 | ആഷ്ബിൻ മാത്യു, എടത്തല |
| 25 | ഡി-17 | അർച്ചന മനേഷ് |
| 26 | ഡി-18 | അർച്ചന മനേഷ് |
| 27 | ഡി-23 | കെ.വി.ഔസേഫ്, കൈരളി |
| 28 | ഡി-26 | അഡ്വ. ബേബി കുര്യാക്കോസ്, മാളക്കാട്ട് |
| 29 | ഡി-31 | മധുസൂദനൻ നായർ, മാവേലിൽ |
| 30 | ഡി-32 | മധുസൂദനൻ നായർ, മാവേലിൽ |
| 31 | ഡി-35 | മണിക്കുട്ടൻ ജി, മടമ്പിള്ളി |
| 32 | ഡി-36 | എസ്. ശരത്, ചെല്ലിശ്ശേരി |
| 33 | ഡി-38 | അബ്ദുൾ ലത്തീഫ്, കളപ്പുരയ്ക്കൽ |
| 34 | ഡി-39 | പി.എം.ഷക്കീർ പറയൻകുഴി |
| 35 | ഡി-40 | കെ.എ.ഹബ്ബാസ്, കുന്നത്താൻ |
| 36 | ഡി-41 | എൻ.എ. ഫുക്രുദീൻ, നാനേത്താൻ |
| 37 | ഡി-42 | വി.വി.സുബ്രഹ്മണ്യൻ, വാഴപ്പിള്ളി |
| 38 | ഡി-43 | വി.വി.സുബ്രഹ്മണ്യൻ, വാഴപ്പിള്ളി |
| 39 | ഡി-49 | വീണ വേണുഗോപാൽ, മൂലേക്കുഴി |
| 40 | ഡി-50 | റ്റി.സി.ജോസ്, തടികുളങ്ങര |
| 41 | ഡി-52 | ഗീവർഗീസ് ടോമി, ആയത്തുകുടി |
| 42 | ഡി-54 | സിറാജ് മോൻ, പുലാവത്ത് |
| 43 | ഡി-55 | ഷിബു. എ.എം. അറയ്ക്കൽ |
| 44 | ഡി-56 | ഡെറിൻ മാത്യു, എടത്തല |
| 45 | ഡി-59 | ഷിജി തമ്പി, മുക്കണഞ്ചേരി |
| 46 | ഡി-60 | സെക്രട്ടറി, മൾട്ടിപർപ്പസ് കോ ഓപ്പറേറ്റിവ് സോസൈറ്റി |
| 47 | ഡി-61 | പി.കെ.സോമൻ, |
| 48 | ഡി-62 | അജ്ഞലി സുരേന്ദ്രൻ, ജോബി ജോൺ |
| 49 | ഡി-63 | കെ.റൗഫ്, കാർജ കോട്ടേജ് |
| 50 | ഡി-65 | ഷിബു സേവ്യർ വെള്ളാട്ടുകുടി |
| 51 | ഡി-66 | ജെയിംസ് വർഗ്ഗീസ്, തോമ്പ്ര |
| 52 | ഡി-67 | അമൽ രാജ് പി.എ., പുതിയേടത്ത് |
| 53 | ഡി-68 | കെ.റൗഫ്, കാർജ കോട്ടേജ് |
| 54 | ഡി-69 | അൻവർ റ്റി.എം. |
| 55 | ഡി-70 | എം.ഡി. മെട്രോ ബാങ്കേഴ്സ് |
| 56 | ഡി-71 | എം.ഡി. മെട്രോ ബാങ്കേഴ്സ് |
| 57 | ഡി-72 | വേണു ഭായ് വി.സി., മങ്ങാട്ടുമാലിൽ |
| 58 | ഡി-73 | സുനിൽ എം.ആർ, മങ്ങാട്ടുമാലിൽ |
| 59 | ഡി-75 | ഹേമ ഉദയകുമാർ, വാരിയേലിൽ |
| 60 | ഇ-1 | മുഹമ്മദ് അസ്ലം, മുല്ലപ്പിള്ളി |
| 61 | ഇ-2 | ഐ.എൽ.എം. ട്രസ്റ്റ്, മേതല |
| 62 | ഇ-3 | ക്രഷർ ഓണേഴ്സ് കൺസോർഷ്യം |
| 63 | ഇ-4 | ശാസ്ത്ര പഠന കേന്ദ്രം |
| 64 | ഇ-4A | നെഹ്റു ശാസ്ത്ര പഠനകേന്ദ്രം |
| 65 | ഇ-6 | തോമസ് ജോൺ, ആരംപുളിക്കൽ |
| 66 | ഇ-7 | ജോർജ്ജ് കുര്യാക്കോസ്, പാണ്ടിക്കുടി |

| | | |
|---|---|---|
| 67 | എഫ്.വി-4 | സെക്രട്ടറി, മെർക്കന്റയിൻ സോസൈറ്റി |
| 68 | എഫ്.വി-5 | സെക്രട്ടറി, മെർക്കന്റയിൻ സോസൈറ്റി |
| 69 | എഫ്.വി-6 | സി.പി.റെജി, ചേനോത്ത് |
| 70 | എഫ്.വി-10 | അനിൽകുമാർ റ്റി. മണ്ണൂർ |
| 71 | എഫ്.വി-12 | പി.സി.ബാബു, പാത്തിക്കൽ |
| 72 | എഫ്.വി-13 | രാജകുമാരി ശിവൻ |
| 73 | എഫ്.വി-14 | റോജി എം. അബ്രാഹം |
| 74 | എഫ്.വി-15 | റോജി എം അബ്രാഹം |
| 75 | എഫ്.വി-16 | ശോഭന ബാബു, പാത്തിക്കൽ |
| 76 | എഫ്.വി-17 | കെ.പി.ഷംസാദ് |
| 77 | എഫ്.വി-18 | സനിൽ കുമാർ.ബി |
| 78 | എഫ്.വി-19 | കെ.പി.ഷംസാദ് |
| 79 | എഫ്.വി-20 | കെ.പി.ഷാജു കളരിക്കൽ |
| 80 | എഫ്.വി-23 | സി.എ.വിനോദ്കുമാർ, ചാമക്കാല |
| 81 | എഫ്.വി-24 | ഷാജി.വി.എസ്, വട്ടപ്പാറ |
| 82 | എഫ്.വി-25 | വി.എം.പൊന്നപ്പൻ, വേലമ്മാവുക്കുടി |
| 83 | എഫ്.വി-26 | സഹീർ പി.ബി, പുന്നക്കാടൻ |
| 84 | എഫ്.വി-28 | പി. വിജയനാഥ്, കൊറ്റനാൽ |
| 85 | എഫ്.വി-29,30 | സുനിൽ എം.ആർ, മുണ്ടാട്ട്മാലി |
| 86 | വി-1 | ഫവാസ് കെ.എം, കീളത്ത് |
| 87 | വി-2 | നിയാസ്.എം.കെ, മുണ്ടക്കൽ |
| 88 | വി-3 | ഫവാസ്,കെ.എം, കീളത്ത് |
| 89 | വി-4 | ഫവാസ്,കെ.എം, കീളത്ത് |
| 90 | വി-5 | കരീം.കെ.കെ |
| 91 | വി-6 | പി.കെ.സെയ്തുമുഹമ്മദ് |
| 92 | വി-7 | എം.എ. നിഷാദ് മറ്റപ്പിള്ളി |
| 93 | വി-8 | അലിയാർ കെ.എം, കാരോത്തുകുടി |
| 94 | വി-9 | കെ.എം.സുധീർ, കാരോത്തുകുടി |
| 95 | വി-10 | കെ.എം.സുധീർ, കാരോത്തുകുടി |
| 96 | വി-11 | നിഷാദ്.എം.എ, മറ്റപ്പിള്ളി |
| 97 | വി-12 | നിഷാദ്.എം.എ, മറ്റപ്പിള്ളി |
| 98 | വി-16 | നിഷാദ്.എം.എ, മറ്റപ്പിള്ളി |
| 99 | വി-17 | കെ.എസ്.സി.സി.എഫ്. ലിമിറ്റഡ് |
| 100 | വി-18 | എം.എ.ബഷീർ, മൂത്തേടം |
| 101 | വി-30 | കെ.ആർ.ജോർജ്ജ്, കിണാഞ്ചേരി |
| 102 | വി-31 | അഷ്കർ കെ.കെ., കണേലി |
| 103 | വി-34 | അഷ്കർ കെ.കെ., കണേലി |
| X | പട്ടാൽ ഷോപ്പിംഗ് കോംപ്ലക്സ് | |
| 1 | 1 | ഡെന്നീസ് പോൾ, നടുവത്ത് |
| 2 | 3 | ഭാസ്കരകുറുപ്പ്, മേലേത്ത് |
| 3 | 4 | പി.പി.വിജയൻ, പീലിപ്പറമ്പിൽ |
| 4 | 7 | വത്സമ്മ തോമസ്, ഐശ്വര്യ |
| 5 | 8 | എം.പി.വേലായുധൻ, മുല്ലപ്പിള്ളിത്തടം |
| 6 | 12 | സി.എം.പൗലോസ്, ചിറയ്ക്കൽ |

ഇക്കാര്യത്തിൽ നൽകിയ 36/02.12.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നഗരസഭ മേൽ വിവരങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-18-4 കുറഞ്ഞ വസ്തു നികുതിയുള്ള കെട്ടിടങ്ങളിൽ വാണിജ്യ വ്യവസായ പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് അനുവദിച്ചു**

കുറഞ്ഞ നിരക്കിൽ അടിസ്ഥാന വസ്തു നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പാർപ്പിടാവശ്യം (വസ്തു നികുതി നിരക്ക് 9 രൂപ/m2) വിദ്യാഭ്യാസാവശ്യം (വസ്തു നികുതി നിരക്ക് 8 രൂപ /M2) തുടങ്ങിയ ഉപയോഗ രീതിയിലുള്ള കെട്ടിടങ്ങളിൽ വാണിജ്യ വ്യവസായ പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അതായത് കെട്ടിടത്തിന്റെ ഉപയോഗ രീതിയും തറ വിസ്തീർണ്ണവും അടിസ്ഥാനമാക്കി 50/-, 55/- , 80/- , 90/- രൂപാ നിരക്കുകളിൽ വസ്തു നികുതി നിർണ്ണയിക്കപ്പെടേണ്ട ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗ രീതി കൃത്യമായി പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | കെട്ടിട നം | ഉപയോഗ രീതി (സഞ്ചയ പ്രകാരം) | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (M2) (സഞ്ചയ പ്രകാരം) | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 2/23 | പാർപ്പിടാവശ്യം | 113 | ബിസ്മി പോളിമേഴ്സ് | വിനു വി.എ. വടക്കേക്കുടി വീട്, കാഞ്ഞിരക്കാട് |
| 2 | 3/8 | പാർപ്പിടാവശ്യം | 68 | ഡയമണ്ട് ഹോളോ ബ്രിക്സ് | സി.എം.സുലൈമാൻ, ചിറപ്പുലി വീട്, കാഞ്ഞിരക്കാട് |
| 3 | 3/188 | വിദ്യാഭ്യാസാവശ്യം (മദ്രസ) | 16.8 | പലചരക്ക് കട | കുഞ്ഞുമുഹമ്മദ് സി.കെ. ചെറുവള്ളിക്കുടി, കാഞ്ഞിരക്കാട് |
| 4 | 3/194A | പാർപ്പിടാവശ്യം | 28 | മാർവെൽ, അപ്ഹോൾസ്റ്ററി വർക്സ് | ബൈജു പി.ഡി, പള്ളിക്ക വീട്, പള്ളിപ്പടി |
| 5 | 3/330 | പാർപ്പിടാവശ്യം | 150 | സിന്ധു വുഡ് ക്രാഫ്റ്റ്, ഫർണീച്ചർ നിർമ്മാണം | രവിശങ്കർ ബി, പന്തപ്പിള്ളിൽ വീട്, കാഞ്ഞിരക്കാട് |
| 6 | 4/63 | പാർപ്പിടാവശ്യം | 53 | കുൾബാർ ടീ ഷോപ്പ് | ബീമ എം.ബി, പാറപ്പുറം വീട്, കാഞ്ഞിരക്കാട് |
| 7 | 5/39A | പാർപ്പിടാവശ്യം | 150 | കുമാർ ബേക്കറി (ബോർമ്മ) | ശ്രീകുമാർ പി, ലക്ഷ്മിപുരം വീട്, ബ്രോഡ് വേ |
| 8 | 5/241 | പാർപ്പിടാവശ്യം | 150 | സെന്റ് ആന്റണീസ് ഇൻഡസ്ട്രീസ് | ക്രിസ്റ്റി, കടവത്ത് പറമ്പിൽ, കാഞ്ഞിരക്കാട് |

| | | | | | |
|---|---|---|---|---|---|
| 9 | 8/298 | പാർപ്പിടാവശ്യം | 50 | ഇൻഡസ് വാലി ഫെർട്ടിലൈസർ പ്രൈ. ലിമി. | മുഹമ്മദ് വി.വി, വെളിയത്തുകുടി വീട്, പെരുമ്പാവൂർ |
| 10 | 8/487 | പാർപ്പിടാവശ്യം | 174.76 | കൊച്ചിൻ ക്വയർ ഫോം | ബിജു പോൾ, കണിയാം കുടിയിൽ വീട്, ബി.ഒ.സി. റോഡ് |
| 11 | 8/648 | പാർപ്പിടാവശ്യം | 215 | റൈറ്റ് ബ്രദേഴ്സ്, ഇലക്ട്രിക്, പ്ലംബിംഗ്, സാനിറ്ററി ഐറ്റംസ് | റ്റി.വൈ. കുര്യാക്കോസ്, തടിക്കുളങ്ങര വീട്, പെരുമ്പാവൂർ |
| 12 | 8/693 | പാർപ്പിടാവശ്യം | 98 | കമ്പാനിയൻ പെറ്റ് ഹെൽത്ത് സെന്റർ | ഡോ. ഗൗതം എസ്. പോൾ, തടയാളിൽ വീട് രായമംഗലം |
| 13 | 10/87 | പാർപ്പിടാവശ്യം | 49.68 | പറമ്പത്ത് സ്റ്റോഴ്സ് /ആശാന്റെ കട | സരോജിനിയമ്മ റ്റി.പി, പറമ്പത്ത് വീട്,കാരാട്ടുപള്ളിക്കര |
| 14 | 11/313B | പാർപ്പിടാവശ്യം | 20 | വെൽഡിംഗ് വർക് ഷോപ്പ് | രുഗ്മിണി പെരുമ്പിള്ളി വീട്, പെരുമ്പാവൂർ |
| 15 | 17/310 | പാർപ്പിടാവശ്യം | 31.81 | ഷോണൻ വെജിറ്റബിൾസ് & ചിക്കൻ സെന്റർ | ഷോണൻ എ.കെ, ആശാരു കുടി വീട്, പെരുമ്പാവൂർ |
| 16 | 18/57 | പാർപ്പിടാവശ്യം | 62 | ഗ്രീൻ കേരള, പച്ചക്കറി, പല ചരക്ക് വ്യാപാരം | സുരേഷ് വി, ജയവിലാസ്, കാലടി |
| 17 | 18/180 | പാർപ്പിടാവശ്യം | 27 | ഐശ്വര്യ ഹോട്ടൽ | ശിവശങ്കരൻ നായർ, പാറയ്ക്കൽ വീട്, പട്ടാൽ |
| 18 | 19/105 | പാർപ്പിടാവശ്യം | 48 | എലൈറ്റ് ഓട്ടോ വർക്സ് | കെ.റ്റി. സോമൻ, കളമ്പാട്ടുകുടി വീട്, കുവപ്പടി |
| 19 | 19/106 | പാർപ്പിടാവശ്യം | 40 | എലൈറ്റ് ഓട്ടോ വർക്സ് | കെ.റ്റി.സോമൻ, കളമ്പാട്ടുകുടി വീട്, കുവപ്പടി |
| 20 | 19/107 | പാർപ്പിടാവശ്യം | 152.79 | എലൈറ്റ് ഓട്ടോ വർക്സ് | കെ.റ്റി.സോമൻ, കളമ്പാട്ടുകുടി വീട്, കുവപ്പടി |
| 21 | 19/115 | പാർപ്പിടാവശ്യം | 68 | കുര്യൻസ് ബെയറിംഗ് | മിജി ബിജോയ്, കാളാമറമ്പിൽ വീട്, പെരുമ്പാവൂർ |
| 22 | 19/502A | പാർപ്പിടാവശ്യം | 29.9 | അൽബാരിക് | ബഷീർ വി.എ, പെരുമ്പാവൂർ |
| 23 | 20/207 | പാർപ്പിടാവശ്യം | 26 | നോമ്പിൾ ബ്രദേഴ്സ്, എഞ്ചിനീ യറിംഗ് വർക്സ് | നോബി പി.എം, പാർവേലിക്കുടി വീട്, പെരുമ്പാവൂർ |
| 24 | 20/576 | പാർപ്പിടാവശ്യം | 28 | ഹോട്ടൽ വളവിൽ | പി.പി. പൗലോസ്, പാറപ്പുറം വീട്, ഐമുറി |
| 25 | 20/770 | പാർപ്പിടാവശ്യം (Application Not Found) | 40 | കൊന്നംകുടി പെയിന്റ്സ് | ഷഫീക്ക് കെ.എച്ച്, കൊന്നംകുടി വീട്, പെരുമ്പാവൂർ |
| 26 | 20/795 | പാർപ്പിടാവശ്യം (Application Not Found) | 28 | ജോയ്സ് കൂൾബാർ | എ.സി. ജോർജ്ജ്, ഇലവുംകുടി വീട്, പെരുമ്പാവൂർ |
| 27 | 20/801 | പാർപ്പിടാവശ്യം | 26 | സിറ്റി ഹാർഡ് വെയേഴ്സ് | സുഹറ അജിത്, പുതുക്കാടൻ, വട്ടക്കാട്ടുപടി |

| | | | | | |
|---|---|---|---|---|---|
| 28 | 20/804 | പാർപ്പിടാവശ്യം | 28 | ആലിയ എന്റർപ്രൈസസ് | യൂസഫ് കെ.പി, കടിലിങ്കൽ വീട്, കാഞ്ഞിരക്കാട് |
| 29 | 20/927 | പാർപ്പിടാവശ്യം | 40 | ഭാരതീയം ഉച്ചയൂണ് | രാമചന്ദ്രൻ കെ, പൂർണ്ണിമ വീട്, കെ.എസ്. ആർ. ടി. സി. റോഡ്, പെരുമ്പാവൂർ |
| 30 | 20/928 | പാർപ്പിടാവശ്യം | 40 | സുരഭി സലൂൺ | സുരേഷ് പി.വി, പൊട്ടയ്ക്കൽ വീട്, ഐമുറി |
| 31 | 20/962 | പാർപ്പിടാവശ്യം | 45.51 | കെ.കെ.ഹമീദ് & കമ്പനി | കെ.കെ. ഹമീദ്, കാനാപുറം വീട്, മലമുറി |
| 32 | 20/894A | അസംബ്ലി കെട്ടിടം | 234 | പിട്ടാപ്പള്ളിൽ | പീറ്റർ പോൾ, പിട്ടാപ്പള്ളിൽ |
| 33 | 20/894D | അസംബ്ലി കെട്ടിടം | 123.73 | പിട്ടാപ്പള്ളിൽ | പീറ്റർ പോൾ, പിട്ടാപ്പള്ളിൽ |
| 34 | 20/894e | അസംബ്ലി കെട്ടിടം | 137.61 | പിട്ടാപ്പള്ളിൽ | പീറ്റർ പോൾ, പിട്ടാപ്പള്ളിൽ |
| 35 | 20/996 | പാർപ്പിടാവശ്യം | 130 | ഇന്ത്യൻ ഓപ്ടിക്കൽസ് | ജോസ് എൻ. ലൂയിസ്, നെറ്റിക്കാടൻ വീട്, പെരുമ്പാവൂർ |
| 36 | 20/1120 | പാർപ്പിടാവശ്യം | 193.36 | അഞ്ജന ഡീസൽസ് | ജെയ്സൺ ജോർജ്ജ് ഇടക്കളത്തൂർ വീട്, അല്ലപ്ര |
| 37 | 21/500 | പാർപ്പിടാവശ്യം | 53.14 | പുത്തുക്കാടൻ ഹോട്ടൽ | അജി പി.എം, പുത്തുക്കാടൻ വീട്, പെരുമ്പാവൂർ |
| 38 | 21/738B | പാർപ്പിടാവശ്യം | 99.42 | അൽ ഖലീജ് ഹോട്ടൽ & റസ്റ്റോറന്റ് | സുധീർ എൻ.എം, നടക്കപ്പറമ്പിൽ വീട്, അല്ലപ്ര |
| 39 | 21/940 | പാർപ്പിടാവശ്യം | 20 | വിവിദ് ഡയഗ്നോസിസ് | ഡോ. ഷജീം ഷാഫുദ്ദീൻ, പുത്തൻ വീട്, പെരുമ്പാവൂർ |
| 40 | 21/2251 | കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 311 | ഓക്സി ബ്യൂട്ടിപാർലർ | ജംഷീർ & റൂഫ്, പുളിക്കക്കുടി, നിലമ്പൂർ |
| 41 | 21/2279 | ലോഡ്ജ് | 24.79 | കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷൻ | എൽദോസ് തോമസ്, വെയർ ഹൗസ് മാനേജർ, കുന്നേൽ വീട് |
| 42 | 21/2280 | ലോഡ്ജ് | 24.79 | | |
| 43 | 21/2281 | ലോഡ്ജ് | 24.79 | | |
| 44 | 21/2282 | ലോഡ്ജ് | 24.79 | | |
| 45 | 21/2290 | ലോഡ്ജ് | 24.8 | | |
| 46 | 21/2291 | ലോഡ്ജ് | 24.8 | | |
| 47 | 21/2292 | ലോഡ്ജ് | 24.8 | | |
| 48 | 21/2293 | ലോഡ്ജ് | 24.8 | | |
| 49 | 21/2294 | ലോഡ്ജ് | 24.8 | | |
| 50 | 23/117A2 | പാർപ്പിടാവശ്യം | 218.21 | വിനോദ് സ്റ്റീൽ ഹൗസ് | ശ്യാം സുന്ദർ, കമല കോട്ടേജ്, കട്ടവാൾ |
| 51 | 23/307 | പാർപ്പിടാവശ്യം | 120 | റായ്ക്ക ബോട്ടിക് | ഓമന സുകുമാരൻ നായർ & ഉഷ രാജൻ, കട്ടവാൾ |
| 52 | 23/359 | പാർപ്പിടാവശ്യം | 32.3 | വിജയ കഫേ | അംബിക വിജയനാഥൻ |
| 53 | 24/163 | പാർപ്പിടാവശ്യം | 48.24 | റൈസ് മിൽ | അബ്ദുൾ കരീം, നാനേത്താൻ വീട് |
| 54 | 25/175 | പാർപ്പിടാവശ്യം | 60 | സൂര്യ സ്റ്റോഴ്സ് | റ്റി.എം. ദിവാകരൻ |

കൂടാതെ ചുവടെ നൽകിയിരിക്കുന്ന സ്ഥാപനങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ

സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്തതിനാൽ ഈ കെട്ടിടങ്ങളുടെ ഉപയോഗ രീതിയുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചില്ല. ഈ സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ അടവാക്കിയതിന്റെ വിവരങ്ങളും കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ വിവരങ്ങൾ |
|---|---|---|---|
| 1 | 12/91K1 | മൂലേക്കുടി സ്റ്റോഴ്സ് | ബേബി എം.കെ, മൂലേക്കുടി വീട്, ഇരിങ്ങോൾ |
| 2 | 13/532 | സർവ്വീസ് സ്റ്റേഷൻ | സുധാദേവി, കൈപ്പുഴ പുത്തൻ വീട്, ഇരിങ്ങോൾ |
| 3 | 16/115C1 | മണി സ്റ്റോഴ്സ് | ഗിരീഷ് പി.എം., പുതിയേടത്ത് ഇരിങ്ങോൾ |
| 4 | 20/115L | സ്റ്റൈനെറ്റ് കമ്പ്യൂട്ടേഴ്സ് | എൽദോ പോൾ, പടയാട്ടിൽ വീട്, കുറുപ്പംപടി |
| 5 | 20/820 | എ.എസ്.പി. ടെക്നോളജീസ് | അലിയാർ എ.എസ്, എടുക്കാട്ടിൽ വീട്, എടത്തല |
| 6 | 20/930 | മേരിമാതാ ഹോം നഴ്സിംഗ് | പീറ്റർ കെ.എസ്, കളപ്പറമ്പിൽ വീട്, പെരുമ്പാവൂർ |
| 7 | 20/1400B3 | അലയൻസ് സൊല്യൂഷൻ | ദേവിക കുഞ്ചി, മാളിയേക്കൽ വീട് |
| 8 | 21/189A2 | എമറാൾഡ് പ്ലൈ & ബോർഡ്സ് | ഹുസൈൻ പി.എസ്, പൊതിയിലാൻ വീട്, അല്ലപ്ര |
| 9 | 20/1378 | ചൈതന്യ മിൽ സ്റ്റോർ, എഞ്ചിനിയേഴ്സ് ഗോൾഡ് | പ്രേംകുമാർ എൻ., തോമ്പ്രാക്കുടി വീട്, പെരുമ്പാവൂർ |
| 10 | 21/2459 | മഞ്ജു സിൽക്ക്സ് | രാജൻ റ്റി.റ്റി, തോമ്പ്ര വീട്, പുല്ലുവഴി |
| 11 | 22/443 | എൻചാന്റെഡ് ഫോറസ്റ്റ് | ആസിഫ് ഹുസൈൻ, ബിസ്മി നിവാസ്, പേഴയ്ക്കാപ്പള്ളി |
| 12 | 25/154A | സ്റ്റൈൽ ഫാബ്രിക്കേഷൻസ് | സഹീർ പി.ബി, പുത്തുക്കാടൻ വീട്, പാറപ്പുറം |
| 13 | 25/170 | പാറപ്പുറം ഓട്ടോമൊബൈൽസ് | മാർട്ടിൻ കെ.ജെ, കൊടക്കൽ വീട്, കോടനാട് |

ഈ വിഷയത്തിൽ നൽകിയ 36/02.12.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പാർപ്പിടാവശ്യത്തിന് വസ്തു നികുതി ഈടാക്കി വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകുന്നത് നഗരസഭയുടെ വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. മേൽ വിവരങ്ങൾ പരിശോധിക്കേണ്ടതും ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തിയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-19 വിനോദ നികുതി - രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.08.2019 ലെ 112/2019 ഉത്തരവിലൂടെ 1.09.2019 പ്രാബല്യത്തിൽ വിനോദ നികുതി നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവും നിരക്കുകളിൽ വിനോദ നികുതി ഈടാക്കാവുന്നതാണ്.നഗരസഭയിലെ വിനോദ നികുതി പിരിവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ഇ വി എം സിനിമാസ്

ഇ വി എം സിനിമാസ് നഗരസഭയിൽ സമർപ്പിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ടിക്കറ്റ് നിരക്ക് 155 രൂപയും (എക്സിക്യൂട്ടീവ് ക്ലാസ്) 130 രൂപയുമാണ് (ഡീലക്സ് ക്ലാസ്സ്) . ഇവയുടെ അഡ്മിഷൻ നിരക്ക് യഥാക്രമം 116.46 രൂപയും, 100.16 രൂപയുമാണ്. അഡ്മിഷൻ നിരക്ക് നൂറു രൂപയിൽ കൂടുതലായതിനാൽ ഈ രണ്ടു ടിക്കറ്റിനും 8.5% നിരക്കിൽ നികുതി ഈടാക്കേണ്ടതാണെങ്കിലും 8.5% , 5% എന്നീ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ടിക്കറ്റുകൾ പരിശോധനയ്ക്കു ലഭിക്കാത്തതിനാൽ ഈയിനത്തിൽ പിരിച്ച തുക

എത്രയെന്നും ആയതു മുഴുവനായും നഗരസഭയിൽ അടവാക്കിയിട്ടുണ്ടോയെന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ആശിർവ്വാദ് സിനിപ്ലക്സ്

നഗരസഭയിൽ സമർപ്പിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ടിക്കറ്റ് നിരക്ക് 155 രൂപയും (പ്ലാറ്റിനം) 129 (ഗോൾഡ്) രൂപയുമാണ്. ഇവയുടെ അഡ് മിഷൻ നിരക്ക് യഥാക്രമം 116.46 രൂപയും, 99.35 രൂപയുമാണ്. സ്റ്റേറ്റ്മെന്റിൽ അഡ്മിഷൻ നിരക്കും വിനോദ നികുതിയും മാത്രമേ ഉൾപ്പെടുന്നുള്ളൂ. ടിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിനോദ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തന്നെയാണോ നഗരസഭയിൽ അടവാക്കിയതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല .

ഈ വിഷയവുമായി ബന്ധപ്പെട്ട് 11.12.2023 ൽ നൽകിയ 46 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ 19.12.2023 ൽ സമർപ്പിച്ച മറുപടിയിൽ തിയേറ്ററുകൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും അപാകത പരിഹരിച്ച് അറിയിക്കുന്നതാണെന്നും ഉറപ്പു നൽകിയിട്ടുണ്ട്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

**1-20 വാർഷിക വസ്തു നികുതി തുക ഈടാക്കിയതിൽ കുറവ്**

കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 ലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗമായിട്ടുള്ള റോഡിന്റെ വീതി അഞ്ചു മീറ്ററോ അതിൽ കൂടുതലോ ആണെങ്കിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് കണക്കാക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന് 22.03.2023 ൽ റവന്യൂ ഓഫീസർ വസ്തു നികുതി നിർണ്ണയ പ്രകാരം കെട്ടിട നമ്പർ നല്കിയിട്ടുള്ളത് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് കണക്കാക്കാതെയാണ്. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ വസ്തുനികുതി റിട്ടേണിനോടൊപ്പം (ഫോറം-2) ഹാജരാക്കിയിരിക്കുന്ന കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം രേഖപ്പെടുത്തിയിരിക്കുന്ന റോഡിന്റെ വീതി 8.5 മീറ്ററാണ്. വിശദ വിവരങ്ങൾ ഭാഗം.2 ഖണ്ഡിക 2.4 -ൽ വിശദമാക്കിയിട്ടുണ്ട്.

**1-21 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

2005 -ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 3(10) പ്രകാരം കരാറുകാരിൽ നിന്നും അർദ്ധ വാർഷിക തൊഴിൽനികുതി 1250/-രൂപ ഈടാക്കേണ്ടതാണ്.എന്നാൽ 2022-23 സാമ്പത്തിക വർഷം നഗരസഭയുടെ വിവിധ പ്രോജക്ടുകൾ കരാറടിസ്ഥാനത്തിൽ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കരാറുകാരുടെ പേരുകൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | പേര്/മേൽവിലാസം |
|---|---|
| 1 | അബു എം.എം. |
| 2 | എൽദോ വർഗ്ഗീസ് |
| 3 | ബൈജു സി. നായർ |
| 4 | കെ.ബി. ബാല സുബ്രഹ്മണ്യൻ |
| 5 | ബിജിഷ് സി.ജി. |
| 6 | ഷെല്ലി കെ.കെ. |
| 7 | വി.പി.വിജയൻ |
| 8 | എം.കെ.അബ്ദുൾ റഹിം |

| | |
|---|---|
| 9 | പോൾ വർഗ്ഗീസ് |
| 10 | ബേസിൽ പി. വർഗ്ഗീസ് |
| 11 | കൃഷ്ണജിത്ത് ആർ. |
| 12 | അൻസാർ മുണ്ടാട്ട് |
| 13 | ഒ.വി.മോഹൻ |
| 14 | ഒ.കെ.മോഹനൻ |
| 15 | അബ്ദുൾ മജീദ് കെ.പി. |
| 16 | അഭിജിത്ത് റ്റി.എസ്. |
| 17 | പരീത് കുഞ്ഞ് കെ.ബി |
| 18 | നിയാസ് സി.കെ, സി.എ.കെ.സൗണ്ട്സ് |
| 19 | കെ.ബി.ടെക് എഞ്ചിനീയേഴ്സ് |
| 20 | കെ.റ്റി.പൗലോസ് |
| 21 | റിനിൽ ജെയിംസ് ജോർജ്ജ് |
| 22 | റ്റി.എ.എം. ബഷീർ |
| 23 | ബിനോയ് പി.റ്റി. |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഈടാക്കിയിട്ടില്ലെങ്കിൽ തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-22 അനുബന്ധ രേഖകൾ ഹാജരാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു**

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 , അദ്ധ്യായം II ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് F (വാണിജ്യാവശ്യം), A2 (സ്പെഷ്യൽ റെസിഡൻഷ്യൽ) ഒക്യൂപൻസിയിൽപ്പെട്ട നിർമ്മിതി വിസ്തൃതി 1000 ച.മീറ്ററിൽ കൂടുതലാണെങ്കിൽ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിട നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടറുടേയോ അല്ലെങ്കിൽ ഇക്കാര്യത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥന്റെയോ സമ്മതപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന 1000 ച.മീറ്ററിൽ കൂടുതൽ നിർമ്മിതി വിസ്തൃതിയുള്ള വാണിജ്യാവശ്യം, സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത് അപേക്ഷകൻ അപ്പന്റിക്സ് A1 ഫോറത്തോടൊപ്പം പ്രസ്തുത സമ്മതപത്രം ഹാജരാക്കാതെയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് പെർമിറ്റ് നം. / തീയതി | ആകെ നിർമ്മിത വിസ്തൃതി, കെട്ടിടത്തിന്റെ ഉപയോഗ ക്രമം | പേര്, മേൽവിലാസം |
|---|---|---|---|
| 1 | BA-48/2022-23 (PW2-10945/22), 20.01.2023 | 1771.82 ച.മീറ്റർ, വാണിജ്യം (Existing Building-921.82m2 Proposed Building - 850 M2) | ശ്രീ. ലൗസി വി.പി, വെള്ളാപ്പിള്ളി, കാഞ്ഞിരക്കാട്, റയോൺപുരം പി.ഒ, പെരുമ്പാവൂർ. |
| 2 | BA-183/2017-18 (PW2-15660/17), 31.12.2022 | 1581.99 ച.മീറ്റർ, സ്പെഷ്യൽ റെസിഡൻഷ്യൽ | അസ്വഹാബ എജ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് വേണ്ടി ശ്രീ. ഷമീർ & Ors, മുഴിക്കത്തോട്ടത്തിൽ, |

| | | | ശ്രീഭൂതപുരം, എറണാകുളം -683580 |
|---|---|---|---|

അനുബന്ധ രേഖകൾ ഹാജരാക്കാതെ പ്രസ്തുത കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 02.12.2023 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 40 -ന് ക്രമ നം. 1 -ന് രണ്ട് വ്യത്യസ്ത കെട്ടിടങ്ങളായിട്ടാണ് നിർമ്മിക്കുന്നതെന്നും ക്രമ നം.2- ന് 1999 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ് പെർമിറ്റ് അനുവദിച്ചതെന്നുമുള്ള മറുപടി തൃപ്തികരമല്ല. ക്രമ നം.1 -ൽ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള ഒരേ സ്ഥലത്ത് നിലവിലുള്ള കെട്ടിടത്തിനോട് സമീപത്തായി പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനാലും ക്രമ നം.2 -ൽ കെട്ടിട ഉടമ രണ്ട് പ്രാവശ്യങ്ങളിലായി ബിൽഡിംഗ് പെർമിറ്റിന് അപേക്ഷിക്കുകയും (PW2-15660/17 (BA-183/2017-18), PW2-9727/19 (BA-53/19-20)) പ്രസ്തുത രണ്ട് അപേക്ഷകളും നിരസിക്കപ്പെട്ടിട്ടുള്ളതും ഇതിൽ രണ്ടാമതായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 22.06.2019 -ലുമാണ്. പ്രസ്തുത അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതിനാവാശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-23 അധിക ഫീസ് സർക്കാരിലേക്ക് അടവാക്കാതെ സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു**

ശ്രീ. നടരാജൻ വി.എൻ, ചേരുപറമ്പിൽ, കാഞ്ഞിരക്കാട്, പെരുമ്പാവൂർ & അദേഴ്സ് എന്നിവരുടെ പേരിൽ പെരുമ്പാവൂർ വില്ലേജിൽ സർവ്വേ നമ്പർ 211 ൽ 2 ആർ 43 സ്ക്വയർ മീറ്റർ സ്വഭാവ വ്യതിയാനം നടത്തിയ പുരയിടത്തിൽ 363.83 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള പാർപ്പിടം & വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 11.07.2022 ലെ PW2-6973/22 (BA-10/2022-23) നമ്പർ പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 -ചട്ടം 12(9) ന്റെ പട്ടിക 1-ാം നമ്പർ കുറിപ്പ് പ്രകാരം "സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതൽ ആണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100.00 രൂപ നിരക്കിലുള്ള ഫീസ് കൂടി അധികം അടയ്ക്കേണ്ടതാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള കരം അടച്ച രസീതിൽ ഭൂമിയുടെ തരം സ്വഭാവ വ്യതിയാനം നടത്തിയ പുരയിടം എന്നും പൊസഷൻ സർട്ടിഫിക്കറ്റിൽ നിലം എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരം സ്വഭാവ വ്യതിയാനം വരുത്തിയ പ്രസ്തുത ഭൂമിയിൽ 363.83 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള (363.83 X 10.76 = 3914.81 ചതുരശ്ര അടി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് 3000 ച.അടിയിൽ കൂടുതലായിട്ടുള്ള 914.81 ച.അടിക്ക് (3914.81 – 3000) 100രൂപ നിരക്കിലുള്ള അധിക ഫീസായ 91,481/- രൂപ അടവാക്കേണ്ടതാണ്. എന്നാൽ അധിക ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ നോട്ട് ഫയലിൽ രേഖപ്പെടുത്തുകയോ രേഖകൾ ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ സ്വഭാവ വ്യതിയാനം അനുവദിച്ച ബഹു. ആർ.ഡി.ഒ യുടെ ഉത്തരവിന്റെ പകർപ്പ് ഫയലിൽ അറ്റാച്ച് ചെയ്തിട്ടുണ്ട് എന്ന് ഓവർസിയർ PWO -III 21.06.2022 ൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത പകർപ്പും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിശദീകരണം ലഭ്യമാക്കുന്നതിനായി 02.12.2023-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.39 ന് ബന്ധപ്പെട്ട കക്ഷിയിൽ നിന്ന് തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമ പ്രകാരമുള്ള അധിക ഫീസായ ₹91,481.00 ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-24 നിലമായിട്ടുള്ള ഭൂമിയിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു**

ശ്രീ. ഷമീർ & Ors, മൂഴിക്കത്തോട്ടത്തിൽ, ശ്രീഭൂതപുരം, എറണാകുളം- 683580 എന്നിവരുടെ പേരിൽ “അസ്വഹാബ എജ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്” വേണ്ടി പെരുമ്പാവൂർ വില്ലേജിൽ ആകെ 10

ആർ 73 സ്ക്വയർ മീറ്റർ (റീസർവ്വേ നമ്പർ 10/3 ൽ 4 ആർ 66 സ്ക്വയർ മീറ്ററും, റീസർവ്വേ നമ്പർ 11/5 ൽ 6 ആർ 07 സ്ക്വയർ മീറ്ററും) നിലമായിട്ടുള്ള ഭൂമിയിൽ 1581.99 ച.മീറ്റർ സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് 31.12.2022 ലെ PW2-15660/17 (BA-183/2017-18), 31.12.2022 നമ്പർ പ്രകാരം മുനിസിപ്പൽ സെക്രട്ടറി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

(1) അപേക്ഷകൻ സങ്കേതം സോഫ്റ്റ് വെയർ മുഖേന 30.08.2017 ൽ ഓൺലൈനായി (ഇ-ഫയൽ നം. 07301970117000290591) അപേക്ഷ സമർപ്പിക്കുകയും 25.10.2017 ലെ 117020109553 രസീത് നമ്പർ പ്രകാരം 100/- രൂപ അപേക്ഷ ഫീസ് അടവാക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് റീ സബ്മിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ഓൺലൈൻ അപേക്ഷ നിരസിക്കുവാനായി നിർദ്ദേശിച്ചിട്ടുള്ളതിന്റെ വിവരം 05.01.2018 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സർവ്വേ സ്കെച്ച്, മറുപടി എന്നിവ സമർപ്പിക്കാത്തതിനാൽ പ്രസ്തുത അപേക്ഷ നിരസിച്ചിട്ടുള്ളതായി മുനിസിപ്പൽ സെക്രട്ടറിയുടെ 19.03.2018 ലെ BA-183/17-18 നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത ബിൽഡിംഗ് പെർമിറ്റ് അപേക്ഷ നിരസിച്ചിട്ടുള്ളതായിരിക്കെ ടി അപേക്ഷ പ്രകാരം 31.12.2022 ൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(2) ടി- അപേക്ഷകൻ ഇതേ കെട്ടിട നിർമ്മാണ അനുമതിക്കായി വീണ്ടും സങ്കേതം സോഫ്റ്റ് വെയർ മുഖേന 22.06.2019 -ൽ അപേക്ഷ (ഇ -ഫയൽ നം. 07301970119001049210) സമർപ്പിക്കുകയും അപേക്ഷ ഫീസായി 26.06.2019 ലെ 119020103992 രസീത് നമ്പർ പ്രകാരം 110/- രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്. മാസ്റ്റർ പ്ലാനിന് അന്തിമ അംഗീകാരം ലഭിക്കുന്ന മുറക്ക് പ്രസ്തുത അപേക്ഷ പരിഗണിക്കാമെന്ന് സീനിയർ ടൗൺ പ്ലാനർ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 28.10.2019 ലെ PW2-9727/19 (BA-53/19-20) നമ്പർ കത്ത് പ്രകാരം പ്രസ്തുത അപേക്ഷ മുനിസിപ്പൽ സെക്രട്ടറി നിരസിച്ചിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ സംബന്ധിച്ച വിവരം, അപേക്ഷ നിരസിച്ചിട്ടുള്ളതിന്റെ കാരണം എന്നിവ 2019-20 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിന്റെ പേജ് നമ്പർ 8 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആദ്യം അപേക്ഷിച്ചിട്ടുള്ളതും നിരസിക്കപ്പെട്ടതുമായ PW2-15660/17 (BA-183/2017-18) നമ്പർ പെർമിറ്റിന്റെ വിവരം രണ്ടാമതായി ലഭിച്ചിട്ടുള്ള അപേക്ഷയുടെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയലുകൾ ക്ലബ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിൽ രണ്ട് അപേക്ഷകളും നിരസിച്ചിട്ടുള്ള സാഹചര്യത്തിൽ അപേക്ഷകൻ പുതിയതായി അപേക്ഷ ലഭ്യമാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(3) ടി -വ്യക്തികളുടെ പേരിൽ പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 10/3 ൽ 4 ആർ 66 സ്ക്വയർ മീറ്ററും, റീസർവ്വേ നമ്പർ 11/5 ൽ 6 ആർ 07 സ്ക്വയർ മീറ്റർ സ്ഥലവും നിലമാണെന്ന് കരം അടച്ച രസീതിലും (രസീത് നം.5293564/10.05.2017), പൊസഷൻ സർട്ടിഫിക്കറ്റിലും (രസീത് നം.24669527/19.05.2017) രേഖപ്പെടുത്തിയിട്ടുണ്ട്. ടി – റീസർവ്വേ നമ്പരിൽ ബി.ടി.ആർ പ്രകാരം നിലമായി രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി കെ.എൽ.യു ഉത്തരവ് 6 (2) വകുപ്പിന്റെ ആനുകൂല്യം നൽകി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുവാദം നൽകികൊണ്ടുള്ള ബഹു. മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീറുടെ 15.09.2015 തീയതിലെ കെ.ഡിസ്-6351/2015/എ9 നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 15.12.2018 ലെ റവന്യൂ (പി) വകുപ്പിന്റെ സ.ഉ.(പി) നം.85/2018 /റവന്യൂ ഉത്തരവ് പ്രകാരം 2018 - ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടം പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ പ്രസ്തുത ചട്ടങ്ങളിലെ വിവരങ്ങൾ പരിശോധിക്കാതെയാണ് പ്രസ്തുത നിലമായിട്ടുള്ള ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി നലകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിശദ വിവരം ചുവടെ ചേർക്കുന്നു.

(എ) പ്രസ്തുത ചട്ടം -17 പ്രകാരം 2018 -ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പ്രാബല്യത്തിൽ വന്നതിന് മുമ്പ്, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം വീട് വയ്ക്കാനോ മറ്റ് ആവശ്യങ്ങൾക്കോ നിലം പരിവർത്തനപ്പെടുത്താൻ നിയമപരമായി അനുമതി വാങ്ങിയത്

സംബന്ധിച്ച ഉത്തരവുകൾ ഹാജരാക്കുന്ന പക്ഷം അപ്രകാരമുള്ള ഭൂമിക്ക് റവന്യൂരേഖകളിൽ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഫീസിന്റെ 25% നിരക്കിൽ അടവ് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കപ്പെട്ടിട്ടില്ല.

(ബി) 2018 -ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടം 12 (9) ന്റെ പട്ടിക 1-ാം നമ്പർ കുറിപ്പ് പ്രകാരം "സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതൽ ആണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കപ്പെട്ടിട്ടില്ല.

(സി) ഓവർസിയർ PWO-III 09.05.2022 -ൽ നോട്ട് ഫയലിൽ കരമടച്ച രസീത്, പൊസഷൻ സർട്ടിഫിക്കറ്റ് എന്നിവയിൽ ഭൂമിയുടെ തരം "നിലം" എന്ന് രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ മേലധികാരികൾ നോട്ട് ഫയലിൽ രേഖപ്പെടുത്തുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നിലമായിട്ടുള്ള പ്രസ്തുത ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് മുമ്പ് പ്രസ്തുത ചട്ട പ്രകാരമുള്ള ഫീസുകൾ അടവാക്കേണ്ടതാണോ എന്ന് പരിശോധിക്കുകയോ റവന്യൂ വകുപ്പിൽ നിന്നും ഇതുസംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾ നില നിൽക്കെ പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളതിന് മറുപടി ലഭ്യമാക്കേണ്ടതാണന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.41 / തീ. 06.12.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപേക്ഷകൻ ചട്ട പ്രകാരമുള്ള ഫീസുകൾ സർക്കാരിലേക്ക് അടവാക്കേണ്ടതു സംബന്ധിച്ച സ്പഷ്ടീകരണം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടത്തിന് ഫീസ് ഈടാക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു

പത്ത് വർഷ പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടത്തിന് 23.06.2022 ൽ മുനിസിപ്പൽ സെക്രട്ടറി ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചപ്പോൾ ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചില്ല. പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുമ്പോൾ ഈടാക്കേണ്ട പെർമിറ്റ് ഫീസിന്റെ ഇരട്ടി തുകയായ 9820/- രൂപ ഈടാക്കിയില്ല. ആയതിന്റെ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 44 / 07.12.2023 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ഭാഗം 2, ഖണ്ഡിക 2 – 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-26 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ മാർഗ്ഗ രേഖ നിബന്ധന പാലിച്ചില്ല – ₹860963.00 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 0113/22-23 /സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ |
| അടങ്കൽ | ₹ 1000000.00 |
| ചെലവ്/ബിൽ നം, തി. | ₹ 824480.00, 339/25.03.23, ₹ 36483.00 (PFMS) (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സി.എ.കെ.സൗണ്ട്, കളമശ്ശേരി |
| കരാർ നം | 55/2023,തീ.23.03.2023 |
| അളവ് പുസ്തകം | 19988/2023-611/ E-MB |

മേൽ പ്രോജക്ടിൽ ട്യൂബ് സെറ്റ് റിപ്പയറിംഗ്, സോഡിയം വേപ്പർലാംപ് റിപ്പയറിംഗ് എന്നിവയാണ്

ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ;ചേർക്കുന്നു

1. പതിനാലാം പഞ്ചവൽസര പദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കുന്നതും സബ്സിഡി - ധന സഹായം അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് 28.05.2022ൽ ജി.ഒ. (പി) നം. 115/2022 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.10.1 അനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈ വോൾട്ട് ഇൻകാൻഡിസന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റ കുറ്റപ്പണികൾ തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് വകയിരുത്തി നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങി അറ്റ കുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. അളവുപുസ്തകം. 19988/ 23-611 (E-MB) ലെ രേഖപ്പെടുത്തലനുസരിച്ച് മേൽ പ്രോജക്ടിൽ സോഡിയം വേപ്പർ ലാമ്പുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും ഫിറ്റ് ചെയ്യുന്നതിനുമായി 6,40,530.00 (647x990) രൂപയോളം ചെലവഴിച്ചിട്ടുണ്ട്. സോഡിയം വേപ്പർ ലാമ്പുകളുടെ അറ്റ കുറ്റപ്പണിക്ക് തനതു ഫണ്ട് മാത്രമേ വകയിരുത്താവൂ എന്ന നിർദ്ദേശം നിലവിലുള്ളപ്പോൾ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി വിളക്കുകൾ വാങ്ങി അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചത് മാർഗ്ഗരേഖാ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

2. പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയപ്പോൾ വാർഷിക പരിപാലന കോൺട്രാക്ട് (Annual Maintenance Contract) ഒഴിവാക്കിയാണ് നഗരസഭ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് (10.03.2023 ലെ 32-ാം തീരുമാന പ്രകാരം). ആതിനാൽ തന്നെ പ്രവൃത്തിയിൻമേൽ കരാറുകാരനിൽ നിന്നും ഒരു തരത്തിലുമുള്ള ഗ്യാരണ്ടിയും ഉറപ്പാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല.

3. നഗരസഭ മുഴുവനായി ഒറ്റ യൂണിറ്റായി കണക്കാക്കിയാണ് കരാറുകാരന് തുക കൈമാറിയിരിക്കുന്നത്. ഏതൊക്കെ വാർഡിലാണ് പ്രവൃത്തി പൂർത്തീകരിച്ചത് , ഓരോ വാർഡിലും എത്ര പ്രവൃത്തി ചെയ്തു എന്നതിന് ഒരു തെളിവും ഫയലിൽ നിന്നും ലഭ്യമല്ല. അതാത് വാർഡ് കൗൺസിലറുമാരുടെ സർട്ടിഫിക്കറ്റോ, സാക്ഷ്യപ്പെടുത്തലുകളോ പ്രവൃത്തി പൂർത്തീകരിച്ചതിന് തെളിവായി ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

4. ബഹു.കൗൺസിലിന്റെ 10/03/2023 ലെ 32-ാം നമ്പർ തീരുമാന പ്രകാരം ഓഫർ നിരക്കിൽ റീകാസ്റ്റ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുള്ളതാണ്. ഓഫർ സ്വീകരിക്കുന്ന സമയത്ത് മെയിന്റനൻസ് ചെയ്യേണ്ട സോഡിയം വേപ്പർ ലാംപിന്റെ എണ്ണം 934 ഉം, ഫ്ലൂറസൻറ് ലാംപിന്റെ എണ്ണം 302 ഉം ആണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ യഥാക്രമം 990 ഉം, 450 ഉം എണ്ണം ആയി മാറിയിട്ടുണ്ട്. നിർവ്വഹണ വേളയിൽ നഗരസഭയുടെ ഭാഗത്ത് നിന്നും പദ്ധതി സംബന്ധിച്ച് ഒരു അവലോകനമോ, അതാതു വാർഡുകളിലെ ആവശ്യകത നിർണ്ണയിക്കുന്നത് സംബന്ധിച്ച് ഡിമാന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

മേൽ കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.16 തീ. 04.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ചെലവഴിച്ച ₹ 860963.00 ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, അനുബന്ധ സർക്കുലറുകളും നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-27 ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം**

| | |
|---|---|
| പ്രൊജക്ട് നം. / പേര് | S0039/22-23 / നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം (വെജിറ്റബിൾ മാർക്കറ്റ് ) |
| അടങ്കൽ | ₹ 1174853.00 |

| | |
|---|---|
| ചെലവ്/ബിൽ നം,തീ | ₹10,69,769.00, 112/10.11.22 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | എൽദോ ഏലിയാസ് |
| എഗ്രിമെൻറ് നം. തീ. | 47/21-22 ,09/02/2022 |
| അളവ് പുസ്തകം | 46/22-23 |

മേൽ പ്രോജക്ട് പ്രകാരം നഗരസഭയുടെ വെജിറ്റബിൾ മാർക്കറ്റിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് (ടോയിലറ്റ് നന്നാക്കൽ, ചോർച്ച അടയ്ക്കൽ, റൂഫിംഗ് ചോർച്ച മാറ്റൽ എന്നിവ) . പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രവൃത്തിയുടെ അളവ് പുസ്തകം ഇനം. 4-13.9.2 ൽ ചോർച്ച അടയ്ക്കുവാനും കെട്ടിടത്തിന് ബലം വർദ്ധിപ്പിക്കേണ്ട പ്രവർത്തനവും ഉൾപ്പെട്ട സിമന്റ് പ്ലാസ്റ്ററിംഗ് ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവൃത്തി നടത്തിയ ടോയിലറ്റും, അനുബന്ധ സാമഗ്രികളും നിലവിൽ ചോർന്ന് ഒലിക്കുകയും ഉപയോഗ യോഗ്യമല്ലാത്ത നിലയിലുമാണ് (ചിത്രം 1, 2 ). നവീകരണ പ്രവൃത്തികൾക്കായി 584589.75 രൂപ (1408.65 M2x 415 /M2 = ₹ 584589.75) ചെലവഴിച്ചെങ്കിലും പ്രൊജക്ടിന്റെ ലക്ഷ്യത്തിലെത്തിയില്ല. നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗത്തോടൊപ്പം ഓഡിറ്റ് ടീം നേരിട്ട് നടത്തിയ സ്ഥല പരിശോധനയിലും ഇക്കാര്യം വ്യക്തമായിട്ടുണ്ട്.

ചിത്രം-1



ചിത്രം-2



2. അളവ് പുസ്തകം ഇനം.9 50.12.2.2 -ൽ കെട്ടിടത്തിന്റെ ഓപ്പൺ ഏരിയായിൽ Poly Carbonate Multi Wall Plain Sheet 4mm Thick സ്ഥാപിക്കുക എന്നതാണ്. അതിനോടനുബന്ധിച്ച് ഇനം. 10 – 21. 5 പ്രവൃത്തികളും ചെയ്തിട്ടുണ്ട്. ഈ ഭാഗത്ത് തന്നെ മുൻ വർഷ (പച്ചക്കറി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റപ്പണികൾ (0252/21-22) അളവു പുസ്തകം 19/20-21 പേജ് 2 ഇനം 1-1-21.5 പ്രകാരം ഇതേ പ്രവൃത്തി നടത്തിയിട്ടുണ്ട്) പ്രൊജക്ട് പ്രകാരം നടപ്പിലാക്കിയ പ്രവൃത്തി ഇതേ അപാകത പരിഹരിക്കാൻ വേണ്ടി

നടപ്പിലാക്കിയതാണ്. നിലവിൽ കെട്ടിടത്തിന്റെ പടികൾ ഉൾപ്പെടെയുള്ള ഭാഗങ്ങൾ ചോർന്നൊലിക്കുന്ന സ്ഥിതിയിലാണ് (ചിത്രം-3) നഗരസഭ ഓവർസീയറുടെ സാന്നിധ്യത്തിൽ നേരിട്ട് നടത്തിയ സ്ഥല പരിശോധനയിലും ഈക്കാര്യം ഓഡിറ്റ് ടീമിന് ബോധ്യപ്പെട്ടതാണ്.

ചിത്രം-3



3. അളവ് പുസ്തകം ഇനം 11-17.2.1, 12-17.4.1 എന്നിവ പ്രകാരം വാട്ടർ ക്ലോസറ്റും, യൂറിനൽ ബേസും അണ് സ്ഥാപിച്ചിരിക്കുന്നത്. കാഴ്ചയിൽ നിന്നും തന്നെ നിലവിൽ വളരെ പരിതാപകരമാണ് ടോയിലറ്റിന്റെ അവസ്ഥ. വൃത്തി, ജല ലഭ്യത എന്നിവയില്ലായ്മ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു (ചിത്രം-4,5). ഇത്രയും വൃത്തി ഹീനവും അറപ്പുളവാക്കുന്നതുമായ രീതിയിൽ ഇവ പരിപാലിക്കുന്നത് വിശദീകരിക്കേണ്ടതാണ്.

ചിത്രം -4



ചിത്രം-5



4. അളവ് പുസ്തകം ഇനം. 15-50.18.7.2.1, 16-50.18.7.4.2, 18-50.18.8.8.2 എന്നിവ പ്രകാരം പൈപ്പ് ഫിറ്റിംഗ്സ് അനുബന്ധ പ്രവൃത്തികൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ

കെട്ടിടത്തിൽ ജല ലഭ്യത കുറവാണ്. വാടകക്കാർ പലരും സ്വന്തം നിലയിലാണ് ജല ലഭ്യത ഉറപ്പാക്കുന്നത് എന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായതാണ് (ചിത്രം-6). കോംപ്ലക്സ് ആകമാനം പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത പ്രഥമ ദൃഷ്ട്യാ വ്യക്തമാണ്.

ചിത്രം-6




അടുത്തടുത്ത വർഷങ്ങളിൽ തന്നെ നഗരസഭ കോംപ്ലക്സിൽ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്യുന്നുണ്ടെങ്കിലും (S0160/21-22 പച്ചക്കറി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് അറ്റ കുറ്റപ്പണികൾ) നഗരസഭക്കോ, കെട്ടിടത്തിലെ വാടകക്കാർക്കോ, ഇതര ആവശ്യങ്ങൾക്കായി വന്നു പോകുന്ന പൊതുജനത്തിനോ മതിയായ പ്രയോജനം ലഭിക്കുന്നില്ലായെന്നത് ഇതിൽ നിന്നും വ്യക്തമാണ്. ഫലത്തിൽ കെട്ടിടത്തിലെ അടിസ്ഥാന സൗകര്യ വികസനം ഇപ്പോഴും പിന്നാക്കാവസ്ഥയിലാണ്. ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ പരാജയമാകുമ്പോൾ, നഗരസഭക്ക് ടി കെട്ടിടത്തിൽ നിന്നും ലഭിയ്ക്കുന്ന വാടക, പ്രതിവർഷം അറ്റകുറ്റപ്പണികൾക്കായി നഗരസഭ ചെലവഴിക്കുന്ന തുക എന്നിവ താരതമ്യം ചെയ്യേണ്ടതുണ്ട്. വെജിറ്റബിൽ മാർക്കറ്റ് നഗരസഭക്ക് ആസ്തിയേക്കാൾ ഉപരി ബാധ്യതയില്ലാതെ നടത്തി കൊണ്ടുപോകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ദീർഘ വീക്ഷണമില്ലാത്ത കെട്ടിട നിർമ്മിതിയും, പാർക്കിംഗിന്റെ അപര്യാപ്തതയും റോഡിനഭിമുഖമായി കടമുറികളുടെ എണ്ണത്തിലെ കുറവും വാടകക്കാർക്ക് താൽപര്യ കുറവ് സൃഷ്ടിക്കുന്നുണ്ട്. ലഭ്യമായ സ്ഥലങ്ങളിലെ അനധികൃത പാർക്കിംഗ് കണ്ടെത്താനോ, നിർത്തലാക്കാനോ നഗരസഭക്ക് ഒരു സംവിധാനവും നിലവിൽ ഇല്ല. ഷോപ്പിംഗ് കോംപ്ലക്സിൽ മുറികൾ ശൂന്യമായി കിടക്കുമ്പോൾ കെട്ടിടത്തിന്റെ ചുറ്റിലും വഴിയോര കച്ചവടങ്ങൾ ധാരാളമായി നടക്കുന്നുണ്ട്. കോംപ്ലക്സ് പുനരുദ്ധരിക്കാൻ പ്രാപ്തമാകുന്ന തരത്തിൽ നഗരസഭ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും, നശിച്ച കൊണ്ടിരിക്കുന്ന കോംപ്ലക്സിനെ മികച്ച വരുമാന മാർഗ്ഗമായി മാറ്റാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശം

പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ അതിന്റെ ലക്ഷ്യം നിറവേറുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പൂർത്തീകരിച്ച പ്രവൃത്തികൾ കൃത്യമായി പരിപാലിയ്ക്കപ്പെടുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-28 ശുചിത്വ പെരുമ്പാവൂർ പദ്ധതിക്കു ലഭിച്ച ഹഡ്കോ സി.എസ്.ആർ. ധന സഹായം വിനിയോഗിക്കാതെ തിരിച്ചടച്ചു

ശുചിത്വം, കുടിവെള്ള വിതരണം, പൊതു ശൗചാലയങ്ങൾ എന്നീ ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് സി.എസ്.ആർ. പ്രവർത്തനങ്ങൾക്കായി ഹഡ്കോ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അതനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്ത് അനുയോജ്യമായ പ്രൊപ്പോസൽ തയ്യാറാക്കി അയച്ചാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രാന്റ് അനുവദിക്കുന്നതാണെന്നും 7.10.2016 ലെ കത്തിലൂടെ ഹഡ്കോ നഗരസഭയെ അറിയിച്ച പ്രകാരമാണ് ഫയൽ ആരംഭിച്ചിട്ടുള്ളത്. ഇതനുസരിച്ച് 'ശുചിത്വ പെരുമ്പാവൂർ എന്ന ഖര മാലിന്യ പരിപാലന പദ്ധതിയുടെ ഡി.പി.ആർ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖാന്തിരം തയ്യാറാക്കി നഗരസഭ ഹഡ്കോയ്ക്ക് അയയ്ക്കുകയും 1.22 കോടി രൂപ അടങ്കലുള്ള

ഈ പ്രൊപ്പോസൽ ഹഡ്‌കോ 6.12.2017 -ൽ അംഗീകരിക്കുകയും ചെയ്തു. പ്രോജക്ടിന് 74.95 ലക്ഷം രൂപയാണ് ഹഡ്‌കോ ധന സഹായമായി അനുവദിക്കുന്നത്. പ്രോജക്ട് കോസ്റ്റിലെ ബാക്കി തുക നഗരസഭാ വിഹിതമായി കണ്ടെത്തേണ്ടതാണ്. ഹഡ്‌കോയുമായി കരാർ ഒപ്പിടുകയും ധന സഹായം സ്വീകരിക്കുന്നതിന് വിജയാ ബാങ്കിന്റെ പെരുമ്പാവൂർ ശാഖയിൽ 03.01.2018 -ൽ അക്കൗണ്ട് തുടങ്ങുകയും ചെയ്തു. മാച്ചിംഗ് കോൺട്രിബ്യൂഷനായി 12 ലക്ഷം രൂപ (തനതു ഫണ്ട്) നഗരസഭ 19.11.2018 -ൽ ഈ അക്കൗണ്ടിൽ നിക്ഷേപിച്ച മുറയ്ക്ക് സി.എസ്.ആർ. വിഹിതത്തിന്റെ ആദ്യ ഗഡുവായ 15.31 ലക്ഷം രൂപ 17.01.2019 ൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. ഹഡ്‌കോയുമായി നഗരസഭ ഉണ്ടാക്കിയ വ്യവസ്ഥയനുസരിച്ച് ആറു മാസത്തിനുള്ളിൽ ധന സഹായം വിനിയോഗിക്കേണ്ടതും അല്ലാത്ത പക്ഷം പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതുമാണ്.

നഗരസഭയുടെ വിവിധ ഭാഗങ്ങളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും ഖര മാലിന്യ സംസ്കരണത്തിനുള്ള വിവിധയിനം ഉപാധികൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. ശുചിത്വ പെരുമ്പാവൂർ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.റ്റി.സി. പാലക്കാട് മുഖേന നടപ്പാക്കുവാൻ 25.09.2018 ൽ നഗരസഭ കരാറിൽ ഏർപ്പെടുകയും 28.09.2018 -ൽ മൊബിലൈസേഷൻ അഡ്വാൻസായി 21,35,800.00 രൂപ നഗരസഭാ വിഹിതമായി വകയിരുത്തിയ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് അനുവദിക്കുകയും ചെയ്തു. ഡി.പി.ആറിൽ പദ്ധതിക്കു നിർദ്ദേശിച്ച സ്ഥലം അനുയോജ്യമല്ലാത്ത സ്ഥിതി, സംസ്കരണ പ്ലാന്റിനോടുള്ള പ്രാദേശിക എതിർപ്പ് എന്നിവ മൂലം നടപ്പാക്കാനുദ്ദേശിച്ച പ്രവൃത്തികളിൽ ഒന്നൊഴികെ ബാക്കിയെല്ലാം ഉപേക്ഷിക്കേണ്ടി വന്നു. നഗരസഭയുടെ ടൗൺ ഹാൾ പരിസരത്ത് പണി കഴിപ്പിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത്.

പൂർത്തീകരിക്കാനാവാത്ത സാഹചര്യത്തിൽ ഈ പദ്ധതി ഉപേക്ഷിക്കുവാൻ കൗൺസിൽ തീരുമാനമെടുത്തു. നഗരസഭയുടെ നിർദ്ദേശമനുസരിച്ച് ഐ.ആർ.റ്റി.സി. പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രവും(1337928 രൂപ) മൊബിലൈസേഷൻ അഡ്വാൻസിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക (787872 രൂപ) ട്രഷറിയിൽ നിർദ്ദിഷ്ട ശീർഷകത്തിൽ അടവാക്കിയതിന്റെ അസ്സൽ ചെലാനും മടക്കി നൽകിയിട്ടുണ്ട്. ഹഡ്‌കോ നൽകിയ ധന സഹായമായ 15.31 ലക്ഷം രൂപ നഗരസഭ പലിശ സഹിതം മടക്കി നൽകുകയും ചെയ്തു.

ഈ പ്രോജക്ടിന്റെ പരിശോധനയിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ 17.11.2023 ൽ ഓഡിറ്റ് എൻക്വയറി (നം. 29) മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

1) ശുചിത്വ പെരുമ്പാവൂർ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്ന സമയത്തു തന്നെ സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽപ്പെടുത്തി ഖര മാലിന്യ സംസ്കരണത്തിനുള്ള ഡി.പി.ആർ. ഇതേ ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ തയ്യാറാക്കുകയും ലഭ്യമായ സ്വച്ഛ് ഭാരത് മിഷൻ ഗ്രാന്റ് (40.49 ലക്ഷം) ഉപയോഗിച്ച് മറ്റൊരു ഖര മാലിന്യസംസ്കരണ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നുണ്ടായിരുന്നു. പ്രാദേശിക എതിർപ്പിനെത്തുടർന്ന് ഈ പദ്ധതിയും നടപ്പാക്കാൻ കഴിയാത്ത സാഹചര്യം നില നിൽക്കുമ്പോഴാണ് വീണ്ടും ഇതേ ഏജൻസിയെക്കൊണ്ട് ഇതേ ആവശ്യത്തിന് ഡി.പി.ആർ തയ്യാറാക്കിയത്. ഒരേ സ്വഭാവത്തിലുള്ളതും നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നതുമായ രണ്ട് പ്രോജക്ടുകൾ ഒരേ സമയം നടപ്പാക്കുന്നതിനു പകരം കേരളാ വാട്ടർ അതോറിറ്റി ഇതേ ആവശ്യത്തിന് ഒരു കോടി രൂപയുടെ അടങ്കലിൽ തയ്യാറാക്കി നൽകിയ കുടിവെള്ള പദ്ധതി വിപുലീകരിക്കുന്ന പ്രോജക്ട് ഹഡ്‌കോയുടെ ധന സഹായം വിനിയോഗിച്ച് നടപ്പാക്കാൻ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ നഗരസഭയിലെ കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുമായിരുന്നു.

2) ഹഡ്‌കോയിൽ നിന്ന് ലഭിച്ച ആദ്യ ഗഡു ധനസഹായം ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കെ പദ്ധതി മാർഗ്ഗരേഖയനുസരിച്ച് ഈ തുക ചെലവഴിച്ചുവെന്ന് രേഖപ്പെടുത്തി 07.03.2019 ൽ നഗരസഭ ഹഡ്‌കോയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നല്കിയതിന്റെ കാരണം

വിശദീകരിക്കേണ്ടതാണ്.

3) ഈ പദ്ധതിയിൽപ്പെടുത്തി നഗരസഭയുടെ ഇ.എം.എസ്. ടൗൺ ഹാളിൽ പണി പൂർത്തീകരിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് നിലവിൽ പ്രവർത്തനക്ഷമമാണോ എന്നതിന്റെ വിവരം ലഭ്യമല്ല. ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകിക്കൊണ്ടുള്ള ശുചിത്വ മിഷന്റെ 20.03.2018 -ലെ കത്തിലെ 11 -ാം വ്യവസ്ഥ പ്രകാരം കമ്പോസ്റ്റിങ്ങ് സംവിധാനത്തിൽ ഉണ്ടാകുന്ന കമ്പോസ്റ്റിന്റെ ഉപയോഗം സംബന്ധിച്ചും വ്യവസ്ഥ (16) പ്രകാരമുള്ള കമ്പോസ്റ്റ് യൂണിറ്റിന്റെ ദൈനം ദിന പ്രവൃത്തി പരിപാലനം, തുടർ പ്രവർത്തനം എന്നിവ സംബന്ധിച്ചും നഗരസഭ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരവും അറിയിക്കേണ്ടതാണ്.

4) വിനിയോഗിക്കാത്ത സി.എസ്.ആർ. ഫണ്ടും അതോടൊപ്പം ആ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത മുഴുവൻ പലിശയുമടക്കം 17,79,043.00 രൂപ 23.05.2023 -ൽ നഗരസഭ ഹഡ്കോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പലിശ കണക്കാക്കിയപ്പോൾ 19.1.2018 മുതൽ 06.01.2020 വരെ ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തനതുഫണ്ട് ₹ 12 ലക്ഷത്തിന്റെയും 07.01.2020 മുതൽ 08.05.2020 വരെ അക്കൗണ്ടിൽ ഉണ്ടായിരുന്ന തനതു ഫണ്ട് ₹ 6 ലക്ഷത്തിന്റെയും പലിശ കൂടി പലിശയിനത്തിൽ ഹഡ്കോയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. സി.എസ്.ആർ. വിഹിതത്തിന്റെ പലിശ മാത്രം കണക്കാക്കാതെ തനതു ഫണ്ടിനു ലഭിച്ച പലിശ കൂടി മടക്കി നൽകിയതിനു കാരണം വിശദീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകാത്ത സാഹചര്യത്തിൽ പൂർത്തീകരിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റിന്റെ തുടർപ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് നൽകേണ്ടതും ഹഡ്കോയ്ക്ക് മടക്കി നൽകിയ തുകയിലുൾപ്പെട്ട തനതു ഫണ്ട് പലിശ തിരികെ ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-29 മാലിന്യ സംസ്കരണത്തിന് കവചിത വാഹനം

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | S0197/23 / മാലിന്യ സംസ്കരണത്തിന് കവചിത വാഹനം വാങ്ങൽ |
| ഫയൽ നം | PH 1/12137/22 |
| നിർവ്വഹണം | ഹെൽത്ത് സൂപ്പർവൈസർ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) |
| അടങ്കൽ/ചെലവ് തുക | ₹ 2350000.00 / ₹ 1616584.00 |
| ചെലവ് വിവരം | PFMS C012377891655 Dt 02.02.2023 |
| ഭരണാനുമതി | 03//29.07.2022 |
| സാങ്കേതികാനുമതി | 068/ADCSM/SM/2022 |

നഗരസഭയുടെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് മാലിന്യ സംസ്കരണത്തിന് കവചിത വാഹനം വാങ്ങുന്നതിനുള്ള പ്രൊജക്റ്റ്. അംഗീകൃത പ്രോജക്റ്റ് അനുസരിച്ച് ഏതു തരം വാഹനമാണ് വാങ്ങേണ്ടതെന്ന് തീരുമാനിക്കുന്നതിന് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് അജൻഡ സമർപ്പിക്കുകയും 14.12.2022 ൽ ചേർന്ന കമ്മിറ്റി ഐഷർ കമ്പനിയുടെ കവചിത വാഹനം വാങ്ങുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു (തീരുമാനം 11). പർച്ചേസ് കമ്മിറ്റിയുടെ 23.12.2022 ൽ ചേർന്ന യോഗം തീരുമാനം 2 അനുസരിച്ച് ഐഷർ കമ്പനിയുടെ കവചിത വാഹനം വാങ്ങുന്നതിന് കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്തു. നഗരസഭാ കൗൺസിലിന്റെ 10.01.2023 ലെ യോഗത്തിൽ ഐഷർ കമ്പനിയുടെ കവചിത വാഹനം വാങ്ങുന്നതിന് തീരുമാനമെടുത്തു. (തീരുമാനം 53) എന്നാൽ വാഹനത്തിന്റെ ഉപയോഗ ക്രമം, സ്പെസിഫിക്കേഷൻ എന്നിവയെപ്പറ്റിയൊന്നും ഈ മൂന്നു കമ്മിറ്റികളിലും ചർച്ച ചെയ്തതായി കാണുന്നില്ല. എന്തുപയോഗത്തിനാണ് വാഹനം വാങ്ങുന്നതെന്ന് ഫയലിലും പരാമർശിച്ചു കാണുന്നില്ല. ഉപയോഗക്രമം നിശ്ചയിക്കാതെ വാഹനത്തിന്റെ സ്പെസിഫിക്കേഷൻ എപ്രകാരം തയ്യാറാക്കിയെന്ന് വ്യക്തമല്ല. കവചിതവാഹനം വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടതെങ്കിലും GEM ൽ രജിസ്റ്റർ ചെയ്ത് ഐഷർ Pro-2080XPT എന്ന വാഹനത്തിന്റെ

എഞ്ചിനും ഹൈഡ്രോളിക് ജാക്ക് ഘടിപ്പിക്കുന്നതിന് പര്യാപ്തമായ ഷാസിയും വാങ്ങുന്നതിനുള്ള ഡീറ്റെയിൽസ് നൽകുവാൻ ഐ.കെ.എം. ടെക്നീഷ്യന് ഫയൽ നൽകുന്നതിന് 16.01.2023 ൽ ഹെൽത്ത് സൂപ്പർവൈസർ നിർദ്ദേശിച്ചിട്ടുണ്ട്. GEM ലെ അംഗീകൃത ഡീലറായ വി. ഇ. കമേർഷ്യൽ വെഹിക്കിൾസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള തുകയായ ₹16,16,584.00 സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട വാഹനം നഗരസഭയ്ക്ക് എന്നാണ് ലഭ്യമായതെന്നും കസ്റ്റോഡിയൻ ഓഫീസർ ആരാണെന്നും എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന് ടെമ്പററി രജിസ്ട്രേഷൻ നടത്തിയതിന്റെയും ഈ കാലാവധിക്കു ശേഷവും വാഹനത്തിൽ ബോഡി ഫിറ്റ് ചെയ്യാത്തതിനാൽ 1988 ലെ മോട്ടോർ വെഹിക്കിൾസ് ആക്ട് വകുപ്പ് 43(2) അനുസരിച്ച് നിശ്ചിത ഫീസടച്ച് കാലാവധി നീട്ടി വാങ്ങിയതിന്റെയും രേഖകളില്ല. വാഹനത്തിന്റെ ബോഡി പണിത് രജിസ്ട്രേഷൻ നടത്താത്തതിനാൽ വാറണ്ടി പീരിയഡിന്റെയും മൂന്നു ഫ്രീ സർവ്വീസിങ്ങിന്റെയും ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 18.08.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3 ) മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 1616584.00 രൂപ തടസ്സപ്പെടുത്തുന്നു. പ്രൊജക്ടിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് കൊണ്ടുവരുന്നു.

## 1-30 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | S 0175/23 / ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| അടങ്കൽ | ₹ 1071480.00 |
| ചെലവ് | ₹ 63177.00 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം.തീ. | 254/10.03.2023 |

പരാമർശം - 1.ജി.ഒ.(ആർ.റ്റി.)നം 1967/2020 ത.സ്വ.ഭ.വ. 20.10 2020

2.ജി.ഒ.(ആർ.റ്റി.)നം 1220/2021 ത.സ്വ.ഭ.വ. 28.06.2021

3.ജി.ഒ.(ആർ.റ്റി.)നം 2307/2021 ത.സ്വ.ഭ.വ. 18.11.2021

4.ജി.ഒ.(ആർ.റ്റി.)നം 2341/2021 ത.സ്വ.ഭ.വ. 26.09.2022

5.ജി.ഒ.(ആർ.റ്റി.)നം 493/2022 ത.സ്വ.ഭ.വ. 02.03.2022

ഹരിത കേരള മിഷനു വേണ്ടി കെൽട്രോൺ വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ / പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും അംഗീകാരം നൽകിക്കൊണ്ടും പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചുകൊണ്ടും മേൽ സൂചനകൾ പ്രകാരം ഉത്തരവായിട്ടുണ്ട്.

2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഹരിത മിത്രം ആപ്പ് നടപ്പാക്കുന്ന പദ്ധതി ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സൂചന 3 ലെ ഉത്തരവിൽ ആദ്യ ഘട്ടത്തിൽ ഈ പദ്ധതി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മാത്രം നടപ്പാക്കി ഈ സംവിധാനം പ്രവർത്തന സജ്ജമാണോയെന്ന്

ഉറപ്പാക്കിയ ശേഷം മറ്റു സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനാണ് അനുമതി നൽകിയത്. ആദ്യഘട്ടത്തിൽ പെരുമ്പാവൂർ നഗരസഭ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.

2. പദ്ധതി നടപ്പാക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനവും ശുചിത്വ മിഷനും കെൽട്രോണും തമ്മിൽ ഒപ്പു വയ്ക്കുന്ന ട്രൈപാർട്ടി എഗ്രിമെന്റിന് അംഗീകാരം നൽകിക്കൊണ്ടുള്ള സൂചന 5 ഉത്തരവിൽ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് സർവ്വീസ് ചാർജ്ജ്, എസ്.എം.എസ് എന്നീ ഘടകങ്ങളിൽ വകയിരുത്തിയ തുക കെൽട്രോണിനു കൈമാറേണ്ടതും ക്യു.ആർ. കോഡ് പ്രിന്റിംഗ്, ലാപ് ടോപ് വാങ്ങൽ എന്നീ ഘടകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ചട്ട പ്രകാരം നേരിട്ടു ചെലവഴിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിലെ മുഴുവൻ തുകയും കെൽട്രോണിന് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. ക്യു.ആർ. കോഡ് , ലാപ് ടോപ് എന്നിവ നഗരസഭയിൽ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധനയ്ക്കു ലഭിച്ചില്ല. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പെരുമ്പാവൂർ നഗരസഭയിൽ കെൽട്രോൺ മുഖേന നടപ്പാക്കുന്നതിന് ആവശ്യമായ കരാറിലേർപ്പെടുന്നതിന് നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതിന് 28.01.2023 ൽ ഹെൽത്ത് സൂപ്പർവൈസർ കെൽട്രോണിന് നൽകിയ കത്തിന് (PH1-CFC-175/23) കെൽട്രോൺ പ്രൊഫോർമ ഇൻവോയ്സും അസ്സൽ കരാറും അയച്ചുനൽകി (KCC/ CPG/ CR-916/ 2022-23/ 556 Dt 09.02.2023). 09.02.2023 ൽ തന്നെ കെൽട്രോണുമായുള്ള കരാറിൽ നഗരസഭ ഒപ്പു വച്ചിട്ടുണ്ട്.

3. കെൽട്രോണിന്റെ 27.03.2023ലെ കത്തനുസരിച്ച് ഒരു പ്രോജക്റ്റ് മാനേജരെയും അസിസ്റ്റന്റിനെയും നഗരസഭയുടെ സേവനത്തിനായി വിട്ടു നൽകുകയും ഏപ്രിൽ മാസം മുതൽ അവരുടെ സേവനം നഗരസഭയ്ക്ക് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ ഒരു ഓറിയന്റേഷൻ ക്ലാസ് നടത്തിയതിനുള്ള അറിയിപ്പല്ലാതെ മറ്റ് പരിശീലന പരിപാടികൾ നടത്തിയതിന്റെ രേഖകളൊന്നും ഫയലിലില്ല.

4. നഗരസഭാ സെക്രട്ടറിക്ക് കെൽട്രോൺ 03.07.2023 ൽ അയച്ച കത്തിൽ ഹരിത കർമ്മ സേനയ്ക്കും നഗരസഭാ ജീവനക്കാർക്കും പരിശീലനം കൊടുക്കുന്നതിന് കെൽട്രോൺ സ്റ്റാഫിനെ ഏപ്രിൽ മാസം മുതൽ നിയോഗിച്ചിട്ടുണ്ടെന്നും ഇതിനായി എൻറോൾമെന്റ് നടപടികൾ മെയ് മാസം 17 -ാം തീയതി ആരംഭിച്ചെങ്കിലും ആകെ 3012 എൻറോൾമെന്റ് മാത്രമാണ് പൂർത്തിയായിട്ടുള്ളതെന്നും എൻറോൾമെന്റ് നടപടികൾ എത്രയും വേഗം പൂർത്തീകരിച്ചെങ്കിൽ മാത്രമേ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഹരിത മിത്രം ആപ് വഴി മോണിട്ടർ ചെയ്യാൻ കഴിയൂ എന്നും അറിയിച്ചിട്ടുണ്ട്.

5. കെൽട്രോണും നഗരസഭയും തമ്മിലെ കരാറിലെ 5 എൽ, എം, എൻ വ്യവസ്ഥകളനുസരിച്ച് പ്രോജക്റ്റിന്റെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വിവരങ്ങളും രേഖകളും സേവനങ്ങളും സമയബന്ധിതമായി ലഭ്യമാക്കേണ്ടത് നഗരസഭയുടെ ബാധ്യതയാണ്. ആയവ ലഭ്യമാക്കാത്തതിനാൽ പ്രൊജക്ട് പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന താമസം " Interruption Of Project" എന്ന രീതിയിൽ കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എൻറോൾമെന്റ് യഥാസമയം പൂർത്തീകരിക്കാത്തത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള കരാർ ലംഘനമാണെന്നിരിക്കെ കരാർ വ്യവസ്ഥയിലെ 6.2 (ബി) അനുസരിച്ച് കെൽട്രോൺ കരാർ അവസാനിപ്പിക്കാതിരിക്കാൻ വേണ്ട നടപടികൾ നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 06/ തീ. 25.09.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകത നില നില്ക്കുന്നതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹63177.00 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. എൻറോൾമെന്റ് പൂർത്തീകരിച്ച് ഹരിത മിത്രം ആപ് എത്രയും വേഗം പ്രവർത്തന സജ്ജമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും ശ്രദ്ധ ഇക്കാര്യത്തിലേക്ക് കൊണ്ടുവരുന്നു.

## 1-31 മാലിന്യ സംസ്കരണം റിജക്റ്റ്സ് നീക്കം ചെയ്യൽ

| | |
|---|---|
| പ്രോജക്റ്റ് നം. / | 0019/23 (സ്പിൽ ഓവർ ) മാലിന്യസംസ്കരണം - റിജക്റ്റ്സ് നീക്കം |

| പേര് | ചെയ്യൽ |
|---|---|
| അടങ്കൽ | ₹ 951151.00 |
| ചെലവ് | ₹ 747438.00 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ബിൽ വിവരം | ₹ 194438.00 /19.11.2022 } PFMS Bill<br>₹ 553000.00 /31.03.2023 } |
| നിർവ്വഹണം | ഹെൽത്ത് സൂപ്പർവൈസർ |

പുനരുപയോഗത്തിനു സാധ്യതയില്ലാത്ത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് മുൻവർഷം തയ്യാറാക്കി സ്പിൽ ഓവറായി അംഗീകാരം ലഭിച്ച പ്രോജക്റ്റാണിത്. ഇതുമായി ബന്ധപ്പെട്ട മുൻവർഷത്തെ ഫയൽ (PH1/17470 /18 ) നഷ്ടപ്പെട്ടതിനാൽ ലഭ്യമായ രേഖകൾ ഉൾക്കൊള്ളിച്ച് പിന്നീട് തുടങ്ങിയ ഫയലാണ് പരിശോധനയ്ക്ക് ലഭ്യമായത്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹരിത കർമ്മസേന ശേഖരിച്ച തരം തിരിക്കാത്ത അജൈവ മാലിന്യങ്ങൾ നഗരസഭയുടെ MCF ൽ സൂക്ഷിച്ചിരുന്നത് നീക്കം ചെയ്യുന്നതിന് ഇക്കോ ഗ്രീൻ എന്ന സ്ഥാപനവുമായി കരാർ വയ്ക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്തിരുന്നെങ്കിലും മേൽ സ്ഥാപനം കരാറിലേർപ്പെടുവാൻ തയ്യാറാകാത്തതിനാൽ അടിയന്തിര സാഹചര്യം മുൻനിർത്തി ഈ തീരുമാനം റദ്ദ് ചെയ്ത് തിരുവോണം ഇക്കോ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രൊപ്പോസൽ അംഗീകരിക്കുവാൻ 11.04.2022 ൽ ചേർന്ന കൗൺസിൽ യോഗം തീരുമാനിച്ചു (തീരുമാനം3). സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ പ്രൊപ്പോസലിൽ പ്ലാസ്റ്റിക് /അജൈവ മാലിന്യങ്ങൾ ഏറ്റെടുത്ത് നീക്കം ചെയ്യുന്നതിന് തങ്ങൾക്ക് ഓറഞ്ച് കാറ്റഗറി സർട്ടിഫിക്കറ്റുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിച്ച മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ് ഗ്രീൻ കാറ്റഗറിയുടെതാണ്.

2. പുന: ചംക്രമണ സാധ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ കിലോയ്ക്ക് ₹6.25 സംസ്കരണ ചാർജ്ജ് ഈടാക്കി ഏറ്റെടുത്ത് സംസ്കരിക്കുന്നതിനാണ് സ്ഥാപനവും നഗരസഭാ സെക്രട്ടറിയുമായി കരാർ ഒപ്പു വച്ചിട്ടുള്ളത്. എന്നാൽ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള എംപാനൽഡ് ഏജൻസിയായി സ്ഥാപനത്തെ അംഗീകരിച്ചിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മാത്രവുമല്ല മാലിന്യം കൊണ്ടു പോകുന്നതും സംസ്കരിക്കുന്നതും എവിടെയാണെന്നതു സംബന്ധിച്ച ഒരു വിവരവും കരാറിലില്ല.

3. സ്ഥാപനവും ഹരിത കർമ്മസേനാ കൺസോർഷ്യം സെക്രട്ടറിയും ചേർന്ന് ഒപ്പു വച്ചിരിക്കുന്ന കരാറിൽ റീസൈക്കിൾ ചെയ്യാവുന്ന അജൈവ വസ്തുക്കൾ കിലോയ്ക്ക് ₹ 1.30 നിരക്കിൽ ഹരിത കർമ്മസേനയ്ക്ക് കൈമാറിക്കൊണ്ട് ഏറ്റെടുക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നഗരസഭയ്ക്ക് ഇത്തരത്തിൽ തുക ലഭിച്ചതിന്റെ വിവരമൊന്നും ഫയലില്ല.

4. മാലിന്യങ്ങൾ നീക്കുന്നതിനുപയോഗിക്കുന്ന വാഹനങ്ങൾ പാലിക്കേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് 6.09.2021ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി.) 1673/2021 ഉത്തരവിലെ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതും ജി.പി.എസ്. ഘടിപ്പിക്കുന്നതുൾപ്പെടെയുള്ള ഒരു വ്യവസ്ഥകളും ഈ കരാറിൽ പാലിച്ചിട്ടില്ല.

5. മാലിന്യം കൊണ്ടു പോയതിനു തെളിവായി സൂക്ഷിച്ചിട്ടുള്ള വെയ്ബ്രിഡ്ജ് വെയ്മെന്റ് സ്ലിപ്പിൽ ഒരേ വാഹനത്തിന്റെ പല ദിവസങ്ങളിലെ കാലി ഭാരം (Tare Weight) ഗണ്യമായ രീതിയിൽ വ്യത്യാസം കാണിക്കുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

| വാഹന നം. | തിയതി | കാലി ഭാരം | വ്യത്യാസം |
|---|---|---|---|
| AP39 U 1279 | 07.12.2022 | 11350kg | . |
| . | 26.03.2023 | 10070kg | 1280 Kg |
| KL20 Q 1093 | 24.03.2023 | 10920kg | . |

| | | | |
|---|---|---|---|
| . | 26.03.2023 | 11330kg | 410 Kg, |
| KL08 BZ6368 | 25.03.2023 | 5870kg | . |
| . | 27.03.2023 | 5670kg | 200 Kg. |

6. 26.01.2023 ലെ വെയ്മെന്റ് സ്ലിപ്പ് പ്രകാരമുള്ള KL18A-8389 വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖയനുസരിച്ച് ഈ വാഹനം യമഹ കമ്പനിയുടെ ഇരുചക്ര വാഹനമാണ്.

എം.സി.എഫിൽ നിന്ന് ലോഡ് കയറ്റുമ്പോഴും വെയ് ബ്രിഡ്ജിൽ തൂക്കം നോക്കുമ്പോഴും നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉണ്ടായിരുന്നില്ലെന്ന് മേൽ വസ്തുതകൾ വ്യക്തമാക്കുന്നു.

7. തിരുവോണം ഇക്കോ ഇൻഡസ്ട്രീസുമായി നഗരസഭ ആദ്യമുണ്ടാക്കിയ കരാറിന്റെ കാലാവധി 30.04.2022 മുതൽ 29.10.2022 വരെയായിരുന്നു. കരാർ കാലാവധി 31.03.2023 വരെ നീട്ടുന്നതിന് 19.11.2022 ൽ നഗരസഭാ ചെയർമാൻ മുൻകൂർ അനുമതി നൽകിയെങ്കിലും കരാർ ഒപ്പു വച്ചിരുന്നില്ല. പിന്നീട് ബ്രഹ്മപുരത്ത് തീപിടുത്തമുണ്ടായ സാഹചര്യത്തിൽ എം.സി.എഫിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാർ, ഹൈക്കോടതി നിർദ്ദേശങ്ങൾ വന്നതിനാൽ നഗരസഭ 21.03.2023 ൽ തിരുവോണം ഇക്കോ ഇൻഡസ്ട്രീസുമായി വീണ്ടും കരാറിൽ ഒപ്പു വച്ചു. ഈ കരാറിന് 31.3.2023 വരെയാണ് കാലാവധി. കരാർ നിലവിലില്ലാതിരുന്ന 30.10.2022 മുതൽ 20.03.2023 വരെ സ്ഥാപനം ഏറ്റെടുത്ത ഗ്ലാസ് ഉൾപ്പെടെയുള്ള 58.32 ടൺ മാലിന്യത്തിന്റെ സംസ്കരണ ചാർജ്ജ് ഇനിയും നൽകിയിട്ടില്ല. കരാർ കാലാവധി 30.10.2022 മുതൽ 31.03.2023 വരെ നീട്ടുന്നതിന് ചെയർമാൻ നൽകിയ മുൻകൂർ അനുവാദം സാധൂകരിച്ചുകൊണ്ടും ഇപ്രകാരം കാലാവധി നീട്ടി നൽകുന്നതിന് സർക്കാർ അനുമതിക്ക് അഭ്യർത്ഥിച്ചുകൊണ്ടും 14.02.2023 ൽ ചേർന്ന കൗൺസിൽ യോഗം തീരുമാനമെടുത്തിട്ടുണ്ട്. (തീരുമാനം 32). സർക്കാരിൽ നിന്ന് അനുമതി ലഭ്യമായെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.09, തീ.04.10.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ചെലവഴിച്ച ₹ 7,47,438.00 തടസ്സത്തിൽ വെയ്ക്കുന്നു.

**1-32 പച്ചക്കറി തൈ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല -ചെലവു തുക ₹125000.00 തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | 0118/23 /പച്ചക്കറി തൈവിതരണം |
| അടങ്കൽ | ₹ 175000.00 |
| ചെലവ് | ₹ 175000.00(വികസനഫണ്ട് ജനറൽ) |
| നിർവ്വഹണം | കൃഷി ഫീൽഡ് ഓഫീസർ |
| ബിൽ വിവരം | 1. 184/ 27.01.2023 -₹ 1,25,000.00<br>2. 191/03.02.2023 - ₹ 50,000.00 |

പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 27.07.2022 ലെ തീരുമാനം 1 പ്രകാരം ശുപാർശ ചെയ്ത് 29.07.2022 ലെ 3ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ച ഈ പ്രോജക്റ്റിന് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ലഭിച്ചത് 17.09.2022 ലാണ്.

2. പ്രൊജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റ് 29.11.2022 ൽ ചേർന്ന കൗൺസിലിന്റെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 03.12.2022 ലാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഫീൽഡ് ഓഫീസർക്ക് കൈമാറിയിരിക്കുന്നത്.

3. പച്ചക്കറി തൈകൾ ലഭ്യമാക്കിയിരിക്കുന്നത് ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നുമാണ്. ആയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1. ഇൻവോയ്സ് നം. ASC/002/2022-23 Dt 04.05.2022

2. ഇൻവോയ്സ് നം. ASC/123/ 2022-23 Dt 01.02. 2023

4. ആദ്യ ഇൻവോയ്സ് പ്രകാരം തൈ ഒന്നിന് ₹ 2.50 നിരക്കിൽ 50000 തൈകൾ സപ്ലൈ ചെയ്യുകയും 04.05.2022 ൽ സ്റ്റോക്ക് രജിസ്റ്റർ ഒന്നാം പേജിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തൈകൾ വിതരണം ചെയ്തതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. മാത്രവുമല്ല പ്രോജക്റ്റിനും ഗുണഭോക്തൃ ലിസ്റ്റിനും അംഗീകാരം ലഭിക്കുന്നതിനു മുൻപ് വാങ്ങൽ നടത്തിയതായി കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യമാണ്. ഈ സപ്ലൈ നടത്തിയതിന്റെ തുക ₹ 1,25,000.00 ബിൽ നം. 1 പ്രകാരം അനുവദിച്ചിട്ടുണ്ട്.

5 രണ്ടാം ഇൻവോയ്സ് പ്രകാരം 20000 തൈകൾ (ഒന്നിന് ₹ 2.50 നിരക്കിൽ) സപ്ലൈ ചെയ്തത് 01.02.2023 ൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 29 ൽ ചേർത്ത് 88 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ബിൽ നം. 2 പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ആദ്യ ഇൻവോയ്സ് പ്രകാരമുള്ള തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 19, തീ. 16.10.2023 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ബിൽ നം.1 പ്രകാരം ചെലവഴിച്ച ₹ 125000.00 തടസ്സത്തിൽ വെയ്ക്കുന്നു. വിതരണരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-33 ഫല വൃക്ഷ തൈ വിതരണം - പ്രൈസ് ലിസ്റ്റ് ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | S0130/23 /ഫല വൃക്ഷ തൈ വിതരണം |
| അടങ്കൽ | ₹1,00,000.00 ( വികസന ഫണ്ട് ₹ 75,000.00 ഗുണഭോക്തൃ വിഹിതം ₹ 25,000.00 ) |
| ചെലവ് | ₹1,00,000.00 |
| ബിൽ വിവരം | 192/03.02.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഫീൽഡ് ഓഫീസർ |

ഒരു യൂണിറ്റിൽ നാലു ഫല വൃക്ഷ തൈകളടങ്ങുന്ന 100 യൂണിറ്റ് തൈകൾ വാങ്ങി 75% സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.09.2022 ലെ ജി.ഒ. (ആർ.ടി) 2164/2022 ഉത്തരവിൽ ഫലവൃക്ഷ തൈകളുൾപ്പെടെയുള്ള നടീൽ വസ്തുക്കൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് ഗുണമേന്മ ഉറപ്പാക്കി നേരിട്ടു വാങ്ങി യഥാർത്ഥ വില നൽകാൻ വ്യവസ്ഥയുള്ളതിന്റെ അടിസ്ഥാനത്തിൽ കെയ്ക്കോയിൽ നിന്നാണ് തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. കെയ്ക്കോയുടെ 02.02.2023 ലെ 184/22-23 നം ഇൻവോയ്സിൽ ഏതെല്ലാം തൈകളാണ് വിതരണം ചെയ്തതെന്നോ ഓരോന്നിന്റെയും വിലയോ രേഖപ്പെടുത്തിയിട്ടില്ല. ഫലവൃക്ഷ തൈകൾക്ക് ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിട്ടില്ലാത്തതിനാലും കെയ്ക്കോയുടെ പ്രൈസ് ലിസ്റ്റ് ഫയലിൽ ഇല്ലാത്തതിനാലും കെയ്ക്കോയ്ക്ക് നൽകിയ തുകയുടെ കൃത്യത വിലയിരുത്താൻ സാധിച്ചില്ല. ഓഡിറ്റ് എൻക്വയറി നം. 20, തീ. 18.10.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളാൽ പ്രൊജക്ടിനായി ചെലവഴിച്ച ₹1,00,000.00 ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-34 സ്കൂളുകൾക്ക് അഗ്നിശമനോപകരണങ്ങൾ സ്ഥാപിക്കൽ,ഫിറ്റ്നസ് ഉറപ്പാക്കൽ**

ജി.ഒ. (ആർ.ടി) 2427/ 2007/പൊതു വിദ്യാഭ്യാസം / 01.06.2007 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എഞ്ചിനീയർമാർ സ്കൂളുകൾ പരിശോധിക്കേണ്ടതും കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. നഗരസഭകളുടെ കീഴിലുള്ള എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾ

ഉൾപ്പെടെയുള്ളവയ്ക്കും ഈ നിയമം ബാധകമാണ്. കൂടാതെ സർക്കുലർ നം.17565/ ഡിബി2/10/ ത.സ്വ.ഭ.വ./ 19.03.2010 പ്രകാരം 'എല്ലാ സ്കൂളുകളിലും അഗ്നി ശമനോപകരണങ്ങൾ സ്ഥാപിക്കണമെന്ന ബഹു. സുപ്രിം കോടതിയുടെ 13.04.09 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും വിദ്യാഭ്യാസ വകുപ്പ് കൈമാറിയതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ളതുമായ സ്കൂളുകളിൽ അഗ്നിബാധ ഒഴിവാക്കുന്ന തരത്തിലുള്ള നിർമ്മിതിയും സജ്ജീകരണങ്ങളും...' ഉറപ്പാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ നം. 792455 /ഇ.ഡബ്ല്യു3 /2016 ത.സ്വ.ഭ.വ/തീ.30.12.2016 പ്രകാരം, പ്രീ പ്രൈമറി സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഓഫീസ് മേധാവി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2022-23 കാലയളവിൽ മേൽ വിഷയത്തിൽ നഗരസഭ ക്രമ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22, തീ. 30.10.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ഫിറ്റ്നസിനായി അപേക്ഷിച്ച സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ളതാണെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഓഫീസ് മേധാവി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധന പാലിയ്ക്കപ്പെട്ടിട്ടില്ല.

## 1-35 വിവിധ സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. /പേര് | S0052/22 /വിവിധ സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 500000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 492100/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)<br>(BRN No. 221207447092500637700/ 11/10/2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ , ഗവ.എച്ച്.എസ്.എസ്, പെരുമ്പാവൂർ |

ഈ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE Ltd) എന്ന സ്ഥാപനത്തിൽ നിന്നും 13300/- രൂപ നിരക്കിൽ 37 യൂണിറ്റ് ബെഞ്ചും ഡെസ്കുമാണ് പർച്ചേസ് ചെയ്തിരിക്കുന്നത് ( 13300*37 = 492100). പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

A) ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങാനുള്ള അനുമതിയാണ് ഈ പ്രോജക്ടിന് ലഭിച്ചിട്ടുള്ളത് (അതായത് സ്റ്റോർ പർച്ചേസ് മാന്വൽ 2013 പാരഗ്രാഫ് 9.23 ന് സർക്കാർ ഇളവനുദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ). എന്നാൽ വാങ്ങലുകൾ നടത്തിയിരിക്കുന്ന കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് പ്രസ്തുത ഇളവ് ലഭിക്കാത്ത സ്ഥാപനമാണ്.

B) ഈ പ്രൊജക്ടിനായി ആർട്ട്കോയും (ARTCO Ltd) പ്രൊഫോമ ഇൻവോയ്സ് ലഭ്യമാക്കിയിരുന്നു. 02/02/2022 Mലെ GO(Rt) No 7/2022/SPD പ്രാകാരം ആർട്ട്കോ ലിമിറ്റഡിന് വാങ്ങൽ നടത്തിയ കാലയളവിൽ ടെണ്ടർ/ക്വട്ടേഷൻ കൂടാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്. ആർട്ട്കോ ലഭ്യമാക്കിയ പ്രൊഫോമ ഇൻവോയ്സിലേയും KSIE Ltd നൽകിയ ടാക്സ് ഇൻവോയ്സിലേയും നിരക്ക് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കും വിധമാണ്.

| സ്ഥാപനം | സാധനത്തിന്റെ വിവരങ്ങൾ | ആകെ തുക (ടാക്സ് ഉൾപ്പടെ) | എണ്ണം | നിരക്ക് |
|---|---|---|---|---|
| ARTCO LTD | S182233- Steel Wooden Desk-180*40*75 Cm-leg And Frame With MS Angle Iron And Top With Anjili/hardwod Plank , S12234- Steel Wooden Bench -180* 30*45 Cm-leg And Frame With MS Angle Iron | 497875/- | 52 | 9574.5 |

| | | | | |
|---|---|---|---|---|
| | And Top With Anjili/hardwod Plank | | | |
| KSIE LTD | Metal Wooden Bench, Desk 180*30*45 Cm Frame With Hard Wood (Bench), 180*40*75 Cm Frame With Book Rack (Desk) MS 1.25 Inch Square Tube 18 Guage | 492100/- | 37 | 13300 |

ARTCO Ltd, KSIE Ltd എന്നീ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ക്വട്ടേഷൻ നിരക്കുകൾ പരിശോധിച്ച് 26.04.2022 ന് പർച്ചേസ് കമ്മിറ്റിയെടുത്ത തീരുമാനത്തിൽ വ്യക്തതയില്ല. അത് ഇപ്രകാരമാണ്. *"M/s ARTCO Ltd. , M/s KSIE എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച സാമ്പിളുകൾ പരിശോധിച്ചതിൽ M/s ARTCO Ltd. സമർപ്പിച്ച സാമ്പിൾ പ്രകാരം ഒരു യൂണിറ്റിന് 9574.52/- രൂപയാണ്. M/s KSIE സമർപ്പിച്ച സാമ്പിൾ പ്രകാരം ഒരു യൂണിറ്റിന് 14,484/- രൂപയാണ്. M/s KSIE സമർപ്പിച്ച ഈ സാമ്പിൾ ഡെസ്കിന്റെ വർക്ക് എരിയ കൂടുതലും മെറ്റീരിയൽ കൂടുതൽ ഗുണമേന്മയുള്ളതും ബലമുള്ളതും ദീർഘകാലം ഈട് നിൽക്കുന്ന വസ്തുവിനാൽ നിർമ്മിതവുമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും കൂടാതെ ഡെസ്കിന് പുസ്തകം സൂക്ഷിക്കുന്നതിന് ഒരു റാക്ക് കൂടി ഉള്ളതിനാൽ സ്കൂൾ ആവശ്യത്തിന് ഏറെ ഉതകും വിധമാണ് ഫർണീച്ചർ രൂപ കൽപന ചെയ്ത് നൽകിയിട്ടുള്ളതെന്നും M/s ARTCO Ltd. എന്ന സ്ഥാപനം സമർപ്പിച്ച സാമ്പിൾ പ്രകാരമുള്ള ഡെസ്കിന് വില കൂടുതലാണെങ്കിലും വിലക്കനുസരിച്ച് ഗുണനിലവാരം ഉണ്ടെന്ന് കാഴ്ചയിൽ ബോധ്യപ്പെടുന്നുണ്ടെന്നതിനാൽ ടി സ്ഥാപനത്തോട് നെഗോഷിയേറ്റ് ചെയ്ത് ടി സ്ഥാപനത്തിന്റെ സാമ്പിൾ പ്രകാരമുള്ള ഫർണീച്ചർ വാങ്ങുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്."*
ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങാതെ അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയതിനും ഒരേ സ്പെസിഫിക്കേഷനിലുള്ള ഇനത്തിന് ഉയർന്ന നിരക്കിൽ കോട്ട് ചെയ്ത ഇൻവോയ്സ് സ്വീകരിച്ചതിനും വിശദീകരണം ആവശ്യമാണ്. കൂടാതെ പർച്ചേയ്സ് കമ്മറ്റി ഗുണ നിലവാരം കാഴ്ചയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സ്വീകരിച്ചതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആധികാരികമായി ക്ഷമതയുള്ള അധികാരികളുടെ നിർദ്ദേശമെ റിപ്പോർട്ടോ തേടിയതായി കണ്ടില്ല. മേൽ അപാകതകൾക്ക് 21/26.10.2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദീകരണത്തിനു വിധേയമായി ചെലവ് തുകയായ 492100/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-36 വിരമിച്ചവരും സേവനത്തിലിരിക്കെ മരിച്ചവരുമായ ജീവനക്കാർക്കുൾപ്പെടെ യൂണിഫോം വിതരണം ചെയ്തു**

| | |
|---|---|
| ഫയൽ നം | PH1-979/08 |
| വൗച്ചർ നം./ചെലവ് | 126-9/22തീയതി 30.09.2022 ₹245490.00 (യൂണിഫോം തുണി വില -തനതുഫണ്ട്) |
| വൗച്ചർ നം./ചെലവ് | 51-1/23 തീയതി 10.01.2023 ₹43080.00 (തയ്യൽക്കൂലി- തനതുഫണ്ട്) |

കോവിഡ് 19 ബാധിച്ചതിനു ശേഷമുള്ള സാമ്പത്തിക പ്രതിസന്ധി മൂലം നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് 2018-19 നു ശേഷം യൂണിഫോം വാങ്ങി നൽകിയിരുന്നില്ല. അടിയന്തിരമായി യൂണിഫോം വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിനും കാലതാമസം ഒഴിവാക്കി നേരിട്ട് വാങ്ങുന്നതിന് വേണ്ടി N.T.C, കൈത്തറി പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് മേൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സന്നദ്ധത ആരാഞ്ഞ് കത്ത് നൽകുന്നതിനും ഹെൽത്ത് സൂപ്പർവൈസർ കുറിപ്പെഴുതുകയും സെക്രട്ടറി 17.01.2022 ൽ ഇത് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ള സ്ഥാപനങ്ങൾക്ക് കത്തെഴുതുകയും ടെലിഫോണിൽ ബന്ധപ്പെടുകയും ചെയ്യുകയുണ്ടായി. മറുപടി ലഭിക്കാത്തതിനാൽ ടെൻഡർ നടപടി സ്വീകരിക്കുവാൻ 13.02.2022 -ൽ ഹെൽത്ത് സൂപ്പർവൈസറുടെ നിർദ്ദേശം 20.02.2022 -ൽ സെക്രട്ടറി അംഗീകരിക്കുകയും ചെയ്തു. ടെൻഡർ ക്ഷണിച്ചതിൽ ആകെ

ലഭിച്ചത് എറണാകുളം ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘത്തിന്റെ ടെൻഡർ മാത്രമാണ്. സഹകരണ (ബി) വകുപ്പിന്റെ 16.11.2009 -ലെ സ.ഉ. (എം.എസ്) നം.190/09/സഹ. ഉത്തരവ് പ്രകാരം ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളിൽ നിന്നും ടെൻഡർ കൂടാതെ നേരിട്ട് വാങ്ങൽ നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് ഹെൽത്ത് സൂപ്പർവൈസർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 30.04.2022 -ൽ സ്ഥാപനം സമർപ്പിച്ച പ്രൊഫോർമ ഇൻവോയിസിലെ നിരക്കിന് യൂണിഫോം സപ്ലൈ ചെയ്യുന്നതിന് 06.05.2022 -ൽ ചെയർമാന്റെ മുൻകൂർ അനുമതിയോടെ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെൻഡർ നടപടികളിൽ നിന്ന് ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘത്തെ ഒഴിവാക്കിയത് നിത്യോപയോഗ സാധനങ്ങളുടെ വാങ്ങലിന് മാത്രമാണ്. ടെൻഡർ നടപടികളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകുന്നതിൽ നിന്ന് മാത്രമാണ് സഹകരണ സംഘത്തിന് ഒഴിവ് നൽകിയിട്ടുള്ളത്. ആയതിനാൽ യൂണിഫോം വാങ്ങുന്നതിന് മറ്റു സ്ഥാപനങ്ങളോടൊപ്പം സഹകരണ സംഘത്തിന്റെ ടെൻഡറും പരിഗണിച്ച് വാങ്ങൽ നടത്തേണ്ടതായിരുന്നു. സഹകരണ സംഘം സമർപ്പിച്ച പ്രൊഫോർമ ഇൻവോയിസിലെ നിരക്കുകൾക്ക് യാതൊരു വിധ നെഗോസിയേഷനും ഇല്ലാതെ വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

2) ധന വകുപ്പിന്റെ 23.05.2017 -ലെ 38/2017 ധന. നമ്പർ സർക്കുലറിൽ പ്രതിവർഷ അലവൻസായ യൂണിഫോം അലവൻസ് അതാത് സാമ്പത്തിക വർഷത്തിൽ എപ്പോൾ വേണമെങ്കിലും ക്ലെയിം ചെയ്യാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷം ക്ലെയിം ചെയ്യേണ്ട യൂണിഫോം 2022-23 സാമ്പത്തിക വർഷത്തിൽ വാങ്ങി സേവനത്തിൽ നിന്ന് വിരമിച്ചവരും സേവനത്തിലിരിക്കെ മരിച്ചവരുമായ ജീവനക്കാർക്കുൾപ്പെടെ വിതരണം ചെയ്ത നടപടി ധനവകുപ്പിന്റെ മേൽ സർക്കുലറിനു വിരുദ്ധമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ സേവനത്തിലുള്ള ജീവനക്കാർക്കാണ് ആ വർഷത്തെ യൂണിഫോമിന് അർഹതയുള്ളത്. യൂണിഫോം ഡ്യൂട്ടി സമയത്തു ധരിക്കാനുള്ളതാണെന്നിരിക്കെ വിരമിച്ചവർക്കും മരണപ്പെട്ടവർക്കും അനുവദിച്ച നടപടി മൂലം സേവനത്തിൽ തുടരുന്ന 7 ജീവനക്കാർക്ക് യൂണിഫോം ലഭ്യമായതുമില്ല. (തയ്യൽക്കൂലി സേവനത്തിലുള്ള ജീവനക്കാർക്കു മാത്രമാണ് നൽകിയിട്ടുള്ളത്)

3) 2022-23 വർഷം കണ്ടിജന്റ് വിഭാഗത്തിൽ 19 പുരുഷന്മാരും 22 സ്ത്രീകളുമാണ് ജോലി ചെയ്തിരുന്നത്. എന്നാൽ സപ്ലൈ ഓർഡർ നൽകിയത് 18 പുരുഷന്മാർക്കും 23 സ്ത്രീകൾക്കുമാണ്. ഒരു ജീവനക്കാരിക്കു വേണ്ടി വാങ്ങിയ 4 ജോഡി യൂണിഫോമും ഓവർക്കോട്ടും, 2 ജോഡി ചപ്പൽ, ഒരു ജോഡി റെയിൻകോട്ട് എന്നിവ വിതരണം ചെയ്യാതെ സ്റ്റോറിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഇവ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ പരിശോധനയ്ക്കു ലഭ്യമാക്കുന്നതിന് 13.11.23 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 25 ) 21.12.2023 ൽ നല്കിയ മറുപടിയിൽ അധികമായി വാങ്ങിയ യൂണിഫോം സ്റ്റോറിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചു. സർക്കാർ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് വാങ്ങൽ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 വിദ്യാർത്ഥികൾക്ക് പഠനമുറി -അധിക തുക അനുവദിച്ചത്

പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, നടപ്പാക്കിയ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രൊജക്ടിൽ ഗുണഭോക്താവിന് വാല്യുവേഷനിൽ അധികരിച്ച് തുക കൈമാറിയിട്ടുണ്ട്. വിശദ വിവരം ഭാഗം.3, ഖണ്ഡിക 3-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-38 ലൈഫ് ഭവന പദ്ധതി (ജനറൽ) നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. / പേര് | 0083/2022-23 /ലൈഫ് ഭവന പദ്ധതി (ജനറൽ) |
| അടങ്കൽ | ₹55,51,141.00 |
| ചെലവ് | ₹54,80,000.00 (വികസന ഫണ്ട് - പൊതു വിഭാഗം) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, പെരുമ്പാവൂർ നഗരസഭ |

തദ്ദേശ സ്വയം ഭരണ (ഡി.എ.) വകുപ്പിന്റെ 28.05.2022 ലെ സ.ഉ. (കൈ) നം.115/ 2022/ ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ 6.7 ക്രമ നം. 1 പ്രകാരം ഭവന നിർമ്മാണത്തിന്റെ മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ ലൈഫ് മിഷൻ വ്യവസ്ഥകൾ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ബാധകമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 31.07.2017 ലെ സ.ഉ.(എം.എസ്) നം.151/2017/ത.സ്വ.ഭ.വ. ഉത്തരവ് ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി മാർഗ്ഗരേഖ 5.2 ഗുണഭോക്തൃ മുൻഗണനാ നിർണ്ണയ മാനദണ്ഡങ്ങൾ പ്രകാരം ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണെന്നും, മുനിസിപ്പാലിറ്റി പ്രദേശത്ത് അഞ്ചു സെന്റിലേറെ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെയും, ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലു ചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെയും ഒഴിവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾ പരിശോധിക്കാതെയാണ് താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) ശ്രീമതി. ഷാനിബ ജാഫർ, കാക്കനാട്ടിൽ, പൂപ്പാനി റോഡ്, പെരുമ്പാവൂർ എന്ന വ്യക്തിക്ക് (ഡി.പി.ആർ-7, വാർഡ് 9) വീട് നിർമ്മിക്കുന്നതിന് ആകെ ₹4,00,000.00 (ബിൽ നം. 64/14.09.2022, 151/27.12.2022, 83/08.02.2023) നൽകിയിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടുള്ള 56.55 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 9/73-A നമ്പർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്ത് അഞ്ചു സെന്റിലേറെ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പരിശോധിക്കാതെയാണ് ആകെ 12 ആർ 25 സ്ക്വയർ മീറ്റർ (30.26 സെന്റ്) വിസ്തീർണ്ണം സ്ഥലമുള്ള ടി കുടുംബത്തിന് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ശ്രീ. ജാഫർ കെ.എ, കാക്കനാട്ടിൽ, പെരുമ്പാവൂർ എന്ന വ്യക്തിയുടെ പേരിൽ പെരുമ്പാവൂർ സബ്ബ് രജിസ്ട്രാർ വക 1-ാം പുസ്തകം 2006 ലെ 3771-ാം നമ്പർ ആധാര പ്രകാരം പെരുമ്പാവൂർ വില്ലേജിൽ ബ്ലോക്ക് 23 ൽ 14072 നമ്പർ തണ്ടപ്പേരിൽ റീസർവ്വേ നമ്പർ 125 ൽ 12 ആർ 25സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്തിൽ നിന്നും പെരുമ്പാവൂർ സബ്ബ് രജിസ്ട്രാർ വക 1-ാം പുസ്തകം 2008 ലെ 5893-ാം നമ്പർ ആധാര പ്രകാരം പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 125 ൽ 2 ആർ 2 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലം ടിയാന്റെ ഭാര്യയായ ശ്രീമതി. ഷാനിബ ജാഫർ, കാക്കനാട്ടിൽ, പെരുമ്പാവൂർ എന്ന വ്യക്തിയുടെ പേരിൽ ധന നിശ്ചയാധാരം ചെയ്ത് നൽകിയിട്ടുള്ളത്. നഗരസഭയിൽ ഹാജരാക്കിയിട്ടുള്ള ഈ രണ്ട് ആധാര പ്രകാരം ഈ കുടുംബത്തിന്റെ പേരിൽ ആകെ 12 ആർ 25 സ്ക്വയർ മീറ്റർ (30.26 സെന്റ്) വിസ്തീർണ്ണം സ്ഥലം നിലവിലുണ്ട്.

(ബി) തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 04.10.2016 ലെ സ.ഉ.(സാധാ നം.2803/2016/ത.സ്വ.ഭ.വ. ഉത്തരവ് 1 (G) പ്രകാരം പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പദ്ധതി ഗുണഭോക്താക്കൾ അനുബന്ധം-1 ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താവിന്റെ പ്രസ്തുത അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(സി) അനുബന്ധം 4 ലെ പി.എം.എ.വൈ ഡിമാന്റ് സർവേ ഫോമിൽ (സർവ്വേ കോഡ് 6175475) ഗുണഭോക്താവിനെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന കോളങ്ങളിൽ ക്രമ നമ്പർ 27 ഈ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെ പേരിൽ രാജ്യത്ത് സ്വന്തമായി മറ്റെവിടെയെങ്കിലും വീട്/ഭൂമി ഉണ്ടോ എന്നതിനും ക്രമ നമ്പർ 27A ഉണ്ടെങ്കിൽ സ്ഥലത്തെ സംബന്ധിച്ച വിശദാംശങ്ങൾ എന്നതിനും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സർവ്വെയറുടെ അഭിപ്രായം, സർവ്വെയറുടെ പേര്, ഒപ്പ്,

തീയതി പരിശോധകന്റെ പേര്, ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അനുബന്ധം 4 ൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളെ സംബന്ധിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ഉറപ്പായും ലഭ്യമാക്കേണ്ടതാണെന്ന് പി.എം.എ.വൈ പദ്ധതി മാർഗ്ഗരേഖ 4.3 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

(2) ശ്രീമതി. സോഫിയ ബഷീർ, വെള്ളാപ്പിള്ളി, കാഞ്ഞിരക്കാട്, പെരുമ്പാവൂർ എന്ന വ്യക്തിക്ക് (ഡി.പി.ആർ 4, വാർഡ് 2) വീട് നിർമ്മിക്കുന്നതിന് ആകെ ₹4,00,000.00 (ബിൽ നം. 98/28.10.2022) നൽകിയിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടുള്ള 97.04 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 2/116-A നമ്പർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്ത് അഞ്ചു സെന്റിലേറെ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പരിശോധിക്കാതെയാണ് 5 ആർ 91 സ്ക്വയർ മീറ്റർ (14.59സെന്റ്) വിസ്തീർണ്ണം സ്ഥലമുള്ള ടി കുടുംബത്തിന് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ടിയാരിയുടെ ഭർത്താവായ ശ്രീ. ബഷീറിന്റെ പേരിൽ പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 40 ൽ 5 ആർ 91 സ്ക്വയർ മീറ്റർ (14.59 സെന്റ്) വിസ്തീർണ്ണമുള്ള സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

(ബി) അനുബന്ധം 4 ലെ പി.എം.എ.വൈ ഡിമാന്റ് സർവേ ഫോമിൽ (സർവ്വേ കോഡ്-6035314) ഗുണഭോക്താവിനെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന കോളങ്ങളിൽ ക്രമ നമ്പർ 29 സ്വന്തമായി ഭൂമി ഉണ്ടെങ്കിൽ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടത്തിയിട്ടില്ല. കൂടാതെ സർവ്വെയറുടെ അഭിപ്രായം, സർവ്വെയറുടെ പേര്, ഒപ്പ്, തീയതി പരിശോധകന്റെ പേര്, ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അനുബന്ധം 4 ൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളെ സംബന്ധിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ഉറപ്പായും ലഭ്യമാക്കേണ്ടതാണെന്ന് പി.എം.എ.വൈ പദ്ധതി മാർഗ്ഗരേഖ 4.3 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വാർഡ് കൗൺസിലറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

(3)ശ്രീ. ഷഹീബ് പി.എ, പുത്തിരി, റയോൺപുരം പി.ഒ എന്ന വ്യക്തിക്ക് (ഡി.പി.ആർ 8, വാർഡ് 27) വീട് നിർമ്മിക്കുന്നതിന് 14.02.2023 ൽ ₹40,000.00 (ബിൽ നം. 226/16.02.2023) നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) മുനിസിപ്പാലിറ്റി പ്രദേശത്ത് അഞ്ചു സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണെന്നുള്ള മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെയാണ് ചേലാമറ്റം വില്ലേജിൽ സർവ്വേ നമ്പർ 39 ൽ 4 ആർ 30 സ്ക്വയർ മീറ്റർ (10.62സെന്റ്) വിസ്തീർണ്ണം സ്ഥലമുള്ള ടി ഗുണഭോക്താവിനെ പരിഗണിച്ചിട്ടുള്ളത്.

(ബി) ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെയും ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടിയാളുടെ ഭാര്യയുടെ പേരിൽ സെലീറിയോ കാർ ഉണ്ട് എന്ന് പെരുമ്പാവൂർ നഗരസഭ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയ ശ്രീ. സിബി വി.എം നോട്ട് ഫയലിൽ രേഖപ്പെടുത്തി 10.06.2022 ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് (സർവ്വെ കോഡ് 6188409) പരിശോധിക്കാതെയാണ് ടിയാനെ പരിഗണിച്ചിട്ടുള്ളത്.

(സി) ഗുണഭോക്താവിനെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന അനുബന്ധം 4ലെ പി.എം.എ.വൈ. ഡിമാന്റ് സർവേ ഫോം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അനുബന്ധം 4 ൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളെ സംബന്ധിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ഉറപ്പായും ലഭ്യമാക്കേണ്ടതാണെന്ന് പി.എം.എ.വൈ. പദ്ധതി മാർഗ്ഗരേഖ 4.3 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 14.11.2023-ൽ നലകിയ ഓഡിറ്റ് എൻക്വയറി നം.26-ന് കേരള സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിലാണ് നാലു ചക്ര വഹനമുള്ളവരെയും 5 സെന്റിൽ അധികം സ്ഥലം ഉള്ളവരെയും അനർഹമായി കണ്ട് ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

തദ്ദേശ സ്വയം ഭരണ (ഡി.എ.) വകുപ്പിന്റെ 28.05.2022 ലെ സ.ഉ. (കൈ) നം.115/ 2022/ ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ 6.7 ക്രമ നം. 1 പ്രകാരം ഭവന നിർമ്മാണത്തിന്റെ മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ ലൈഫ് മിഷൻ വ്യവസ്ഥകൾ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ബാധകമാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 31.07.2017 ലെ സ.ഉ.(എം.എസ്) നം.151/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി മാർഗ്ഗരേഖ നഗരസഭയ്ക്കും ബാധകമാണ്.

എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തുമ്പോൾ അതിൽ ഏറെ ക്ലേശമനുഭവിക്കുന്നവർക്ക് സഹായമെത്തിക്കുക എന്നതാണ് പ്രധാനം. അനർഹരായവർ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നത് തദ്ദേശവികസനത്തിനുള്ള സാമ്പത്തിക വിഭവങ്ങളുടെ ദുരുപയോഗവും, അർഹരായവർ ഉൾപ്പെടാതെ പോകുന്നത് സാമൂഹിക നീതി നിഷേധവുമാണെന്നതിനാൽ രണ്ടും ഒരുപോലെ ഒഴിവാക്കേണ്ടതുമാണ്.

നഗരസഭ പി.എം.എ.വൈ ലൈഫ് ഭവന പദ്ധതിക്ക് മുകളിൽ സൂചിപ്പിച്ചിട്ടുള്ള പരാമർശ സർക്കാർ ഉത്തരവുകൾ ബാധകമല്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത് സംബന്ധിച്ച് വകുപ്പുതല സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ വിവരിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവഴിച്ച ₹840000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-39 ലൈഫ് ഭവന പദ്ധതി - 60 ചതുരശ്ര മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി തുക ഈടാക്കി

തദ്ദേശ സ്വയം ഭരണ (ഡി.എ.) വകുപ്പിന്റെ 27.04.2015 ലെ സ.ഉ. (എം. എസ്.) നം.144/2015/ തസ്വഭവ ഉത്തരവ് പ്രകാരം 60 ചതുരശ്ര മീറ്റർ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ വാസ ഗൃഹ കെട്ടിടങ്ങളെയും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, പെരുമ്പാവൂർ നഗരസഭ പി.എം.എ.വൈ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ 60 ചതുരശ്ര മീറ്ററിൽ താഴെയായിരുന്നിട്ടും പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | മേൽവിലാസം | കെട്ടിട നം, തറ വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി തുക, രസീത് നം. |
|---|---|---|---|---|
| 1 | 0084/2022-23/ ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി വിഭാഗം) | ശ്രീമതി. ഇന്ദു ശിവൻ, കാനാംപുറം, കാഞ്ഞിര ക്കാട്,പെരുമ്പാവൂർ (ഡി.പി.ആർ-4) | 3/336C, 57.232 ചമീറ്റർ | 535/- (122020101926 / 12.05.2022) |
| 2 | " | ശ്രീമതി. കാവിലി അഴകൻ, കുഞ്ഞിട്ടിക്കുടി, പുളിനാട് ലൈൻ, പെരുമ്പാവൂർ (ഡി.പി.ആർ-6) | 18/30B, 57.45 ച.മീറ്റർ | 637/- (123020103400 / 10.07.2023) |
| 3 | 0083/2022-23 /ലൈഫ് ഭവന പദ്ധതി (ജനറൽ) | ശ്രീമതി. സുബൈദ പി.കെ, പള്ളത്തുകുടി, കാഞ്ഞിരക്കാട് പെരുമ്പാവൂർ. (ഡി.പി.ആർ-7) | 3/275B, 49.32 ച.മീറ്റർ | ₹230.00 (40277/03.03.2023) |
| 4 | " | ശ്രീ. ഗോപാലകൃഷ്ണൻ വി, വട്ടോളി വീട്, കാരാട്ടുപള്ളിക്കര, പെരുമ്പാവൂർ (ഡി.പി.ആർ-8) | 10/293F, 55.76 ച.മീറ്റർ | ₹637.00 (123020102401/05.06.2023) |
| 5 | " | ശ്രീ. വേണു പി.ആർ, പറക്കാട്, ഇരങ്ങോൾ | 16/6A, 52.54 | ₹601.00 |

| | | | | |
|---|---|---|---|---|
| | | പി.ഒ, പെരുമ്പാവൂർ (ഡി.പി.ആർ-2) | ച.മീറ്റർ | (122020103759/28.06.2022) |

മേൽ വിഷയത്തിൽ 14.11.2023 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 27 -ന് ടി വിഷയത്തിൽ റവന്യൂ വിഭാഗത്തിൽ നിന്നും വിശദീകരണം നേടാവുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത കെട്ടിടങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-40 വൃദ്ധർക്ക് കട്ടിൽ വിതരണം -വിതരണ വിവരം അറിയിക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | S0078/23 (സ്പിൽ ഓവർ) / വൃദ്ധർക്ക് കട്ടിൽ വിതരണം (ജനറൽ) |
| അടങ്കൽ | ₹ 234900.00 |
| ചെലവ് | ₹ 213150.00 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ബിൽ നം. | 17/07.05.2022 (വികസന ഫണ്ട് ജനറൽ) |

ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ 71 പേരുടെ ലിസ്റ്റ് കൗൺസിലിന്റെ 28.12.2021 -ലെ 22-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആലുവയിലെ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ലഭ്യമായ 07.12.2021 ലെ PF/213/21-22 പ്രൊഫോർമ ഇൻവോയ്സ് 21.12.2021-ൽ ചേർന്ന പർച്ചേസ് കമ്മിറ്റി പരിഗണിക്കുകയും 1-ാം നമ്പർ തീരുമാനപ്രകാരം കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും കൗൺസിൽ 28.12.2021 -ലെ 33-ാം നമ്പർ തീരുമാനമനുസരിച്ച് ശുപാർശ അംഗീകരിക്കുകയും ചെയ്തു.

പ്രൊജക്റ്റ് പ്രകാരം 49 കട്ടിലുകൾ വാങ്ങിയതിൽ 48 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. വാർഡ് 13 -ലെ ചെരുവ, കോന്നംകുടി എന്ന ഗുണഭോക്താവ് മരണപ്പെട്ടു പോയതിനാൽ വിതരണം ചെയ്യാൻ സാധിക്കാതെ കട്ടിൽ നഗരസഭ ലൈബ്രറി ഹാളിൽ സൂക്ഷിച്ചിരിക്കുകയാണെന്നും നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ആളില്ലാത്തതിനാലും 2022-23 വാർഷിക പദ്ധതിയിൽ ജനറൽ കട്ടിൽ വിതരണ പദ്ധതി ഉൾപ്പെടുത്തിയതിനാലും ടി- കട്ടിൽ വിതരണം ചെയ്യുന്നതിന് അർഹതയുള്ള ഗുണഭോക്താവിനെ തെരഞ്ഞെടുത്ത് കൗൺസിൽ തീരുമാനം ലഭ്യമാക്കുവാൻ 17.10.2022-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നഗരസഭയ്ക്ക് കത്തു നൽകി. നഗരസഭാ ലൈബ്രറി ഹാളിനോട് ചേർന്നുള്ള അംഗൻവാടിയിൽ ടീച്ചറുടെ മേൽനോട്ട ചുമതലയിൽ ഏല്പിച്ചിരിക്കുന്ന കട്ടിൽ 25.10.2022 -ൽ ആരോ എടുത്തു കൊണ്ടുപോയതായി ലൈബ്രേറിയൻ വിളിച്ചറിയിച്ച വിവരം 26.10.2022-ൽ സൂപ്പർവൈസർ നഗരസഭയെ അറിയിച്ചിട്ടുണ്ട്. മോഷണം പോയ കട്ടിൽ 26.10.2022-ൽ ഒരു വ്യക്തി ലൈബ്രറി ഹാളിൽ തിരികെ എത്തിച്ചത് സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടെന്നും ഗുണഭോക്താവിനെ തെരഞ്ഞെടുത്ത് തീരുമാനം ലഭ്യമാക്കണമെന്നും 27.10.2022 -ൽ സൂപ്പർവൈസർ വീണ്ടും നഗരസഭയെ അറിയിച്ചിട്ടുണ്ട്. കൗൺസിൽ ഈ വിഷയം 28.01.2023 -ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും കട്ടിൽ മോഷണം പോയ കേസിൽ (ക്രൈം.232/2023) സീഷ്വർ മഹസർ തയ്യാറാക്കി കേസിന്റെ തെളിവിലേക്കായി കട്ടിൽ ബന്തവസ്സിലെടുത്തതിനാൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുന്നതിനായി മാറ്റി വയ്ക്കുകയും ചെയ്തു. (തീരുമാനം 7(7)). കട്ടിൽ വിതരണം ചെയ്യുന്ന മുറയ്ക്ക് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-41 വിദ്യാർത്ഥികൾക്ക് മേശ,കസേര വിതരണം - മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകി**

| | |
|---|---|
| പ്രൊജക്റ്റ് നം. / പേര് | 0155/23 /പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം |
| അടങ്കൽ | 150000 (വികസന ഫണ്ട് , എസ്.സി.പി) |

| | |
|---|---|
| ചെലവ് | 94000 (വികസന ഫണ്ട് , എസ്.സി.പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ , ഗവ.എച്ച്.എസ്.എസ്, പെരുമ്പാവൂർ |
| ബിൽ നം. | 343/27.03.2023 |

A) പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം മേശ , കസേര എന്നിവ ലഭിച്ച ഗുണഭോക്താക്കളിൽ 2 പേർ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ താമസക്കാരല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | ഗുണഭോക്താവിന്റെ പേര് | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീഭദ്ര സുധീർ | കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത് |
| 2 | അനാമിക രമേഷ് | കുവപ്പടി ഗ്രാമ പഞ്ചായത്ത് |

ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ പഠിക്കുന്ന സ്ഥാപനം ആനുകൂല്യം നൽകുന്ന തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ കീഴിലാണ് വരുന്നതെങ്കിലും ഗുണഭോക്താക്കൾ സ്ഥിര താമസമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ സ്കൂൾ രേഖകൾ ഹാജരാക്കി ആനുകൂല്യങ്ങൾ കൈപ്പറ്റുകയാണ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ആനുകൂല്യങ്ങൾ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

B) ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് ആവശ്യമായ രേഖകളില്ലാതെയാണ് ആനുകൂല്യം ലഭ്യമാക്കിയിരിക്കുന്നത്.

| നം | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|
| 1 | ശ്രീഭദ്ര സുധീർ | സ്കൂൾ സർട്ടിഫിക്കറ്റ് |
| 2 | അദ്വൈത് ശിവ പി അഖിൽ | സ്കൂൾ സർട്ടിഫിക്കറ്റ് |
| 3 | അതുൽ കെ എസ് | സ്കൂൾ സർട്ടിഫിക്കറ്റ് |
| 4 | യദുകൃഷ്ണ ബൈജു | സ്കൂൾ സർട്ടിഫിക്കറ്റ് |

28.05.2023 ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം115/2022/LSGD ഖണ്ഡിക 7.2.6 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചർ നൽകേണ്ടതെന്ന് വ്യക്തമാക്കുന്നു. ആയതിനാൽ മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം. 07/04.10.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളാൽ ചെലവഴിച്ച ₹ 94000.00 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

**1-42 പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചു**

2022-23 വർഷത്തിൽ നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ചില പെൻഷൻ ഗുണഭോക്തക്കൾ നഗരസഭയുടെ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ (13.11.2023 ന് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ് പ്രകാരം) തുടരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പലർക്കും മരണ ശേഷവും പെൻഷൻ തുക കൈമാറിയിട്ടുള്ളതായും കാണുന്നു. വിശദ വിവരങ്ങൾ ഭാഗം.3, ഖണ്ഡിക 3.5 – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-43 പെൻഷൻ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കിയില്ല**

ധനകാര്യ (എസ്.എഫ്.സി.-ബി) വകുപ്പിന്റെ 02.08.2021 ലെ 63/2021/ധന നമ്പർ സർക്കുലർ ഖണ്ഡിക 2(1) പ്രകാരം പ്രാദേശിക സർക്കാരിൽ അതാതു മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതാണ്. തുടർന്ന് വിവരങ്ങൾ പരിശോധിച്ച് മരണപ്പെട്ട / അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട

പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്. പെരുമ്പാവൂർ നഗരസഭയിൽ 2022-23 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളതും മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയവരുടെ മരണങ്ങളിൽ ക്ഷേമ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഇപ്പോഴും ആക്ടീവ് സ്റ്റാറ്റസിൽ തുടരുന്നതും പെൻഷൻ തുക വിതരണം ചെയ്തുവരുന്നവരുമുണ്ട്. ചുവടെ ചേർത്തിരിക്കുന്ന വ്യക്തികളുടെ മരണങ്ങൾ യഥാസമയം അതാത് പ്രാദേശിക സർക്കാരിൽ അറിയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 30 / തി. 17.11.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നം. | പേര്/ആധാർ നം. | സ്ഥിര താമസമാക്കിയ പ്രാദേശിക സർക്കാർ (പഞ്ചായത്ത് /നഗരസഭ) | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അവസാനമായി പെൻഷൻ വിതരണം ചെയ്ത മാസം | പെൻഷൻ വിഭാഗം |
|---|---|---|---|---|---|---|
| 1. | ശാന്ത ഗോപി (410422881133) | മുവാറ്റുപുഴ മുനിസിപ്പാലിറ്റി | 05.02.2023 | 09.02.2023 | 06/2023 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| 2 | ലീലാമ്മ എൽദോസ് (961515971787) | അശമന്നൂർ ഗ്രാമ പഞ്ചായത്ത് | 13.02.2023 | 21.02.2023 | 04/2023 | ,, |
| 3 | സൈനബ മൈതീൻ (509498329519) | രായമംഗലം ഗ്രാമ പഞ്ചായത്ത് | 05.06.2022 | 16.06.2022 | 06/2023 | ,, |
| 4 | കുഞ്ഞന്നം ഇട്ടീര (667969838194) | അങ്കമാലി മുനിസിപ്പാലിറ്റി | 16.11.2022 | 28.11.2022 | 06/2023 | ,, |
| 5 | രാധ കരുണാകരൻ (243283563986) | ഒക്കൽ ഗ്രാമ പഞ്ചായത്ത് | 10.02.2023 | 14.02.2023 | 06/2023 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 6 | ജോൺസൺ അബ്രഹാം സി വി (63529029117) | വെങ്ങോല ഗ്രാമ പഞ്ചായത്ത് | 19.04.2022 | 04.05.2022 | 06/2023 | ,, |
| 7 | സിദ്ധാർത്ഥൻ വേലായുധൻ (894309812755) | കൂവപ്പടി ഗ്രാമ പഞ്ചായത്ത് | 02.05.2022 | 20.06.2022 | 12/2022 | ,, |
| 8 | ഐഷ.ബാവു (356366559914) | നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് | 02.07.2022 | 19.07.2022 | 06/2023 | ,, |
| 9 | സി ആർ സുഗതൻ (506675594395) | അടിമാലി ഗ്രാമ പഞ്ചായത്ത് | 17.07.2022 | 25.07.2022 | 06/2023 | ,, |
| 10 | മാധവൻ നായർ പി കെ (720808185576) | കൂവപ്പടി ഗ്രാമ പഞ്ചായത്ത് | 19.07.2022 | 25.07.2022 | 02/2023 | ,, |
| 11 | പൈലി ആന്റണി (809794834576) | കൂവപ്പടി ഗ്രാമ പഞ്ചായത്ത് | 21.10.2022 | 31.10.202 | 06/2023 | ,, |
| 12 | പി വി ജോർജ് (293333141492) | വെങ്ങോല ഗ്രാമ പഞ്ചായത്ത് | 23.11.2022 | 02.12.202 | 02/2023 | ,, |
| 13 | വർഗ്ഗീസ് വർക്കി (322506366517) | മുടക്കുഴ ഗ്രാമ പഞ്ചായത്ത് | 22.12.2022 | 30.12.2022 | 04/2023 | ക്ഷേമനിധി ബോർഡ് പെൻഷൻ |

പ്രസ്തുത എൻക്വയറിക്ക് 15/12/2023 തീയതിയായി നൽകിയ A4-11308/2023 നമ്പർ മറുപടി പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ട മരണപ്പെട്ട ഗുണഭോക്താക്കൾ സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നിലവിൽ ടി ഗുണഭോക്താക്കൾ സസ്പെൻഡ് ആണെന്ന വിവരവും നഗരസഭ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങൾ കൃത്യമായി അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അറിയിക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 'നൈപുണ്യ നഗരം' ഡിജിറ്റൽ സാക്ഷരതാപദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. / പേര് | S0090/23 / വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | നഗരസഭാ സെക്രട്ടറി |
| അടങ്കൽ | ₹ 40,000.00 (വികസനഫണ്ട് ജനറൽ) |
| ചെലവ് വിവരം | ₹39890.00 |
| ബിൽ നം /തീയതി | 376 / 28.03.2023 |

പതിനാലാം പഞ്ച വത്സര പദ്ധതിയുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലും സബ്സിഡി മാർഗ്ഗരേഖയിലും 2022-23 വാർഷിക പദ്ധതിയിൽ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, നവ കേരളം കർമ്മ പദ്ധതി, മറ്റു വികസന മിഷനുകൾ, ഏജൻസികൾ, കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികൾ എന്നിവയുമായുള്ള സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണെന്നും ജില്ലയിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും വിഹിതം വകയിരുത്തി ഏറ്റെടുക്കേണ്ട സംയുക്ത /സംയോജിത പ്രൊജക്റ്റുകളെ സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ ചർച്ചകൾ നടത്തി തയ്യാറാക്കിയതും ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർബ്ബന്ധമായും ഏറ്റെടുക്കേണ്ടതുമായ പദ്ധതികളിലൊന്നാണ് നൈപുണ്യ നഗരം പദ്ധതി.ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ ജില്ലാ പ്ലാനിങ്ങ് ഓഫീസറുടെ 03.10.2022 ലെ 103578/22/ DPC/DPO/EKM/12 നം. കത്തിൽ വിശദമാക്കിയിട്ടുണ്ട്. സംയുക്ത പദ്ധതിയായതിനാൽ പദ്ധതിയിലുൾപ്പെട്ട വിവിധ പ്രവർത്തനങ്ങൾ വിവിധ സ്ഥാപനങ്ങൾക്കായി വിഭജിച്ചു നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നഗരസഭയുടെ ചുമതലയിൽപ്പെടുന്ന ചുമതലകൾ താഴെപ്പറയുന്നവയാണ്.

1. പദ്ധതിയിൽ പങ്കെടുക്കുന്നതിനു തൽപ്പരരായ 60 വയസ്സിനു മുകളിൽ പ്രായവും ഇംഗ്ലീഷ് വായിക്കാൻ അറിവുമുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുകയും 50 പേർക്കിരിക്കാവുന്ന ക്ലാസ്സ് റൂം, കസേര, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യം, കമ്പ്യൂട്ടറുകൾ സജ്ജീകരിക്കുന്നതിനുള്ള മേശകൾ, ഗുണഭോക്താക്കൾക്കുള്ള കുടിവെള്ളം തുടങ്ങിയവ ലഭ്യമാക്കുകയും ചെയ്യുക(കത്തിലെ ക്രമ നം. 3 പ്രകാരമുള്ള നിർദ്ദേശം).

2. പരിശീലനം കഴിയുന്ന മുറയ്ക്ക് IHRD സമർപ്പിക്കുന്ന ഇൻവോയ്സ് പരിശോധിച്ച് ഒരാൾക്ക് 800 രൂപ നിരക്കിൽ പരിശീലന തുക IHRD യുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചുനൽകുക ( ക്രമനം. 5).

3. 50 പേരുടെ ഈ പരിശീലനപരിപാടിയിൽ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കുകയും ഏറ്റവും ചുരുങ്ങിയത് 30 പേരെയെങ്കിലും പങ്കെടുപ്പിക്കുകയും കുറഞ്ഞത് 30 പേരുടെ പദ്ധതി തുക IHRD യ്ക്ക് കൈമാറുകയും ചെയ്യുക(ക്രമനം.6).

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. നഗരസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 25 പേരാണ് ഉൾപ്പെടുന്നത്. എന്നാൽ ഹാജർ രേഖകളനുസരിച്ച് പരിശീലനത്തിൽ പങ്കെടുത്ത 40 പേരിൽ 12 പേർ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ.

2. 2023 മാർച്ച് 18 മുതൽ 29 വരെയായിരുന്നു നിർദ്ദിഷ്ട പരിശീലന പരിപാടി. എന്നാൽ ഐ.എച്ച്. ആർ.ഡി. 25.03.2023 ൽ ഇൻവോയ്സും ഹാജർ വിശദാംശങ്ങളും നഗരസഭയിൽ സമർപ്പിക്കുകയും നഗരസഭ 28.03.2023 ൽ തുക അനുവദിക്കുകയും ചെയ്തു. 40 ഗുണഭോക്താക്കൾക്കായി 32000.00

രൂപയാണ് കൈമാറിയിട്ടുള്ളത്. പരിശീലനം പൂർത്തീകരിക്കുന്നതിനുമുമ്പേ തുക കൈമാറി.

3. പരിശീലനാർത്ഥികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നത് നഗരസഭയുടെ ഉത്തരവാദിത്വമാണ്. ചായയും സ്നാക്സും നൽകുന്നതിന് തുക വകയിരുത്തേണ്ടത് ജില്ലാ പഞ്ചായത്താണ്. എന്നാൽ അഞ്ചു ദിവസം ചായയും സ്നാക്സും നൽകിയ വകയിൽ ₹6120.00 പ്രോമിസ് ബേക്കറിക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഉച്ചഭക്ഷണം നൽകുന്നതിന് പദ്ധതി മോണിട്ടറിങ്ങ് എന്ന പ്രോജക്റ്റിൽനിന്ന് തുക വകയിരുത്തുവാൻ ചെയർമാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ചായ വാങ്ങുന്നതിനു ചെലവായ തുക ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ലഭിച്ചതിന്റേയും ഉച്ചഭക്ഷണം നൽകുന്നതിന് പ്രത്യേക അനുവാദം ലഭ്യമായതിന്റേയും വിവരം ഫയലിൽ ഇല്ല.

4. ഏതു വിഷയത്തിലാണ് പരിശീലനം നൽകിയതെന്നോ പരിശീലകർ ആരെന്നോ വിശദമാക്കുന്ന ഷെഡ്യൂളോ വിവരങ്ങളോ ഫയലിലില്ല.

5. പരിശീലനം പൂർത്തിയാക്കുന്ന ഗുണഭോക്താക്കൾക്ക് ഐ.എച്ച്. ആർ.ഡി യും ജില്ലാ ആസൂത്രണ സമിതി ചെയർമാനും ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണെന്ന് പ്രോജക്റ്റിൽ പറയുന്നുണ്ടെങ്കിലും സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകളില്ല.

6. പൂർത്തികരിച്ച പ്രൊജക്റ്റ് മോണിറ്ററിങ്ങ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.32 /20.11.2023 ) മറുപടി ലഭ്യമാക്കാത്തതിനാൽ 39890 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 വിജ്ഞാൻ വാടിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ

| | |
|---|---|
| പ്രൊജക്റ്റ് നം. /പേര് | S 0182/23 / കടുവാൾ വിജ്ഞാൻവാടിയിലേക്ക് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ, നെറ്റ് കണക്ഷൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭാ സെക്രട്ടറി |
| അടങ്കൽ | ₹1,00,000.00 (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | ₹53,837.00 |
| ബിൽ നം. /തീയതി | 241/25.02.2023 |

കടുവാൾ വിജ്ഞാൻ വാടിയിലേക്ക് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ, നെറ്റ് കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പ്രോജക്റ്റാണിത്. പ്രോജക്റ്റിന്റെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിജ്ഞാൻ വാടി കെട്ടിടം നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുന്ന സ്ഥാപനമാണോയെന്നും അവിടെ നടക്കുന്ന പ്രവർത്തനം എന്താണെന്നും സംബന്ധിച്ച രേഖകളൊന്നും ഫയലിലില്ല. വിജ്ഞാൻവാടിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ആവശ്യപ്പെട്ട് ആരും അപേക്ഷ സമർപ്പിച്ചിട്ടില്ല. കമ്പ്യൂട്ടർ എന്തുപയോഗത്തിനാണെന്നോ സ്പെസിഫിക്കേഷൻ തയ്യാറാക്കിയതാരാണെന്നോ വ്യക്തമല്ല. CPRCS മുഖേന കെൽട്രോണിൽനിന്ന് പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കിയാണ് HP Model Windows 11 കമ്പ്യൂട്ടർ വാങ്ങി മേൽ പ്രകാരം ചെലവു നടത്തിയിട്ടുള്ളത്. കമ്പ്യൂട്ടർ ലഭ്യമായത് 2023 മെയ് മാസത്തിലാണ്. സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു സ്റ്റോക്ക് രജിസ്റ്ററിലാണെന്ന് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.കമ്പ്യൂട്ടർ ടേബിൾ വാങ്ങുന്നതിന് സ്പിൽ ഓവറായി പ്രൊജക്റ്റ് അംഗീകരിച്ച് GeM വഴി ടേബിൾ ഓർഡർ ചെയ്തെങ്കിലും ഓർഡർ ക്യാൻസൽ ആയതിനാൽ ഇതുവരെ ടേബിൾ ലഭ്യമായിട്ടില്ല. ടേബിൾ കൂടി ലഭ്യമായതിനു ശേഷം പട്ടിക ജാതി വികസന ഓഫീസർ മുഖേന വിജ്ഞാൻ വാടിയിലേക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കാമെന്ന് 13.07.2023 ന് ഫയലിൽ കുറിപ്പെഴുതിയിട്ടുണ്ട്. ഇതിനു ശേഷം തുടർ നടപടി സ്വീകരിച്ചിട്ടില്ല. വാങ്ങിയ കമ്പ്യൂട്ടർ കൈമാറാത്തതിനാൽ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഇപ്പോഴും ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. കമ്പ്യൂട്ടറിന്റെ നിലവിലെ കസ്റ്റോഡിയൻ

ആരാണെന്ന് വ്യക്തമാക്കേണ്ടതാണെന്നും മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/21.11.2023) മറുപടി ലഭ്യമാക്കിയില്ല. സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-46 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം. / പേര് | തുക കൈമാറിയ സ്ഥാപനം | തുക | ഫണ്ട് | ബിൽ നം /തീയതി |
|---|---|---|---|---|---|
| 1 | S0086/23 / വയോമിത്രം | കേരള സാമൂഹ്യ സുരക്ഷാ മിഷൻ | 15,00,000.00 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് | PFMS 10.10.22 10 ലക്ഷം PFMS 10.11.22 5 ലക്ഷം |
| 2 | S0235/23 / കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് തുക | - ടി - | 50,000.00 | | 198/07.02. 2023 |
| 3 | S0087/23 /SSK വിഹിതം നൽകൽ | സമഗ്രശിക്ഷാ കേരളം | 7,50,000.00 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് | PFMS 07.10.22 5 ലക്ഷം PFMS 7.12.22 2.5 ലക്ഷം |
| 4 | S0085/23 / IKM വിഹിതം നൽകൽ | ഇൻഫർമേഷൻ കേരള മിഷൻ | 112208.00 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് | PFMS 07.10. 2022 |
| | | ആകെ | 2412208.00 | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.35/21.11.2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ മേൽ ചെലവഴിച്ച ₹2412208.00 ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-47 'ടേക്ക് എ ബ്രേക്ക്' വിശ്രമ കേന്ദ്രം - നടപ്പിലാക്കിയില്ല**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടിയുടെ മാർഗ്ഗരേഖ 06.03.2020 ലെ ജി.ഒ.(എം.എസ്.) നം.45/2020 ത.സ്വ.ഭ.വ. ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക് ' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ - സംസ്ഥാന പാതയോരങ്ങൾ, പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെട്ട 'ടേക്ക് എ ബ്രേക്ക് ' വിശ്രമ കേന്ദ്രം ഒരുക്കുന്നതിന് നഗരസഭ കഴിഞ്ഞ മൂന്ന് വാർഷിക പദ്ധതിയിലും തുക വകയിരുത്തിയെങ്കിലും പ്രൊജക്ട് നടപ്പിലാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ | പ്രൊജക്ട് ഉൾപ്പെട്ട | പ്രൊജക്ട് നം./ | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|

| നം | ത്തിയ സാമ്പത്തിക വർഷം | നിർവ്വഹണം | | |
|---|---|---|---|---|
| 1 | 2020-21 | 0363/20-21 മുനിസിപ്പൽ എഞ്ചിനീയർ | ₹2500000.00 (ശുചിത്വ മിഷൻ ഫണ്ട്) | ഇല്ല |
| 2 | 2021-22 | 0238/21-22 (സെക്രട്ടറി) | ₹200000.00 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | ഇല്ല |
| 3 | 2022-23 | S0010/22-23 (സെക്രട്ടറി) | ₹200000.00 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | ഇല്ല |

പ്രധാന സംസ്ഥാന പാതകളായ എം.സി. റോഡ്, ആലുവ -മൂന്നാർ റോഡ് എന്നിവ കടന്നു പോകുന്ന പെരുമ്പാവൂർ പട്ടണത്തിന് ഇത്തരത്തിലുള്ള ഒരു വിശ്രമ കേന്ദ്രം അനിവാര്യമായിരിക്കെ ഈ പദ്ധതി നടപ്പാക്കാൻ നഗരസഭ മതിയായ ശ്രദ്ധ കൊടുത്തില്ല.

**1-48 സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25.06.2002 ലെ ജി.ഒ. (പി) നം.105/2002/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം അപേക്ഷയിന്മേൽ തീരുമാനമെടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ 2022-23 വർഷത്തിൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ താഴെ കൊടുത്തിരിക്കുന്നവയിൽ തീരുമാനമെടുക്കുന്നതിൽ കാല താമസമുണ്ടായിട്ടുണ്ട്.

| നം | അപേക്ഷകന്റെ പേര് | വീട് നം | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് നൽകിയ തീയതി | കൗൺസിൽ അംഗീകരിച്ച തീയതി | പെൻഷൻ ലഭിച്ചു തുടങ്ങിയ മാസം |
|---|---|---|---|---|---|---|
| 1 | സദാനന്ദൻ വി.എൻ | 18/301 | 06/07/2021 | 20/03/2022 | 14/06/2022 | 01/2023 |
| 2 | ശശികുമാർ ടി.എൻ | 16/54D | 07/07/2021 | 18/02/2022 | 14/06/2022 | 01/2023 |
| 3 | ഐഷ ഹമീദ് | 22/709 | 06/07/2021 | 15/03/2022 | 14/06/2022 | 01/2023 |
| 4 | എബ്രഹാം പി ചെറിയാൻ | 12/283 | 13/07/2021 | 20/03/2022 | 14/06/2022 | 01/2023 |
| 5 | പി.ആർ.സുധീർകുമാർ | 19/39 | 20/07/2021 | 06/03/2022 | 14/06/2022 | 01/2023 |
| 6 | സുധീന്ദ്രകുമാർ കെ.എസ് | 13/400 | 28/07/2021 | 20/03/2022 | 14/06/2022 | 01/2023 |
| 7 | ബഹനാൽ പി.ജെ | 16/150 | 02/08/2021 | 11/02/2022 | 14/06/2022 | 01/2023 |
| 8 | പി.പി.വിജയൻ | 18/336 | 10/08/2021 | 18/03/2022 | 14/06/2022 | 01/2023 |
| 9 | അബ്ദുൾ ജബ്ബാർ | 3/245 | 18/09/2021 | 08/02/2022 | 14/06/2022 | 01/2023 |
| 10 | സലീം കെ.കെ | 25/107 | 18/10/2021 | 20/03/2022 | 14/06/2022 | 01/2023 |
| 11 | തസ്മീമ | 12/262 | 21/10/2021 | 20/03/2022 | 14/06/2022 | 01/2023 |
| 12 | മുസ്തഫ പി.കെ | 22/253 | 17/11/2021 | 20/03/2022 | 14/06/2022 | 01/2023 |
| 13 | ശ്യാമള ശശികുമാർ | 2/279 | 30/11/2021 | 28/03/2022 | 14/06/2022 | 01/2023 |
| 14 | പാപ്പച്ചൻ എം.ജെ | 13/456 | 07/12/2021 | 09/02/2022 | 14/06/2022 | 01/2023 |
| 15 | അമ്മിണി രവി | 5/331-B | 13/12/2021 | 06/03/2022 | 14/06/2022 | 01/2023 |
| 16 | യാക്കോബ് ടി.കെ | 18/342 | 13/12/2021 | 20/03/2022 | 14/06/2022 | 01/2023 |
| 17 | ശാന്ത കുഞ്ഞാവ് | 13/385 | 14/12/2021 | 06/03/2022 | 14/06/2022 | 01/2023 |
| 18 | ഹസ്സൻ വി.എ | 18/152 | 18/12/2021 | 20/03/2022 | 14/06/2022 | 01/2023 |

| | | | | | | |
|---|---|---|---|---|---|---|
| 19 | അമൃത മുരളീധരൻ പിള്ള | 11/49 | 18/12/2021 | 14/03/2022 | 14/06/2022 | 01/2023 |
| 20 | ബീവി അലി | 26/253 | 03/01/2022 | 10/03/2022 | 14/06/2022 | 01/2023 |
| 21 | തമ്പി ഇ.പി | 19/123 | 05/01/2022 | 20/03/2022 | 14/06/2022 | 01/2023 |
| 22 | അസീസ് സി.ജി. | 26/132 | 07/01/2022 | 16/03/2022 | 14/06/2022 | 01/2023 |

മേൽ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 04/11.09.2023 നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം വന്നതിന് വിശദീകരണം നൽകേണ്ടതാണ്. അപേക്ഷകളിൽ കാല താമസം കൂടാതെ നടപടി സ്വീകരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-49 അയ്യങ്കാളി തൊഴിലുറപ്പ് എല്ലാ മേഖലയിലും നടപ്പിലാക്കുന്നില്ല

നഗരസഭ 2022-'23 സാമ്പത്തീക വർഷത്തിൽ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ച വിവിധ പദ്ധതികളിൽ ചില മേഖലകളിൽ മാത്രമാണ് പദ്ധതികൾ നടപ്പിലാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുള്ളത്. ( ഉദാ. തരിശു ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ, ക്ഷീര കർഷകർക്ക് തൊഴിൽ ദിനം നൽകൽ, കാന ശുചീകരണം, കാടുകൾ വെട്ടിമാറ്റൽ, പി.എം.എ.വൈ. ഭവന നിർമ്മാണം, പച്ചക്കറി കൃഷിക്കായി നിലം ഒരുക്കൽ, പെരിയാർ വാലി കനാൽ/തോട് ശുചീകരണം) അംഗീകാരം ലഭിച്ചതും നടപ്പിലാക്കേണ്ടവയിൽ വളരെ പ്രാധാന്യം അർഹിക്കുന്നവയും, നഗരസഭ പരിധിയിൽ സമഗ്ര വികസനം സാധ്യമാക്കുന്ന തരത്തിൽ നിർബന്ധമായും പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതും, നടപ്പിലാക്കേണ്ടതുമായ പ്രവൃത്തികൾ ഏറ്റെടുക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.(ഉദാ. കമ്പോസ്റ്റ് കുഴി നിർമ്മാണം, വെയ്സ്റ്റ് കുഴി നിർമ്മാണം, മഴക്കുഴി നിർമ്മാണം, പരമ്പരാഗത ജല സ്രോതസുകളുടെ പുനരുദ്ധാരണം, സെപ്റ്റിക്ക് ടാങ്ക് & സോക്ക് പിറ്റ് നിർമ്മാണം, മാലിന്യ ശേഖരണവും സംസ്കരണവും, കിണർ നിർമ്മാണം, മത്സ്യകുള നിർമ്മാണം, പുഷ്പ കൃഷി, വൃക്ഷതൈ നടൽ, തീറ്റപുൽ കൃഷി). ഇതൊരു അപാകതയായി അവശേഷിക്കുന്നു.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ മാനദണ്ഡങ്ങൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ബാധകമാക്കിയിട്ടുണ്ട്. വൈവിധ്യമായ പദ്ധതികൾ മുന്നിലുള്ളപ്പോൾ സ്ഥിരം നടപ്പിലാക്കുന്ന പദ്ധതികളിൽ മാത്രം ശ്രദ്ധ വെയ്ക്കുകയും ആയത് മാത്രം നടപ്പിലാക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല. അംഗീകാരം ലഭിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

സ്ഥിരം നടപ്പിലാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്യുന്നതിനു ഉപരിയായി സമഗ്രമേഖലയും ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ എല്ലാമേഖലയിലും പുരോഗതി സാധ്യമാകുകയുള്ളു.തുടർനാളുകളിൽ നഗരസഭ പദ്ധതി നടപ്പിലാക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പരിഗണനവിധേയമാക്കേണ്ടതാണ്.

## 1-50 തൊഴിലുറപ്പ് പദ്ധതി ജി.എസ്.ടി കുറവ് ചെയ്യാത്തത്

നഗരസഭ 2022-'23 കാലയളവിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ഉൾപ്പടെയുള്ളവ ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകിയപ്പോൾ നിയമാനുസൃത ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല . 2017-ലെ C.G.S.T Act, സെക്ഷൻ 51 പ്രകാരം, സപ്ലൈ ഓർഡർ നൽകിയ ₹2,50,000/- മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% G.S.T സ്രോതസ്സിൽ നിന്നും ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്. തൊഴിലുറപ്പ് പദ്ധതിയുടെ സോഫ്റ്റ് വെയറിൽ നിയമാനുസൃത നികുതികൾ കുറവ് ചെയ്യുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. സാധന സാമഗ്രികളുടെ വിതരണക്കാർ നികുതി തുക നേരിട്ട് നഗരസഭകളിൽ ഒടുക്കുന്നത് ഉറപ്പുവരുത്തി മാത്രം കരാർ തുക അനുവദിക്കുന്നതിന് ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ 30/07/2019-ലെ നം.957/ ഇ.ജി.എസ്-സി/16/ ആർ.ഇ.ജി.എസ് സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം നഗരസഭയിൽ നടപ്പിലാക്കിയിട്ടില്ല. സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിലും ബില്ലിലും ജി.എസ്.ടി. വിഹിതം ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിനം. 10 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ പൂർത്തീകരിച്ച തൊഴിൽ ദിനങ്ങൾക്ക് കൂലി മാത്രമേ നല്കിയിട്ടുള്ളു എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. നിലവിൽ തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള MIS Software മാത്രമേ സജ്ജമാക്കിയിട്ടുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നികുതികൾ ഈടാക്കേണ്ട സാഹചര്യങ്ങളിൽ ആയത് കൃത്യമായി ഈടാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-51 കരാറുകൾ - മുദ്ര പത്രങ്ങൾ കൃത്യമായ മൂല്യത്തിലുള്ളവ ഉപയോഗിക്കുന്നില്ല

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള കരാറുകളിൽ പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികളിലും ഈ നിരക്കിലുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 11 / തീ. 04.10.2023 നുള്ള മറുപടിയിൽ പദ്ധതി പ്രകാരം ഓരോ സാമ്പത്തിക വർഷവും ആക്ഷൻ പ്ലാനും ലേബർ ബഡ്ജറ്റും തയ്യാറാക്കി ഡി.പി.സി അംഗീകരത്തോടു കൂടി പ്രവൃത്തി നടത്തുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭാവിയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

### 1-52 പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല

പൊതു മരാമത്ത് വകുപ്പ് മാനുവൽ (2112 – 1 – Fines For Extension Of Time Of Completion) വ്യക്തമാക്കുന്ന പ്രകാരം ഏറ്റെടുത്ത പ്രവൃത്തി കരാർ കാലയളവിൽ പൂർത്തീകരിക്കാൻ കരാറുകാരനു സാധ്യമാകാതെ വന്നാൽ ആദ്യത്തെ എക്സ്റ്റൻഷൻ കാലയളവിന് 1% (PAC) പിഴ പലിശയും തുടർന്നുള്ള കാലയളവിന് 2% (PAC) പിഴ പലിശയും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018 ലെ എ.സി.2/235/15 ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരവും ഇതേ വിഷയം സൂചിപ്പിച്ചിട്ടുണ്ട്. (പിഴ കൂടാതെ നിർമ്മാണ പ്രവൃത്തിയുടെ കാലാവധി 6 മാസം നീട്ടി കൊണ്ട് ഉത്തരവായിട്ടുണ്ട്. സ.ഉ. (സാ.ധാ) 1444/21. Lsgd, Dt.31/07/2021 പ്രകാരം 31/01/2022 വരെ) സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ചില പ്രവൃത്തികളിൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴ പലിശ ഈടാക്കാത്തതും, ഈടാക്കിയതിൽ കുറവും വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം -3, ഖണ്ഡിക 3 -1 ൽ വിശദമാക്കിയിട്ടുണ്ട്.

### 1-53 ഇന്റർ ലോക്കിംഗ് കട്ട വിരിക്കൽ - പൊളിച്ചെടുത്ത ഇന്റർ ലോക്കിംഗ് കട്ടകളുടെ ഉപയോഗം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ.) നടപ്പിലാക്കിയ താഴെ ചേർക്കുന്ന വിവിധ റോഡ് അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തികളിൽ ഇനം 1 പ്രകാരം നിലവിലുള്ള ഇന്റർ ലോക്കിംഗ് കട്ടകൾ പൊളിച്ചെടുത്ത് മാറ്റുകയാണ് ചെയ്തിട്ടുള്ളത്.പൊളിച്ചെടുത്ത കട്ടകൾ പുനരുപയോഗം ചെയ്യുമ്പോൾ അളവു പുസ്തകം ഇനം 3, 4 പ്രകാരം പുതിയ പേവിംഗ് ടൈൽ വിരിക്കുന്ന ഏരിയായിൽ ടൈലുകളുടെ എണ്ണത്തിൽ കുറവ് ചെയ്തതിട്ടില്ല. മാത്രവുമല്ല ഈ പേവിംഗ് ടൈലിന്റെ ഉപയോഗം അളവു പുസ്തകത്തിലോ ഫയലിലോ വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ നം./ പേര് | കരാറുകാരൻ /അളവ് പുസ്തകം / കരാർ | ചെയ്ത പ്രവൃത്തിയുടെ അളവ് | | അടങ്കൽ | ചെലവ്/ ബിൽ നം. തീ. |
|---|---|---|---|---|---|---|
| | | | ഇനം (പഴയ കട്ട നീക്കം ചെയ്യൽ) | ഇനം (പുതിയ കട്ട വിരിക്കൽ) /നിരക്ക്(OD) | | |

| | | | | | | |
|---|---|---|---|---|---|---|
| | | | /നിരക്ക് | | | |
| 1 | S0061/22-23/ കെ.എസ്.ആർ. ടി. സി. സ്റ്റാന്റ് മുൻവശം തോട്ടുങ്ങൽ റോഡ് അറ്റകുറ്റ പ്പണികൾ | കെ.ബി. ബാലസുബ്രമണ്യൻ / 11/22-23, 72/21-22 , തീ.31.03.22 | 1.001 (4.72 M3 X 390 = 1840.80) | 1.003 (305.4 M3 X 1121 = 342353.4) | 550000.00 (M/f-road) | 464116.00/ 137/16.12.2022 |
| 2 | S0069/22-23/ ലൈബ്രറി റോഡ് അറ്റകുറ്റപ്പണികൾ | എൽദോ വർഗ്ഗീസ്/ 49/22-23, 74/21-22, തീ.31.03.22 | 1.001 (15.42 M3 X 330= 5088.60) | 1.003 (1050 M3 X 853.62 = 896301) | 1444836.00 (M/f-road) | 1131435.00/ 138/ 20.12.22 |
| 3 | S0060/22-23/ കല്ലുങ്ങൽ റോഡ് അറ്റകുറ്റ പ്പണികൾ | ഒ.കെ. മോഹനൻ / 10/22-23, 71/21-22 തീ.01.03.22 | 1.001- (7.2 M3 X 393.9= 2836.08) | 1.003 (359.11 M3 X 1144= 410821.84) | 586705.00 (M/f-road) | 501631.00/ 36/ 27.06.22 |
| 4 | 0146/22-23, / വാർഡ് 21 ലെ ജി കെ പിള്ള റോഡ്, പോലീസ് സ്റ്റേഷൻ റോഡ്, പി.പി.റോഡ്, ബൈലൈൻ അറ്റകുറ്റപ്പണികൾ | അൻസാർ മുണ്ടാട്ട് (NEW)/E-MB, 25/22-23, തീ.23.12.22 | 1.001- (8.340 M3 X 429.37 = 3580.95) | 1.004 (417 M3 X 1442.07= 601343.19) | 929884.00 (M/f-road) | 929389.00/ 298/ 18.03.23 |
| ആകെ = 2097182.00 ((464116 (+) 1131435 (+) 501631 (+) 929389 = 3026571.00 (-) 929389.00 ) | | | | | | 2097182.00 |

(ക്രമ നം. 4 , പ്രൊജക്ട് നം. 0146/22-23 ലെ ₹ 929389.00, ഖണ്ഡിക നം. 1-59 ക്രമ നം.3 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ ഖണ്ഡികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.)

ഇന്റർ ലോക്കിംഗ് ടൈൽ വിരിക്കൽ (കട്ട വിരിക്കൽ) പ്രവൃത്തിയുടെ വിശദാംശങ്ങൾ-

1. ഇനം.1. 001 (4.72m3 X 390 = 1840.80) Tiling- 2.14.2. A ) Dismantling Of Flexible Pavements And Disposal Of Dismantled Materials Upto Lead Of 100m, Stacking Serviceable Materials Seperately As Per Technical Specification Clause 202 (II) By Mechanocal Means (A) Bituminous Courses എന്ന ഇനം ഉൾപ്പെടുത്തി തുക കൈമാറിയിട്ടുണ്ട്.

2. ഇനം.1.003 (305.4m3 X 1121 = 342353.4) Od 1712661/21-22. Providing And Laying 100mm Thick Factory Made Cement Concrete Interlocking Paver Block Making Machine With Strong Vibretory Compaction Of Approved Size Design &, Shape. Laid In Required Color And Pattern Over And Including 75mm Thick Compacted Bed Of Approved Cusion Material Compacting And Proper Embedding / Laying Of Of Interlocking Paver Block In To The Sand Bedding Layer Through Vibretory Compacting Using Plate Vibretor , And Cutting Of Paver Blockas Per Required Size And Pattern, Finishing And Sweeping Extra Sand In Heavy Traffic , Parking Etc. എന്ന പ്രവൃത്തിക്കും തുക കൈമാറിയിട്ടുണ്ട്.

3. ഇതിൽ ഒന്നാമത്തെ ഇനം പ്രവൃത്തി നേരത്തേ ഇന്റർലോക്ക് കട്ടകൾ വിരിച്ച ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ, ഉപയോഗ്യമായ പൊളിച്ചെടുക്കുന്ന കട്ടകൾ തന്നെ വീണ്ടും വിരിക്കുകയാണ് ചെയ്യുന്നതെങ്കിൽ, രണ്ടാമത്തെ ഇനം പ്രവൃത്തിയിൽ നിന്നും ഒന്നാമത്തെ ഇനത്തിലെ പൊളിച്ചെടുത്ത കട്ടയുടെ വില കുറവ് ചെയ്യേണ്ടതാണ്.

4. പൊളിച്ചെടുത്ത കട്ടകൾ നീക്കം ചെയ്തിട്ടുണ്ടെങ്കിൽ ആയത് സ്റ്റാക്ക് ചെയ്ത് ലേലത്തിൽ വിറ്റഴിക്കേണ്ടതും നഗരസഭക്ക് മുതൽക്കൂട്ടേണ്ടതുമാണ്. ഈ രണ്ട് നടപടികളും പ്രോജക്ട് ഫയലിലോ അളവു പുസ്തകത്തിലോ വ്യക്തമാക്കിയിട്ടില്ല. മേൽ കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന്

ഓഡിറ്റ് എൻക്വയറി നം. 24 , തീ.13.11.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ചെടുത്ത ഇന്റർ ലോക്കിംഗ് കട്ടകൾ ഉപയോഗിക്കുകയോ നഗരസഭയിൽ സ്റ്റാക്ക് ചെയ്യുകയോ ചെയ്തിട്ടില്ലെങ്കിൽ പൊളിച്ചെടുത്ത ഇന്റർ ലോക്കിംഗ് കട്ടകളുടെ ഏരിയ കണക്കാക്കി, അളവെടുത്ത് ആയതിന്റെ മൂല്യം കണക്കാക്കി അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ അപാകതകളുള്ളതിനാൽ പ്രൊജക്ടുകൾക്കായി ചെലവഴിച്ച ₹2097182.00 ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രവൃത്തിയിലൂടെ ലഭിക്കുന്ന സാധന സാമഗ്രികളുടെ ഉപയോഗം കൃത്യമായി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തിയിലൂടെ ലഭിക്കുന്ന സാധന സാമഗ്രികളുടെ വിനിയോഗം അളവു പുസ്തകത്തിലോ ഫയലിലോ രേഖപ്പെടുത്തേണ്ടതാണ്.

## 1-54 മണ്ണിന്റെ വില കുറവ് ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യൽ എന്ന ഇനം പ്രവൃത്തിയിൽ മണ്ണിന്റെ വില കുറവ് ചെയ്യാതെയാണ് കരാറുകാരന് ബിൽ തുക കൈമാറിയിരിക്കുന്നത്. വിശദ വിവരം ഭാഗം -3, ഖണ്ഡിക 3-2-ൽ വിശദമാക്കിയിട്ടുണ്ട്.

## 1-55 സൈറ്റ് പ്ലാനിന്റെ അഭാവത്തിൽ പ്രവൃത്തി നടത്തിയ ഏരിയ വ്യക്തമല്ല

സൈറ്റ് പ്ലാനിന്റെ വ്യക്തതയില്ലായ്മയും പ്രൊജക്ടിന്റെ സൈറ്റ് ഒന്നു തന്നെയായതിനാലും 2021-22, 2022-23 എന്നീ കാലയളവിൽ നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ അവ്യക്തത നിലനില്ക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. / പേര്/ അളവ് പുസ്തകം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | S0073/22-23 /പോലീസ് സ്റ്റേഷനു മുൻ വശത്തുള്ള റോഡ് അറ്റകുറ്റപ്പണികൾ(പഴയത്,2021-22) / 8/22-23 | അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ) | 200000.00 | 195511.00 |
| 2 | S0068/22-23 / ജി.കെ പിള്ള റോഡ് അറ്റകുറ്റപ്പണികൾ(പഴയത്,2021-22)/ 7/22-23 | അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ) | 240000.00 | 234921.00 |
| 3 | 0146/22-23 (പുതിയത്)/ വാർഡ് 21 ലെ ജി കെ പിള്ള റോഡ് , പോലീസ് സ്റ്റേഷൻ റോഡ്, പി.പി. റോഡ്, ബൈലൈൻ അറ്റ കുറ്റപ്പണികൾ (E-MB) | അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ) | 929884.00 | 929389.00 |
| . | . | ആകെ | . | 1359821.00 |

അപാകതകൾ ചുവടെ കൊടുക്കുന്നു

1. മേൽ പ്രവൃത്തികളുടെ അളവ് പുസ്തകത്തിലും, എസ്റ്റിമേറ്റിലും ഒരേയിനങ്ങൾ തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും എവിടെയാണ് പ്രവൃത്തി നടപ്പിലാക്കിയത് എന്നത് വ്യക്തമല്ല. കൃത്യമായ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ എവിടെയാണ് പ്രവൃത്തി നടത്തിയതെന്ന് അളവു പുസ്തകം പ്രകാരം മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്.

2. പ്രൊജക്ട് നം. 0146/22-23 / വാർഡ് 21 ലെ ജി കെ പിള്ള റോഡ് , പോലീസ് സ്റ്റേഷൻ റോഡ്, പി.പി. റോഡ്, ബൈലൈൻ അറ്റ കുറ്റപ്പണികൾ - എന്ന പ്രവൃത്തികളിൽ ഇനം 1- ആയി ഉൾപ്പെടുത്തിയിരിക്കുന്ന Dismantling Of Flexible Pavements & It >, Dismantling Of Flexible Pavements And Disposal Of Dismantled Materials Upto Alead Of 100m, Stacking Serviceble And Unserviceable Materials Seperately As Per Tchnical Spcification Clause 202 & It, Br > (Il), Br, By Mechanical Means &

lt & Br> (A) Bituminous Courses (8.340cum) എന്നതിലെ നീക്കം ചെയ്ത പേവിംഗ് ടൈലുകൾ വിനിയോഗ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പൊളിച്ചെടുത്ത പേവിംഗ് ടൈലുകൾ സ്റ്റാക്ക് ചെയ്തതിന്റെ വിവരം, പുനരുപയോഗിച്ചെങ്കിൽ ആയതിന്റെ വിവരം , പുനർലേലം വഴി നഗരസഭയിലേക്ക് മുതൽക്കൂട്ടിയതിന്റേയോ വിവരം എന്നിവയൊന്നും ഫയലിലോ അളവ് പുസ്തകത്തിലോ ഇല്ല. മേൽ അപാകതകൾ വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.15 തീ. 05.10.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകത നില നിൽക്കുന്നതിനാൽ ചെലവഴിച്ച ₹13,59,821.00 ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

സൈറ്റ് പ്ലാനിന്റ അഭാവം പ്രവൃത്തിയുടെ ചെയ്നേജ് എവിടെയെന്നതിന് വ്യക്തത കുറവ് വരുത്തുന്നുണ്ട്. ഓരോ പ്രവൃത്തിയുടേയും കൃത്യമായ രേഖകൾ, തെളിവുകൾ എന്നിവ ഫയലിനൊപ്പം ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പൊളിച്ചെടുത്ത പേവിംഗ് ടൈലുകളുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-56 ഉയർന്ന ജി.എസ്.ടി.നിരക്ക് ഉൾപ്പെടുത്തിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ എസ്റ്റിമേറ്റിൽ ജി.എസ്.ടി. നിരക്ക് ഉൾപ്പെടുത്തിയതിൽ കുറവ് വന്നിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ (ഇൻഡസ്ട്രീസ് & പബ്ലിക്ക് വർക്കസ് – ബി) നം.79/2022/ഫിൻ തീ.15.09.2022 സർക്കുലർ പ്രകാരം 18/07/2022 ന് ശേഷം പൂർത്തീകരിച്ച പ്രവൃത്തികളിന്മേൽ ജി.എസ്.ടി. നിരക്ക് 12% ൽ നിന്നും 18% ഉയർത്തിയിട്ടുണ്ട്. നഗരസഭ നടപ്പിലാക്കിയ പദ്ധതികളിന്മേൽ ഇത്തരത്തിൽ ഉയർന്ന നിരക്ക് അനുവദിച്ച് നല്കാത്തതുമൂലം ജി.എസ്.ടി ഇനത്തിൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ഭാഗം -3, ഖണ്ഡിക 3-3 ൽ വിശദമാക്കിയിട്ടുണ്ട്.

## 1-57 മരണമടഞ്ഞ ജീവനക്കാരുടെ അവകാശികൾക്ക് അർഹതപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും അനുവദിച്ചില്ല

1. നഗരസഭയിൽ നിന്ന് 31.05.2017 ൽ വിരമിച്ച സാനിട്ടേഷൻ വർക്കർ ശ്രീ എ. രവി 09.07.2020 ൽ മരണമടഞ്ഞു. ടിയാന്റെ അവകാശികൾക്ക് 19.05.2024 വരെ കുടുംബ പെൻഷൻ ഉയർന്ന നിരക്കിന് അർഹതയുണ്ട്. (15743.00 രൂപ ) എന്നാൽ 8/2020 മുതൽ 3/2021 വരെയുള്ള കുടുംബ പെൻഷൻ കുടിശ്ശിക അനുവദിച്ചപ്പോൾ കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുകയായ 6297.00 രൂപ കുറവു ചെയ്താണ് തുക അനുവദിച്ചിരിക്കുന്നത്. പെൻഷന്റെ കമ്മ്യൂട്ട് ചെയ്ത ഭാഗം കുടുംബ പെൻഷനിൽ നിന്ന് കുറവു വരുത്തേണ്ടതില്ല. എട്ടു മാസത്തെ കുടുംബ പെൻഷനിൽ നിന്ന് കുറവു വരുത്തിയ 50,376 രൂപ (6297 * 8). അവകാശികൾക്ക് ലഭിക്കാൻ അർഹതയുണ്ട്.(കുടിശ്ശിക നൽകിയതിന്റെ വിവരം – വൗച്ചർ നം. 62-4/22 തീയതി. 11.04.2022 രൂപ 103160.00 )

2. സേവനത്തിലിരിക്കെ 19.09.2021 ൽ മരണമടഞ്ഞ സാനിട്ടേഷൻ വർക്കർ ശ്രീ കെ.റ്റി.ശിവൻ കുഞ്ഞിന്റെ വിരാമ സറണ്ടർ (91 ദിവസം) തുക അനുവദിച്ചപ്പോൾ ഡി.എ. കണക്കു കൂട്ടിയിട്ടില്ല. അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത എന്നിവ ചേർന്ന തുകയ്ക്കാണ് വിരാമ സറണ്ടർ അനുവദിക്കേണ്ടത്.(അടിസ്ഥാന ശമ്പളം 33800.00, ഡിഎ7%, വീട്ടുവാടകബത്ത 6%) ക്ഷാമബത്ത പരിഗണിക്കാത്തതിനാൽ താഴെ കണക്കാക്കിയ പ്രകാരം കുറവു വന്ന 7176 രൂപ അവകാശികൾക്ക് ലഭിക്കാൻ അർഹതയുണ്ട്.

അനുവദിച്ച തുക 33800 + 0 + 2028 * 91/30 = 108679.00

അനുവദിക്കേണ്ടത് 33800 + 2366 + 2028 * 91 / 30 = 115855.00

കുറവു വന്ന തുക = 7176.00

( തുക നൽകിയതിന്റെ വിവരം - വൗച്ചർ നം 96-4/22 തീയതി 20.04.2022 രൂപ 108679.00)

## 1-58 വെട്ടിയിട്ട മരങ്ങളുടെ ലേലനടപടികളിൽ കാലതാമസം

നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കു സമീപവും നഗരസഭയിലെ വിവിധ പ്രദേശങ്ങളിലും അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ വെട്ടി നീക്കുന്നതിന് ഗണ്യമായ തുക ചെലവഴിക്കുന്നുണ്ട്. എന്നാൽ മരങ്ങൾ ലേലം ചെയ്ത വകയിൽ നഗരസഭയ്ക്ക് ഇതിനനുസൃതമായ വരുമാനം ലഭിക്കുന്നുമില്ല. തൻവർഷം മരം വെട്ടി നീക്കുന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | ഫയൽ നം. | തുക |
|---|---|---|---|
| 1 | 83-7/22 - 21.07.2022 | PH2-8344/21 | 8000.00 |
| 2 | 84-7/22 -21.07.2022 | PH2-1215/22 | 4500.00 |
| 3 | 85-7/22 - 21.07.2022 | PH2-10632/21 | 2000.00 |
| 4 | 86-7/22 - 21.07.2022 | PH2-9989/21 | 2500.00 |
| 5 | 87-7/22 - 21.07.2022 | PH2-13328/21 | 16000.00 |
| 6 | 97-7/22 – 26.07.2022 | PH2-7819/22 | 9500.00 |
| 7 | 104-7/22 – 27.07.2022 | PH2-15182/21 | 2500.00 |
| 8 | 13-8/22 – 05.08.2022 | PH2-6439/21 | 2750.00 |
| 9 | 77-9/22 – 22.09.2022 | PH2-7729/22 | 13500.00 |
| 10 | 78-9/22 – 22.09.2022 | PH2-7770/22 | 13000.00 |
| 11 | 39-10/22 – 14.10.2022 | PH2-9553/22 | 3000.00 |
| 12 | 20-1/23 – 05.01.2023 | PH2-7429/22 | 70000.00 |
| 13 | 33-1/22 – 06.01.2023 | PH2-11502/22 | 35000.00 (മുൻകൂർ) |
| 14 | 124-3/23 – 24.03.2023 | PH2-15266/22 | 38000.00 |
| ആകെ | | | 220250.00 |

മരങ്ങൾ വെട്ടുന്നത് ഹെൽത്ത് വിഭാഗത്തിന്റെയും ലേലനടപടി റവന്യൂ വിഭാഗത്തിന്റെയും ചുമതലയിലാണ് നടപ്പാക്കുന്നത്. വനം വകുപ്പിൽ നിന്ന് വിലനിർണ്ണയം നടത്തി മരം വെട്ടിയതിനുശേഷം ഫയൽ ലേലനടപടികൾക്കായി ഹെൽത്ത് വിഭാഗത്തിൽ നിന്നും റവന്യൂ വിഭാഗത്തിലേക്ക് നൽകുന്നു. ഇപ്രകാരം ലേലനടപടികൾ സ്വീകരിച്ച പി.എച്ച് 2-6439/21 എന്ന ഫയൽ പരിശോധിച്ചപ്പോൾ ലേലനടപടികൾക്ക് വളരെയധികം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടു. നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ ആളുകളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്നതും മുറിക്കേണ്ടതുമായ മരങ്ങൾക്ക് വിലനിർണ്ണയം നടത്തിക്കൊണ്ടുള്ള സോഷ്യൽ ഫോറസ്റ്റി റേഞ്ച് ഓഫീസറുടെ 01.04.2022 ലെ റിപ്പോർട്ട് 18.04.2022 ൽ ലഭിച്ചതനുസരിച്ച് ഹെൽത്ത് വിഭാഗം ക്വട്ടേഷൻ വിളിച്ച് മരങ്ങൾ മുറിച്ചുനീക്കി.വെട്ടിയിട്ട മരങ്ങൾ വാല്യുവേഷൻ പ്രകാരം ലേലം ചെയ്യുന്നതിന് 03.06.2022 ൽ ഫയൽ റവന്യൂ വിഭാഗത്തിനു കൈമാറി. പലതവണ ലേലം നടത്തിയെങ്കിലും വാല്യുവേഷൻ പ്രകാരമുള്ള തുകയ്ക്ക് ഏറ്റെടുക്കുവാൻ ആരും തയ്യാറാവാത്തതിനാൽ ഈ തടികൾ സ്കൂളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന്

വിറകായി ഉപയോഗിക്കുവാൻ അനുവാദം നൽകി 01.11.2023ലാണ് സെക്രട്ടറി ഉത്തരവുപുറപ്പെടുവിച്ചിട്ടുള്ളത്.മരങ്ങൾക്ക് വില നിർണ്ണയിച്ചുകൊണ്ടുള്ള റേഞ്ച് ഓഫീസറുടെ കത്തിൽ ഒരിക്കൽ നിശ്ചയിച്ചിട്ടുള്ള വിലകൾ പുനർനിർണ്ണയം നടത്തുന്നതല്ലയെന്നും നിശ്ചിതനിരക്കിൽ ലേലം നടന്നില്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുടെ വിവേചനാധികാരം ഉപയോഗിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഭാവിയിൽ നഗരസഭയ്ക്ക് വരുമാനം ലഭിക്കുന്നരീതിയിൽ ലേലനടപടികൾ പൂർത്തീകരിക്കേണ്ടതും കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

## 1-59 ഹോമിയോ ഡിസ്പെൻസറിയിലെ മരുന്നു വാങ്ങൽ പൂർണ്ണമായി ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. / പേര് പേര് | S0004/23 ഹോമിയോ ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ |
| അടങ്കൽ | 500000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് തുക | 500000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ബിൽ നം. | 249/02.03.2023 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓഫീസ് ഓർഡർ നം. 249/02.03.2023 പ്രകാരം 500000.00( അഞ്ച് ലക്ഷം) രൂപ പിൻവലിക്കുന്നതിനുള്ള അംഗീകാരം മെഡിക്കൽ ഓഫീസർ നൽകിയിട്ടുണ്ട്. ഈ തുക പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട ട്രഷറി ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 14.03.2023ന് തുക (500000.00 രൂപ) ലഭിച്ചതിന്റെ കേരള സ്റ്റേറ്റ് ഹോമിയോപതിക് ഫാർമസി ലിമിറ്റഡിന്റെ രസീത് ലഭിച്ചിട്ടുണ്ട്. എന്നാൽ 13.07.2023 ന് ലഭിച്ച 113105.00 രൂപയുടെ മരുന്നുകളുടെ പാർട്ട് സപ്ലൈ മാത്രമാണ് നിലവിൽ ലഭിച്ചിരിക്കുന്നത്. അവശേഷിക്കുന്ന തുകയ്ക്കുള്ള (386895.00 രൂപ) മരുന്ന് ലഭിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-60 സേവനത്തിൽ നിന്നു വിരമിച്ച റഗുലർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ക്ഷാമബത്താ കുടിശ്ശിക വിതരണം

സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ 1.1.2019 മുതലുള്ള ക്ഷാമബത്താ കുടിശ്ശികയും 1.7.2019 മുതലുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയും വിതരണം ചെയ്ത ബില്ലുകളിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം ഭാഗം.3 ഖണ്ഡിക 3-6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46/11.12.2023) 19.12.2023 ൽ ലഭ്യമാക്കിയ മറുപടിയിൽ റിപ്പോർട്ടിൽ പരാമർശിച്ച വ്യക്തികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർവിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-61 കണ്ടിജന്റ് വിഭാഗം പെൻഷൻകാരുടെ ക്ഷാമബത്താ കുടിശ്ശിക അനുവദിച്ചതിലെ അപാകത

നഗരസഭയിലെ കണ്ടിജന്റ് പെൻഷൻകാരുടെ 01.01.2019 മുതൽ 31.03.2021 വരെയുള്ള ക്ഷാമബത്താ കുടിശ്ശിക വൗച്ചർ നം135-3/23 തീയതി 28.03.2023 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. പരിശോധനയിൽ ചിലർക്ക് അർഹതയ്ക്ക് ഉപരിയായും ചിലർക്ക് കുറവായും കുടിശ്ശിക അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പെൻഷൻ/ കുടുംബ പെൻഷൻ അവകാശി | 01.01.2019 ലെ പെൻഷൻ (പഴയ നിരക്ക്) രൂപ | കുടിശ്ശിക അനുവദിച്ചത് രൂപ | കുടിശ്ശിക അനുവദി ക്കാവുന്നത് രൂപ | കുറവ് രൂപ | കൂടുതൽ രൂപ |
|---|---|---|---|---|---|---|
| 1 | നല്ലമ്മ, കുടുംബ പെൻഷൻ (മുത്തുസ്വാമി) | 8910 | 58281 | 25128 | - | 33153 |
| 2 | പൈലി ദേവസി, സർവ്വീസ് പെൻഷൻ | 14973 | 25128 | 42227 | 17099 | - |
| 3 | കല്യാണി, കുടുംബ പെൻഷൻ (വി.എ.തങ്കപ്പൻ) | 8910 | 42228 | 25128 | - | 17100 |

| | | | | | | |
|---|---|---|---|---|---|---|
| 4 | സരോജിനി , കുടുംബ പെൻഷൻ (വി. അയ്യപ്പൻ) | 16738 (14.05.19 വരെ)<br>10043 (15.05.19 മുതൽ) | 35250 | 29217 | - | 6033 |
| 5 | മണി, കുടുംബ പെൻഷൻ (വി.എസ്.വിജയകുമാർ) | 16890 | 35250 | 47632 | 12382 | |
| 6 | ഓമന ശശി , കുടുംബ പെൻഷൻ (വി.എ ശശി) | 14815(14.3.2021) വരെ<br>9962 (15.03.2021 മുതൽ) | 35250 | 41355 | 6105 | - |
| 7 | ലക്ഷ്മി മുത്തുസ്വാമി, കുടുംബ പെൻഷൻ (മുത്തുസ്വാമി) | 16543 (8.03.2020 വരെ)<br>9970 (9.03.2020 മുതൽ) | 35250 | 34236 | - | 1014 |
| | | | | ആകെ | 35586 | 57300 |

രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തി അധികമായി അനുവദിച്ച തുക തിരികെ പിടിക്കുന്നതിനും കുറവായി അനുവദിച്ച തുക അനുവദിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -നഷ്ടം (₹)28210

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ) 2005 ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തെ അടിസ്ഥാനമാക്കിയാണ് തൊഴിൽ നികുതി (എംപ്ലോയീസ് ) നിർണ്ണയിക്കേണ്ടത്. എന്നാൽ അർദ്ധ വാർഷിക വരുമാനത്തെ അടിസ്ഥാനമാക്കി തൊഴിൽ നികുതി കണക്കാക്കിയതിലെ പിഴവ് മൂലം നികുതി വരുമാനത്തിലുണ്ടായ കുറവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം (₹) | തൊഴിൽ നികുതി | | കുറവ് (₹) |
|---|---|---|---|---|---|---|---|
| | | | | | അടവാക്കിയത് (₹) | ഈടാക്കേണ്ടത് (₹) | |
| 1 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | സരിത കെ നായർ | I | 207360.00 | 1000 | 1250 | 250 |
| 2 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | റിൻസി ഐസക്ക് | I | 215520.00 | 1000 | 1250 | 250 |
| 3 | കെ.എസ്.എഫ്.ഇ, പെരുമ്പാവൂർ ശാഖ-2 | ലിസ്സിമോൾ കെ.എം | I | 126546.00 | 1000 | 1250 | 250 |
| 4 | മുത്തൂറ്റ്ഫിനാൻസ് ലിമിറ്റഡ് | ധന്യ രാജേഷ് | I | 130578.00 | 1000 | 1250 | 250 |
| 5 | നീതി മെഡിക്കൽ സ്റ്റോർ | മിനി സ്റ്റീഫൻ | I | 75000.00 | 600 | 750 | 150 |
| 6 | വിമല സെൻട്രൽ സ്കൂൾ | റെജിമോൾ ഫ്രാൻസിസ് | I | 75023.00 | 600 | 750 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | മാക്സ് വാല്യൂ ക്രഡിറ്റ് & ഇൻവെസ്റ്റ്മെന്റ് | ഉണ്ണിക്കുട്ടൻ പി.എസ്. (ക്രഡിറ്റ് ഓഫീസർ) | I | 103500.00 | 450 | 1000 | 550 |
| 8 | മാക്സ് വാല്യൂ ക്രഡിറ്റ് & ഇൻവെസ്റ്റ്മെന്റ് | അഖില സി.ആർ. | I | 103500.00 | 750 | 1000 | 250 |
| 9 | NTC ഹോൾ സെയിൽ ഷോപ്പ് | ചിത്ര സുനിൽ | I | 75000.00 | 600 | 750 | 150 |
| 10 | NTC ഹോൾ സെയിൽ ഷോപ്പ് | സജീർ എം.എ | I | 75000.00 | 600 | 750 | 150 |
| 11 | സാൻജോ ഹോസ്പിറ്റൽ | റ്റീന തോമസ് | I | 23828 * 6 = 142968.00 | 1000 | 1250 | 250 |
| 12 | സാൻജോ ഹോസ്പിറ്റൽ | അഞ്ചു എബ്രഹാം | I | 24710 * 6 = 148260.00 | 1000 | 1250 | 250 |
| 13 | സാൻജോ ഹോസ്പിറ്റൽ | അഞ്ചു അലക്സാണ്ടർ | I | 24710*6 = 148260.00 | 1000 | 1250 | 250 |
| 14 | സാൻജോ ഹോസ്പിറ്റൽ | മിനി കെ എ | I | 25592 * 6 = 153552.00 | 1000 | 1250 | 250 |
| 15 | സാൻജോ ഹോസ്പിറ്റൽ | മഞ്ചു പോൾ | I | 23828 * 6 = 142968.00 | 1000 | 1250 | 250 |
| 16 | സാൻജോ ഹോസ്പിറ്റൽ | മഞ്ചു ജോൺ | I | 23828 * 6 = 142968.00 | ₹1000 | ₹1250 | ₹250 |
| 17 | സാൻജോ ഹോസ്പിറ്റൽ | ശ്രീക്കുട്ടി സുകുമാരൻ | I | 24440 * 6 = 146640.00 | 1000 | 1250 | 250 |
| 18 | സാൻജോ ഹോസ്പിറ്റൽ | ദിപു കുരിയാക്കോസ് | I | 22407 * 6 = 134436.00 | 1000 | 1250 | 250 |
| 19 | സാൻജോ ഹോസ്പിറ്റൽ | അനില ജോൺ | I | 23575 * 6 = 141450.00 | 1000 | 1250 | 250 |
| 20 | സാൻജോ ഹോസ്പിറ്റൽ | സിമി പോൾ | I | 22307 * 6 = 133842.00 | 1000 | 1250 | 250 |
| 21 | സാൻജോ ഹോസ്പിറ്റൽ | ജോയ്സി എം.പോൾ | I | 21538 * 6= 129228.00 | 1000 | 1250 | 250 |
| 22 | സാൻജോ ഹോസ്പിറ്റൽ | രതീഷ് ചന്ദ്രൻ | I | 24111 * 6= 144666.00 | 1000 | 1250 | 250 |
| 23 | സാൻജോ ഹോസ്പിറ്റൽ | ആര്യ ജോൺ | I | 22846 * 6 = 137076.00 | 1000 | 1250 | 250 |
| 24 | സാൻജോ ഹോസ്പിറ്റൽ | എം.എൽദോ പോൾ | I | 18888*6= 113328.00 | 750 | 1000 | 250 |
| 25 | സാൻജോ ഹോസ്പിറ്റൽ | ഗീതു ജോൺ | I | 24980* 6 = 149880.00 | 750 | 1250 | 500 |
| 26 | സാൻജോ ഹോസ്പിറ്റൽ | ജോബി പി.ഡി | I | 19746 * 6 = | 750 | 1000 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 118476.00 | | | |
| 27 | സാൻജോ ഹോസ്പിറ്റൽ | ലിജോ പോൾ | I | 19748 * 6 = 118476.00 | 750 | 1000 | 250 |
| 28 | സാൻജോ ഹോസ്പിറ്റൽ | സിനി വർഗീസ് | I | 18349 * 6 = 110094.00 | 750 | 1000 | 250 |
| 29 | സാൻജോ ഹോസ്പിറ്റൽ | രമ്യ പി എം | I | 18094*6= 108564.00 | 750 | 1000 | 250 |
| 30 | സാൻജോ ഹോസ്പിറ്റൽ | എൽസി വി.പി | I | 18094 * 6 = 108564.00 | 750 | 1000 | 250 |
| 31 | സാൻജോ ഹോസ്പിറ്റൽ | ജെസ്സി ബൈജു | I | 19491 * 6= 116946.00 | 750 | 1000 | 250 |
| 32 | സാൻജോ ഹോസ്പിറ്റൽ | പോളി പി വി | I | 18099 * 6= 108594.00 | 750 | 1000 | 250 |
| 33 | സാൻജോ ഹോസ്പിറ്റൽ | ഷൈനി എം.പി | I | 19491 * 6= 116946.00 | 750 | 1000 | 250 |
| 34 | സാൻജോ ഹോസ്പിറ്റൽ | ഡാനി ഷാജൻ | I | 19199 * 6= 115194.00 | 750 | 1000 | 250 |
| 35 | സാൻജോ ഹോസ്പിറ്റൽ | റിനി തങ്കച്ചൻ | I | 18948 * 6= 113688.00 | 750 | 1000 | 250 |
| 36 | സാൻജോ ഹോസ്പിറ്റൽ | ജിഗല കിഷോർ നായക് | I | 20156 * 6= 120936.00 | 750 | 1000 | 250 |
| 37 | സാൻജോ ഹോസ്പിറ്റൽ | റിറ്റി സ്റ്റെയിൻസ് | I | 17996 * 6= 107976.00 | 750 | 1000 | 250 |
| 38 | സാൻജോ ഹോസ്പിറ്റൽ | പ്രീത കെ എസ് | I | 18956 * 6= 113736.00 | 750 | 1000 | 250 |
| 39 | സാൻജോ ഹോസ്പിറ്റൽ | നൈഗി തോമസ് | I | 18279 * 6= 109674.00 | 750 | 1000 | 250 |
| 40 | സാൻജോ ഹോസ്പിറ്റൽ | ബിസ്സി എബ്രഹാം | I | 18956 * 6= 113736.00 | 750 | 1000 | 250 |
| 41 | സാൻജോ ഹോസ്പിറ്റൽ | ഡിൻസി പോൾ | I | 19467 * 6 = 116802.00 | 750 | 1000 | 250 |
| 42 | സാൻജോ ഹോസ്പിറ്റൽ | സാനി അഗസ്തി | I | 19748*6 = 118494.00 | 750 | 1000 | 250 |
| 43 | സാൻജോ ഹോസ്പിറ്റൽ | വിൻസന്റ് പി വർഗീസ് | I | 19478 * 6 = 116868.00 | 750 | 1000 | 250 |
| 44 | സാൻജോ ഹോസ്പിറ്റൽ | നീതു നെൽസൺ | I | 17079 * 6 = 102474.00 | 750 | 1000 | 250 |
| 45 | സാൻജോ ഹോസ്പിറ്റൽ | ശ്രീന എം. എസ് | I | 18956*6 = 113736.00 | 750 | 1000 | 250 |
| 46 | സാൻജോ ഹോസ്പിറ്റൽ | ബിപിഷൻ ഖുര | I | 17996*6 = 107976.00 | 750 | 1000 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| 47 | സാൻജോ ഹോസ്പിറ്റൽ | ആനീസ് പി.ഒ | I | 17078*6 = 102468.00 | 750 | 1000 | 250 |
| 48 | സാൻജോ ഹോസ്പിറ്റൽ | മിനി ആന്റണി | I | 23692*6 = 142152.00 | 750 | 1250 | 500 |
| 49 | ഇൻഡസ് ഇൻഡ് ബാങ്ക് | ജോർജ് കുര്യൻ | II | 14000*6 = 84000.00 | 120 | 750 | 630 |
| 50 | ഇൻഡസ് ഇൻഡ് ബാങ്ക് | അരുൺ ശങ്കർ | II | 19000 * 6 = 114000.00 | 180 | 1000 | 820 |
| 51 | ഇൻഡസ് ഇൻഡ് ബാങ്ക് | വിനീത് രാജ് കെ | II | 45000*6 = 270000.00 | 750 | 1250 | 750 |
| 52 | ഇൻഡസ് ഇൻഡ് ബാങ്ക് | ബോണി ആന്റണി | II | 18000*6 = 108000.00 | 750 | 1000 | 250 |
| 53 | ഇൻഡസ് ഇൻഡ് ബാങ്ക് | ബേസിൽ പോൾ | II | 19000*6= 114000.00 | 750 | 1000 | 250 |
| 54 | ഇൻഡസ് ഇൻഡ് ബാങ്ക് | വിഷ്ണു ആർ | II | 20000*6 = 120000.00 | 750 | 1000 | 250 |
| 55 | ഇൻഡസ് ഇൻഡ് ബാങ്ക് | സതീഷ് ഇ. കെ. | II | 29000*6 = 174000.00 | 600 | 1250 | 650 |
| 56 | വിജയ് ഓട്ടോസ് | റജീല | I | 60000.00 | 450 | 600 | 150 |
| | വിജയ് ഓട്ടോസ് | റജീല | II | 60000.00 | 450 | 600 | 150 |
| 57 | വിജയ് ഓട്ടോസ് | സുമിത് | I | 48000.00 | 300 | 450 | 150 |
| | വിജയ് ഓട്ടോസ് | സുമിത് | II | 48000.00 | 300 | 450 | 150 |
| 58 | വിജയ് ഓട്ടോസ് | നീനു | I | 48000.00 | 300 | 450 | 150 |
| | വിജയ് ഓട്ടോസ് | നീനു | II | 48000.00 | 300 | 450 | 150 |
| 59 | ഹൈ പാലസ് | ലിജോ പോൾ | I | 10000*6 = 60000.00 | 120 | 600 | 480 |
| | ഹൈ പാലസ് | ലിജോ പോൾ | II | 10000*6 = 60000.00 | 120 | 600 | 480 |
| 60 | ഹൈ പാലസ് | അഖറുൾ ഹോക്ക് | I | 10000*6 = 60000.00 | 120 | 600 | 480 |
| | ഹൈ പാലസ് | അഖറുൾ ഹോക്ക് | II | 10000*6 = 60000.00 | 120 | 600 | 480 |
| 61 | ഹൈ പാലസ് | ജോ മന്ദർ | I | 10000*6 = 60000.00 | 120 | 600 | 480 |
| | ഹൈ പാലസ് | ജോ മന്ദർ | II | 10000*6 = 60000.00 | 120 | 600 | 480 |
| 62 | നക്ഷത്ര ഗോൾഡ് & ഡയമണ്ട്സ് | റൊമാരിയോ പി. എസ് | I | 123000.00 | 750 | 1000 | 250 |
| | നക്ഷത്ര ഗോൾഡ് & ഡയമണ്ട്സ് | റൊമാരിയോ പി. എസ് | II | 123000.00 | 750 | 1000 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| 63 | മിന്ന ട്രേഡേഴ്സ് | ആഷിഫ് വി.ജെ | II | 72000.00 | 120 | 600 | 480 |
| 64 | മുത്തൂറ്റ് വെഹിക്കിൾ & അസറ്റ് | ശ്രീലക്ഷ്മി സന്തോഷ് | II | 126000.00 | 450 | 1250 | 800 |
| 65 | മുത്തൂറ്റ് വെഹിക്കിൾ & അസറ്റ് | ആര്യ കെ.എസ് | II | 102000.00 | 750 | 1000 | 250 |
| 66 | മുത്തൂറ്റ് വെഹിക്കിൾ & അസറ്റ് | അലന ജോയ് | II | 96000.00 | 450 | 750 | 300 |
| 67 | മുത്തൂറ്റ് വെഹിക്കിൾ & അസറ്റ് | ആൻസൺ റെജി | II | 102000.00 | 750 | 1000 | 250 |
| 68 | വി.പി.എം. എന്റർ പ്രൈസസ് | ഷിജി പീറ്റർ | I | 72000.00 | 120 | 600 | 480 |
| . | വി.പി.എം. എന്റർ പ്രൈസസ് | ഷിജി പീറ്റർ | II | 72000.00 | 120 | 600 | 480 |
| 69 | വി.പി.എം. എന്റർ പ്രൈസസ് | അഞ്ചു രാജൻ | I | 72000.00 | 120 | 600 | 480 |
| . | വി.പി.എം. എന്റർ പ്രൈസസ് | അഞ്ചു രാജൻ | II | 72000.00 | 120 | 600 | 480 |
| 70 | വി.പി.എം. എന്റർ പ്രൈസസ് | ആനീസ് പി.ഡി | I | 72000.00 | 120 | 600 | 480 |
| | വി.പി.എം. എന്റർ പ്രൈസസ് | ആനീസ് പി.ഡി | II | 72000.00 | 120 | 600 | 480 |
| 71 | വി.പി.എം. എന്റർ പ്രൈസസ് | വിനോജ് കെ കെ | I | 90000.00 | 120 | 750 | 630 |
| | വി.പി.എം. എന്റർ പ്രൈസസ് | വിനോജ് കെ കെ | II | 90000.00 | 120 | 750 | 630 |
| 72 | വി.പി.എം. എന്റർ പ്രൈസസ് | എൽദോസ് | I | 90000.00 | 120 | 750 | 630 |
| | വി.പി.എം. എന്റർ പ്രൈസസ് | എൽദോസ് | II | 90000.00 | 120 | 750 | 630 |
| 73 | ഷാവലി ചുരിദാർ | ലിജി | II | 84000.00 | 600 | 750 | 150 |
| 74 | ഷാവലി ചുരിദാർ | ലത അജയൻ | II | 84000.00 | 600 | 750 | 150 |
| 75 | ഷാവലി ചുരിദാർ | കവിത ബിനിൽ | II | 84000.00 | 600 | 750 | 150 |
| | | | | ആകെ കുറവ് | | | 28210.00 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുകയായ 28210.00 രൂപ (ഒന്നാം അർദ്ധ വർഷം ₹17240.00, രണ്ടാം അർദ്ധ വർഷം ₹10970.00) ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 1 / തീ. 09.08.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടിയൊന്നും നൽകിയില്ല .

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് - നഷ്ടം ₹44950

2022-23 വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളിൽ ചുവടെ ചേർത്തിരിക്കുന്നവയിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തെ അടിസ്ഥാനമാക്കി തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നം | സ്ഥാപനം | കെട്ടിട നം. | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം(₹) | തൊഴിൽ നികുതി | | കുറവ് (₹) |
|---|---|---|---|---|---|---|---|
| | | | | | അടവാക്കിയത് (₹) | ഈടാക്കേണ്ടിയിരുന്നത് (₹) | |
| 1 | എലഗന്റ് എന്റർപ്രൈസസ് | 1/78 | I,II | 75000 | 600 | 750*2 | 900 |
| 2 | കെ ഒ ജോയ്, പെട്രോൾ പമ്പ് | 2/137 | I,II | 126000 | 1250 | 1250*2 | 1250 |
| 3 | പൊൻമണി എന്റർപ്രൈസസ് | 2/245 | I,II | 125000 | 750*2 | 1250*2 | 1000 |
| 4 | മലയാളീസ് ഊട്ടുപുര | 2/264 | I,II | 100000 | 450*2 | 1000*2 | 1100 |
| 5 | പ്രെസ്റ്റോൺ സോളാർ&വാട്ടർ സൊല്യൂഷൻ | 2/276 | I,II | 125000 | 600*2 | 1250*2 | 1300 |
| 6 | ഡയമണ്ട് ജന്റ്സ് ബ്യൂട്ടി പാർലർ | 2/281 | I,II | 69000 | 450*2 | 600*2 | 300 |
| 7 | സൈൻ ബ്യൂട്ടി പാർലർ | 3/198 | I,II | 75000 | 900 | 750*2 | 600 |
| 8 | ജെ കെ ഇൻഡസ്ട്രീസ് | 6/193A | I,II | 125000 | 900 | 1250*2 | 1600 |
| 9 | ഗ്യാലക്സി ഇലക്ട്രിക്കൽസ് | 7/112 | I,II | 30000 | 300 | 300*2 | 300 |
| 10 | എസ് എൻ ജ്വല്ലറി | 7/721 | I,II | 62000 | 600 | 600*2 | 600 |
| 11 | സെൻട്രൽ ട്രേഡിംഗ് സ്റ്റേഷനറി | 13/2 | I,II | 100000 | 450*2 | 1000*2 | 1100 |
| 12 | ഫ്രീഡം മോട്ടേഴ്സ് | 13/214 | I,II | 30000 | 300 | 300*2 | 300 |
| 13 | ഓട്ടോണിക്ക ഇൻഡ്യ | 13/212 | I,II | 30000 | 300 | 300*2 | 300 |
| 14 | അക്വമെടിക് അക്വേറിയൻ ഹാച്ചറി | 15/225 | I,II | 83000 | 600 | 750*2 | 900 |
| 15 | ഡെൽറ്റ പ്ലൈവുഡ്സ് | 16/107 | I,II | 125000 | 1250 | 1250*2 | 1250 |
| 16 | പേർഷ്യൻ ദർബാർ ഖുറേഷി മന്തി | 19/477A | I,II | 125000 | 1500 | 1250*2 | 1000 |
| 17 | അൻസാർ യു.എ, KSRTC സ്റ്റാൾ 14 | 19/ | I,II | 30000 | 300 | 300*2 | 300 |
| 18 | ടോട്ടൽ ഫോർ മെൻ | 22/ 297,296 | I,II | 60000 | 600 | 600*2 | 600 |
| 19 | ഡെല്ല ലേഡീസ് ടെയ് ലറിംഗ് | 22/320 | I,II | 60000 | 600 | 600*2 | 600 |
| 20 | കൊച്ചിൻ ട്രാൻസ്മിഷൻ | 20/142 | I,II | 60000 | 600 | 600*2 | 600 |
| 21 | ഹഫീസ് ഹോട്ടൽ | 20/213 | I,II | 47000 | 450 | 450*2 | 450 |
| 22 | ജൂവീറ്റർ മെഷിൻ ടൂൾസ് | 20/224 | I,II | 60000 | 600 | 600*2 | 600 |
| 23 | കലൂർ സ്റ്റീൽസ് | 20/309 | I,II | 100000 | 1500 | 1000*2 | 500 |
| 24 | ബ്രൂട്ട് ജെന്റ്സ് പാർലർ | 20/509 | I,II | 130000 | 900 | 1250*2 | 1600 |
| 25 | അക്ഷയ ഫാർമസ്യൂട്ടിക്കൽസ് | 20/ 641A,B,C | I,II | 100000 | 900 | 1000*2 | 1100 |
| 26 | വർഗ്ഗീസ് & കമ്പനി | 20/677 | I,II | 130000 | 1500 | 1250*2 | 1000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 27 | HDFC ബാങ്ക് | 20/ 1489, 1488, 1487 | I,II | 250000 | 1250 | 1250*2 | 1250 |
| 28 | അഭിലാഷ് ബെഡ് സെന്റർ | 20/ 960 A,B,C | I,II | 125000 | 1250 | 1250*2 | 1250 |
| 29 | നിഷ കോട്ടേജ്, എം.സി. കോപ്പിയിംഗ് സെന്റർ | 21/4 | I,II | 60000 | 600 | 600*2 | 600 |
| 30 | പൂണേലിൽ എയർട്രാവൽസ് | 21/293 | I,II | 125000 | 1200 | 1250*2 | 1300 |
| 31 | ന്യൂസ്റ്റാർട്ട് കമ്മ്യൂണിക്കേഷൻസ് | 21/366 | II | 125000 | 1250 | 450 | 800 |
| 32 | VM ഫുഡ്സ് & എക്സ്പോർട്ട്സ് | 21/581 | I,II | 65000 | 300*2 | 600*2 | 600 |
| 33 | സാൽമിയ ലൈഫ് ഫാർമ | 21/691 | I,II | 125000 | 1500 | 1250*2 | 1000 |
| 34 | സിറ്റി കളക്ഷൻ ഫാൻസി സ്റ്റോർസ് | 21/760 | I,II | 45000 | 450 | 450*2 | 450 |
| 35 | Acain ഹോം കാസ്റ്റിൽ | 21/770 | I,II | 125000 | 900 | 1250*2 | 1600 |
| 36 | അനാമിക സിൽവർ പാലസ് | 21/989 | I,II | 125000 | 1500 | 1250*2 | 1000 |
| 37 | മേബക്ക് പർദ്ദാസ്&ഗാർമെന്റ്സ് | 21/995 | I,II | 100000 | 1200 | 1000*2 | 800 |
| 38 | മെട്രോ മൊബൈൽസ് &ഇലക്ട്രോണിക്സ് | 21/1099 | I,II | 125000 | 900 | 1250*2 | 1600 |
| 39 | കാസനോവ റെഡിമെയ്ഡ്സ് | 21/1393 | I,II | 125000 | 750 | 1250*2 | 1750 |
| 40 | ചൈതന്യ ഫാൻസി | 21/1620 | I,II | 47000 | 300 | 450*2 | 600 |
| 41 | ഷാലിമാർ ഗാർഡൻ ടൂൾസ് | 21/1636 | I,II | 75000 | 600 | 750*2 | 900 |
| 42 | ജെ.എ.എൻറൻപ്രൈസസ് | 21/1770 | I,II | 78000 | 900 | 750*2 | 600 |
| 43 | അറേബ്യൻ ജെന്റ്സ് വെയർ | 21/1848 | I,II | 65000 | 600 | 600*2 | 600 |
| 44 | റയോൺ ഫാഷൻസ് | 21/1859 | I,II | 100000 | 900 | 1000*2 | 1100 |
| 45 | പെരുമ്പാവൂർ ടൂറിസ്റ്റ് ഹോം | 21/2116 | I,II | 126000 | 1250 | 1250*2 | 1250 |
| 46 | ടൈം പ്രൈവറ്റ് ലിമിറ്റഡ് ,എൻട്രൻസ് കോച്ചിങ് സെന്റർ | 21/2965 | I,II | 130000 | 1250 | 1250*2 | 1250 |
| 47 | ഇലാഹിയ ജ്വല്ലറി | 21/3116 | I,II | 125000 | 1500 | 1250*2 | 1000 |
| 48 | ജേഴ്സി വേൾഡ് | 21/3189 | I,II | 65000 | 600 | 600*2 | 600 |
| 49 | ഫ്രണ്ട്സ് റെഡിമെയ്ഡ്സ് | 24/177 | I,II | 125000 | 600 | 1250*2 | 1900 |
| **ആകെ കുറവ്** | | | | | | | **44950** |

അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈയിനത്തിൽ നഷ്ടമായ തുകയായ 44950.00/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08/ തീ.10.10.2023 ന് 14/12/2023 തീയതിയായി നൽകിയ R3/8284/23 നമ്പർ മറുപടി പ്രകാരം തൊഴിൽ നികുതി കൃത്യമായി അടവാക്കിയതായി അറിയിച്ച സ്ഥാപനങ്ങളെ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## 2-3 പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടത്തിന് ഫീസ് ഈടാക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു-9820/- രൂപ നഷ്ടം

ശ്രീ. ടി.പി. വർഗ്ഗീസ്, തോമ്പ്ര, അല്ലപ്ര & സി.വൈ. മീരാൻ, ചെന്താര, അല്ലപ്ര & ടി.ടി. രാജൻ, തോമ്പ്ര, പുല്ലുവഴി എന്ന വ്യക്തികളുടെ പേരിൽ പെരുമ്പാവൂർ വില്ലേജിൽ ബ്ലോക്ക് നം.65 സർവ്വേ നം. 304-11/5, റീസർവ്വേ നം. 8 -ൽ വാർഡ് 21 ൽ നിലവിൽ 1034.65 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിനോടൊപ്പം 491 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി 19.10.2011 ൽ BA -261/2010 -11 നമ്പർ പ്രകാരം 16.10.2014 വരെ കാലാവധിയുള്ള ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പിന്നീട് 17.10.2014 മുതൽ 16.10.2017 വരെ 3 വർഷവും, 17.10.2017 മുതൽ 16.10.2020 വരെ

3 വർഷവും, 11.11.2020 ലെ മുനിസിപ്പൽ സെക്രട്ടറിയുടെ BA-260/2010-11 നമ്പർ ഉത്തരവ് പ്രകാരം 10 വർഷ കാലയളവിനുള്ളിലെ 17.10.2020 മുതൽ 16.10.2021 വരെ 1 വർഷവും പെർമിറ്റ് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതു പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റ് കാലാവധി 16.10.2021 ൽ അവസാനിക്കുന്നതാണ്.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം XX ചട്ടം 15-2 പ്രകാരം 10 വർഷ കാലയളവ് കഴിഞ്ഞും കാലാവധി ദീർഘിപ്പിക്കേണ്ടതുണ്ടെങ്കിൽ ഈ ചട്ടങ്ങളിലെ അദ്ധ്യായം IX പ്രകാരം രൂപീകരിക്കുന്ന സമിതിക്ക് രേഖാ മൂലം അപേക്ഷ നൽകേണ്ടതാണ്. കൂടാതെ ചട്ടം 15 -3 പ്രകാരം ആദ്യ പെർമിറ്റ് അനുവദിച്ചതിനുശേഷം 10 വർഷം കഴിഞ്ഞുള്ള കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഫീസ് കാലാവധി ദീർഘിപ്പിച്ചു നൽകുന്ന സമയത്ത് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി ആയിരിക്കുന്നതാണ്. എന്നാൽ പെർമിറ്റ് കാലാവധി 16.10.2021ൽ അവസാനിച്ച പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥർ ചട്ട പ്രകാരം 10 വർഷ കാലയളവ് കഴിഞ്ഞും കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയൊ ഫീസ് അടവാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത കെട്ടിടത്തിന് 23.06.2022 ൽ മുനിസിപ്പൽ സെക്രട്ടറി ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയത് പ്രസ്തുത ഫീസ് ഈടാക്കാതെയാണ്. ഇതു പ്രകാരം 491 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 9820/- രൂപ (491 ച.മീ. X 10 = 4910 X 2) പെർമിറ്റ് ഫീസ് ഈടാക്കേണ്ടതായിരുന്നു.

ശ്രീ. സി.വൈ. മീരാൻ, ചെന്താര, അല്ലപ്ര & Ors പണി പൂർത്തീകരിച്ചിട്ടുള്ള കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കുന്നതിനായി 24.12.2021 ൽ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന APPENDIX E – Completion Certificate By The Owner സർട്ടിഫിക്കറ്റിൽ കംപ്ലീഷൻ തീയതി 21.12.2021 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. PW2-11392/10-11 (BA-261/10-11) നമ്പർ ബിൽഡിംഗ് പെർമിറ്റ് പ്രകാരം പ്രസ്തുത കെട്ടിടത്തിന് 23.06.2022 ൽ മുനിസിപ്പൽ സെക്രട്ടറി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയതിൽ കംപ്ലീഷൻ തീയതി രേഖപ്പെടുത്തിയിരിക്കുന്നത് 21.12.2021 എന്നാണ്. എന്നാൽ പെർമിറ്റ് കാലാവധി അവസാനിച്ചതിന് ശേഷമാണ് കെട്ടിട ഉടമ നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

പെർമിറ്റ് ഫീസിന്റെ ഇരട്ടി തുകയായ 9820.00 രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 44/07.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരവിനത്തിൽ നഗരസഭക്ക് നഷ്ടമായ 9820.00 രൂപ കെട്ടിടയുടമയിൽ നിന്നോ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 വാർഷിക വസ്തു നികുതി തുക ഈടാക്കിയതിൽ കുറവ്

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ 6 പട്ടിക 2 പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗമായിട്ടുള്ള റോഡിന്റെ വീതി അഞ്ചു മീറ്ററോ അതിൽ കൂടുതലോ ആണെങ്കിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് കണക്കാക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന് 22.03.2023 ൽ റവന്യൂ ഓഫീസർ വസ്തു നികുതി നിർണ്ണയ പ്രകാരം കെട്ടിട നമ്പർ നല്കിയിട്ടുള്ളത് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് കണക്കാക്കാതെയാണ്. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ വസ്തു നികുതി റിട്ടേണിനോടൊപ്പം (ഫോറം-2) ഹാജരാക്കിയിരിക്കുന്ന കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം രേഖപ്പെടുത്തിയിരിക്കുന്ന റോഡിന്റെ വീതി 8.5 മീറ്ററാണ്. വസ്തുനികുതി നിർണ്ണയം നടത്തിയതിലെ അപാകത ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റ വിസ്തീ (ച.മീ.) | നിർണയിച്ച നികുതി. (അർഹതപ്പെട്ട വർദ്ധനവ് 20% വഴി സൗകര്യം ഉൾപ്പെടാതെ) (ച.മീറ്ററിന് ₹ 9.00 നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി. അർഹതപ്പെട്ട വർദ്ധനവ് 20% വഴി സൗകര്യം ഉൾപ്പടെ (ച.മീ.ന് 9 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| 1 | 5/327 B<br>ശ്രീ. ആന്റണി വർഗ്ഗീസ്, കാരിപ്ര, കാഞ്ഞിരക്കാട്, റയോൺപുരം പി.ഒ, പെരുമ്പാവൂർ | 225.27 | 1824.00 | 2229.00 | 405.00 |

പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ഈടാക്കിയതിൽ 405.00 രൂപയുടെ കുറവ് വന്നിട്ടുണ്ട്.

വിശദീകരണം ലഭ്യമാക്കുന്നതിനായി 02.12.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.38 ന് പ്രസ്തുത കെട്ടിടത്തിന് മുൻപിലുള്ള സി.റി റോഡിന്റെ വീതി അസസ്സ്മെന്റിനായി ഉപയോഗിച്ച് വരുന്ന റോഡ് ലിസ്റ്റ് പ്രകാരം 4.20 മീറ്ററാണെന്നും ടി കെട്ടിടത്തിന് മുൻപിൽ റോഡിന് കൂടുതൽ വീതിയുണ്ടെങ്കിലും സി.റ്റി റോഡിന് കൂടുതൽ ഭാഗത്തും വീതി കുറഞ്ഞാണ് കാണപ്പെടുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

കെട്ടിട ഉടമ സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന ഭാഗത്തെ റോഡിന്റെ വീതി 8.5 മീറ്റർ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം പ്രസ്തുത കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത പരിഗണിച്ചാൽ 20% വർദ്ധനവ് കണക്കാക്കേണ്ടതാണ്. നഷ്ടമായ തുക ബന്ധപ്പെട്ട കെട്ടിടയുടമയിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല

പി.ഡബ്ലിയു.ഡി.മാന്യുവൽ (2112-1-fines For Extension Of Time Of Completion) വ്യക്തമാക്കുന്ന പ്രകാരം ഏറ്റെടുത്ത പ്രവൃത്തി കരാർ കാലയളവിൽ പൂർത്തീകരിക്കാൻ കരാറുകാരന് സാധ്യമാകാതെ വന്നാൽ ആദ്യത്തെ എക്സ്റ്റൻഷൻ കാലയളവിന് 1% (PAC) പിഴ പലിശയും തുടർന്നുള്ള കാലയളവിന് 2% (PAC) പിഴ പലിശയും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ.സി.2/235/15- ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും ഇതേ വിഷയം സൂചിപ്പിച്ചിട്ടുണ്ട്. (പിഴ കൂടാതെ നിർമ്മാണ പ്രവൃത്തിയുടെ കാലാവധി 6 മാസം നീട്ടി കൊണ്ട് ഉത്തരവായിട്ടുണ്ട്. സ.ഉ.(സാധാ) 1444/21. Lsgd, Dt.31/07/2021 പ്രകാരം 31/01/2022 വരെ) സർക്കാർ ഉത്തരവുകൾക്ക് വിധേയമായി താഴെ ചേർക്കുന്ന പ്രവൃത്തികളിൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴപലിശ ഈടാക്കാത്തതും, ഈടാക്കിയതിൽ കുറവും വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം./ പേര്/ കരാറുകാരൻ | PAC തുക / പൂർത്തീകരിച്ച തിയതി | ദീർഘിപ്പിച്ച കാലയളവ് | ഈടാക്കിയ പിഴ പലിശ | ഈടാക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | S0047/22-23, വാർഡ് 27 മുനവ്വൾ ഇസ്ലാം മദ്രസ റോഡ്, കനാൽ ബണ്ട് റോഡ്, കോടേലക്കടി റോഡ് മോസ്ക് അറ്റകുറ്റപ്പണികൾ (SO), ബിജീഷ് സി.ജി | 582739.00, / 31.03.22 | 30/03/22 മുതൽ 31.03.2023 വരെ (നാല് പ്രാവശ്യം) | 2502.00 | 40792.00 | 38290.00 |
| 2 | S 0072/22-23, ഗേൾസ് ഹൈസ്കൂളിന സമീപമുള്ള റോഡ് അറ്റകുറ്റപ്പണി (SO), കെ.ഐ. പൗലോസ് | 88764.00 / 30.06.22 | 01.07.2022 മുതൽ 31.12.2022 വരെ രണ്ട് പ്രാവശ്യം | 868.00 | 2663.00 | 1795.00 |
| 3 | S0066/22-23, സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ (SO), വിജയൻ വി.പി | 178262.00 / 30.03.22 | 1.04.22 മുതൽ 30.06.2022 വരെ ഒരു പ്രാവശ്യം | - | 1783.00 | 1783.00 |
| 4 | 0054/23, ആയുർവ്വേദാ ശുപത്രി സീവേജ് പൈപ്പുകൾ അറ്റ കുറ്റ | 121819.00 | 01.07.22 മുതൽ 31.01.2022 | - | 3654.00 | 3654.00 |

| | | | | | | |
|---|---|---|---|---|---|---|
| | പ്പണികൾ, സോക് പിറ്റ് സെപ്റ്റിക്ക് ടാങ്ക് എന്നിവയുടെ നിർമ്മാണം (SO), അബ്ദുൾ മജീദ് കെ.പി | 30.06.2022 | വരെ (രണ്ട് പ്രാവശ്യം) | | | |
| 5 | 0058/23, 22 വാർഡ് കാരോത്തി ലൈൻ റോഡ്, ഇ.എസ്.ഐ റോഡ്, ജി.എൻ.നായർ ലൈൻ റോഡ് അറ്റകുറ്റപ്പണികൾ (SO), ബിജീഷ് സി.ജി | 614411.00<br>31.03.22 | 01.04.22 മുതൽ 31.03.2023 വരെ (നാല് പ്രാവശ്യം) | 6533.00 | 43008.00 | 36475.00 |
| 6 | 0050/23, താലൂക്ക് ആശുപത്രി അറ്റകുറ്റപ്പണികൾ (SO), കെ.പി.ജോസ് | 786807.25<br>31.03.22 | 01.04.22 മുതൽ 31.03.2023 വരെ (നാല് പ്രാവശ്യം) | - | 55076.00 | 55076.00 |
| 7 | 0064/23, ടോയിലറ്റ് നിർമ്മാണം കാഞ്ഞിരക്കാട് എൽ.പി. സ്കൂൾ, ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ (SO), അബ്ദുൾ മജീദ് കെ.പി | 411861.00<br>31.06.22 | 01.07.22 മുതൽ 31.12.2022 വരെ (രണ്ട് പ്രാവശ്യം) | - | 12356.00 | 12356.00 |
| 8 | 0039/23, നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം (SO), എൽദോ എലിയാസ് | 910655.00<br>31.06.22 | 01.07.22 മുതൽ 31.12.2022 വരെ (രണ്ട് പ്രാവശ്യം) | - | 9107.00 | 9107.00 |
| 9 | 0251/22 (So), ലൈബ്രററി റോഡ് അറ്റകുറ്റ പ്പണികൾ, എൽദോ വർഗ്ഗീസ് | 1022786.53<br>30.06.22 | 01.07.22 മുതൽ 31.08.2022 വരെ (ഒരു പ്രാവശ്യം) | - | 10228.00 | 10228.00 |
| 10 | 0124/22 (So), പൊതു ടോയിലറ്റുകളുടെ അറ്റകുറ്റപ്പണികൾ, കെ.പി.അബ്ദുൾ മജീദ് | 178521.53<br>30.06.22 | 01.07.22 മുതൽ 31.12.2022 വരെ(രണ്ട് പ്രാവശ്യം) | - | 5355.00 | 5355.00 |
| 11 | 0212/22 (So) , അംഗൻവാടി അറ്റകുറ്റപ്പണികൾ, കെ.പി.അബ്ദുൾ മജീദ് | 421919.00<br>30.06.22 | 01.07.22 മുതൽ 11.11.2022 വരെ (രണ്ട് പ്രാവശ്യം) | . | 12657.00 | 12657.00 |
| 12 | 0179/22, വിവിധ ചിറകളുടെ നവീകരണം, കെ.കെ.ഷെല്ലി | 2916956.34<br>28.03.23 | 01.04.23 മുതൽ 01.11.2023 വരെ (രണ്ട് പ്രാവശ്യം) | . | 87509.00 | 87509.00 |
| 13 | 0038/23 (So), നഗരസഭ ക്വാർട്ടേഴ്സ് നവീകരണം, എൽദോ ഏലിയാസ് | 666846.94<br>31.03.22 | 01.04.22 മുതൽ 30.06.2022 വരെ (ഒരു പ്രാവശ്യം) | | 6668.00 | 6668.00 |
| | | | | | ആകെ | ₹280953.00 |

മേൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നപ്പോൾ നഗരസഭ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന നിയമാനുസൃതമായ പിഴ ഈടാക്കിയില്ല. ഈയിനത്തിൽ നഗരസഭക്ക് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.12 തീ.05.10.2023 പ്രകാരം

വിശദീകരണം ആവശ്യപ്പെടുകയും 20.12.2023-ൽ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാലും നഷ്ടമായ ₹2,80,953.00 ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ കൃത്യമായി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 മണ്ണിന്റെ വില കുറവ് ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ, മണ്ണ് നീക്കം ചെയ്യൽ എന്ന ഇനം പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണിന്റെ വില കുറവ് ചെയ്യുകയോ, മണ്ണിന്റെ ഉപയോഗം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം | പ്രൊജക്ട് നം/ പേര്/ നിർവ്വഹണം / അളവ് പുസ്തകം | ഇനം/മണ്ണിന്റെ അളവ് | മണ്ണിന്റെ വില | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | S0243/ 21-22/ Ksrtc റോഡ് ബസ് സ്റ്റാന്റ് - തോട്ടുങ്കൽ റോഡ് അറ്റകുറ്റപ്പണി/ അസിസ്റ്റന്റ് എഞ്ചിനീയർ/11/22-23 | 1.002-3.5.2/ 50.7380cum | M3@49/m3 | 2486.00 |
| 2 | S0251/22/ലൈബ്രററി റോഡ് അറ്റ കുറ്റ പ്പണികൾ /അസിസ്റ്റന്റ് എഞ്ചിനീയർ/49/22-23 | 2-3.5.2/ 132.2480 Cum | M3@49/m3 | 6480.00 |
| 3 | S0140 /22/ വാർഡ് 6-ലെ തോട് നന്നാക്കൽ / അസി.എഞ്ചിനീയർ/43/20-21 | 1-2.6.1/ 20.615 Cum | M3@49/m3 | 1010.00 |
| 4 | S0068/22/ഓഫീസ് നവീകരണം/ അസിസ്റ്റന്റ് എഞ്ചിനീയർ/ലഭിച്ചിട്ടില്ല | 39-2.1.1/ 32.64 Cum | M3@49/m3 | 1599.00 |
| 5 | S0159/22/21 - വാർഡിൽ ഒമ്പതുമുറി റോഡ് റീ-ടാറിംഗ്, കാളചന്ത റോഡ് ടൈലിംഗ്, ബസ്സ് സ്റ്റാന്റ് റോഡ്, ഫിഷ് മാർക്കറ്റ് റോഡ്, കാന അറ്റകുറ്റപ്പണി/ അസിസ്റ്റന്റ് എഞ്ചിനീയർ/81 /20-21 | 2-1.002-2.1.1/ 51.540 Cum | M3@49/m3 | 2525.00 |
| 6 | S0130/21 (So)/ വാർഡ് 9-ലെ തോട് നന്നാക്കൽ / അസിസ്റ്റന്റ് എഞ്ചിനീയർ/42/ 20-21 | 1.001-2.6.1/ 20.615 Cum | M3@49/m3 | 1010.00 |
| 7 | S0183/21/ 26 വാർഡിലെ കുത്തുകല്ല് റോഡ്, മോക്കകടവ് റോഡ്, വടക്കേക്കുടി റോഡ്, ചെന്താര റോഡ് ഐറിഷ് ഡ്രെയിൻ, ക്രാറിയേലി റോഡ് റീടാറിംഗ്-/ അസിസ്റ്റന്റ് എഞ്ചിനീയർ/77/21, 52/22 | 2.001-2.1.1/ 555.20 Cum | M3@49/m3 | 27204.8 |
| 8 | S0080/22/ വാർഡ് 9 കനാൽ ബണ്ട് റോഡ് സൈഡ് കോൺക്രീറ്റിംഗ് കനാൽ ബണ്ട് ബൈറോഡ് സൈഡ് കോൺക്രീറ്റിംഗ് മാർത്തോമ കോളേജ് ഡ്രെയിൻ മെയിൻറനൻസ് / അസിസ്റ്റന്റ് എഞ്ചിനീയർ/ 21/21-22 | 1.001-3.5.2/ 58.905 Cum | M3@49/m3 | ₹2886.3/- |
| 9 | 0134/22 (New)/വാർഡ് 4 കാവുമുഖം റോഡ്, പടിഞ്ഞാറേ നാട്ടുകാണി റോഡ്, എൽ.പി.സ്കൂൾ - പൂപ്പാനി റോഡ് എന്നിവയുടെ അറ്റകുറ്റപ്പണികൾ / അസിസ്റ്റന്റ് എഞ്ചിനീയർ/ E-MB | 1-3.5.2/ 90.73 Cum | M3@49/m3 | ₹4446.00 |
| | | | ആകെ | ₹49647.00 |

മേൽ പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ വില ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം.13 തീ. 05.10.2023 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും 20.12.2023-ൽ ലഭ്യമാക്കിയ മറുപടി

തൃപ്തികരമല്ലാത്തതിനാലും ടി-ഇനത്തിൽ നഷ്ടമായ 49647.00 രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 എസ്റ്റിമേറ്റിൽ ഉയർന്ന ജി.എസ്.ടി നിരക്ക് ഉൾപ്പെടുത്തിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ കുറഞ്ഞ നിരക്കിലാണ് ജി.എസ്.ടി ഉൾപ്പെടുത്തിയത്. ഫിനാൻസ് വകുപ്പിന്റെ (ഇൻഡസ്ട്രീസ് & പബ്ലിക്ക് വർക്ക്സ് - ബി) നം.79/2022/ഫിൻ തീ. 15.09.2022 സർക്കുലർ പ്രകാരം 18/07/2022 -ന് ശേഷം പൂർത്തീകരിച്ച പ്രവൃത്തികളിന്മേൽ ജി.എസ്.ടി നിരക്ക് 12% ൽ നിന്നും 18% ഉയർത്തി ഉത്തരവായിട്ടുണ്ട്. നഗരസഭ നടപ്പിലാക്കിയ പദ്ധതികളിൽ ഇത്തരത്തിൽ ഉയർന്ന നിരക്ക് ഉൾപ്പെടുത്താത്തതു മൂലം ജി.എസ്.ടി ഇനത്തിൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം./ പേര്/ പ്രവൃത്തി പൂർത്തീകരിച്ച തീ./ നിർവ്വഹണം | പ്രവൃത്തിയുടെ മൂല്യം / ഈടാക്കിയ ജി . എസ്.ടി. നിരക്ക് (12%) (₹) | ഈടാക്കേണ്ട ജി.എസ്.ടി. നിരക്ക് (18%)(₹) | കുറവ്(₹) |
|---|---|---|---|---|
| 1 | S0054/23 /കൺസ്ട്രക്ഷൻ സെപ്റ്റിക്ക് ടാങ്ക്, മെയിന്റനൻസ് സീവേജ് പൈപ്പ്സ്- ആയുർവ്വേദാശുപത്രി/ 16.02.2023 / അസിസ്റ്റന്റ് എഞ്ചിനീയർ | 116118.87<br>13934.26 | 20901.39 | 6967.13 |
| 2 | 0058/23/ 22 വാർഡിലെ കാരോത്ത് ലൈൻ റോഡ്, ഇ.എസ്.ഐ റോഡ്, ജി.എൻ നായർ ലൈൻ റോഡ്, എന്നിവയുടെ അറ്റകുറ്റ പ്പണി/ 14.03.2023/ അസിസ്റ്റന്റ് എഞ്ചിനീയർ | 583321.14<br>69998.53 | 104997.80 | 34999.27 |
| 3 | 0050/23/താലൂക്കാശുപത്രി അറ്റകുറ്റപ്പണി കൾ/09.03.2023/ അസിസ്റ്റന്റ് എഞ്ചിനീയർ | 531884.00 (Final Bill)<br>63826.08 | 95739.12 | 31913.12 |
| 4 | 0032/23/ഇരിങ്ങോൾ സ്കൂളിൽ വനിതകൾക്കുള്ള സൗഹൃദ ടോയിലറ്റുകൾ/ 20.01.2023/ അസിസ്റ്റന്റ് എഞ്ചിനീയർ | 282454.00 (Final Bill)<br>33894.48 | 50841.72 | 16947.24 |
| 5 | 0064/23/ടോയിലറ്റ് നിർമ്മാണം കാഞ്ഞിരക്കാട് എൽ.പി.സ്കൂൾ ഗേൾസ് ഹയർസെക്കന്ററി സ്കൂൾ/ 08.11.2022/ അസിസ്റ്റന്റ് എഞ്ചിനീയർ | 344169.57<br>47956.32 | 61950.52 | 13994.20 |
| 6 | 0053/23/അംഗൻവാടി അറ്റകുറ്റപ്പണികൾ / 11.11.2022/ അസിസ്റ്റന്റ് എഞ്ചിനീയർ | 385792.06<br>46295.04 | 69442.57 | 23147.53 |
| . | . | - | ആകെ | 127968.49 |

ഓഡിറ്റ് എൻക്വയറി നം.14 തീ. 05.10.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാരിന് ലഭിക്കേണ്ട ജി.എസ്.ടി. വിഹിതം ക്രമീകരിച്ച് അടവാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 വിദ്യാർത്ഥികൾക്ക് പഠന മുറി -അധിക തുക അനുവദിച്ചത്

| | |
|---|---|
| പ്രോജക്ട് നം. / പേര് | 0098/2022-23 / പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം |
| അടങ്കൽ | ₹ 16,00,000/- |
| ചെലവ് | ₹ 3,50,000/- വികസന ഫണ്ട് (എസ്.സി.പി) |
| ബിൽ നം. | ₹ 50,000/- (36/23.02.2023), ₹ 75,000/- (349/27.03.2023) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, പെരുമ്പാവൂർ നഗരസഭ |

ദേവ പ്രിയ എ.ബി, D/o ബിനു എ.കെ, ആൽപ്പാറച്ചാലിൽ, കാരാട്ടു പള്ളിക്കര, പെരുമ്പാവൂർ എന്ന ഗുണഭോക്താവിന് 10/91A നമ്പരിലുള്ള കെട്ടിടത്തിൽ 9.73 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള പഠന മുറി നിർമ്മിക്കുന്നതിനായി 13.02.2023 തീയതിയിൽ PW2-631/23 (BA-118/22-23) നമ്പർ പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി തയ്യാറാക്കിയിരിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 1,01,268.43/- രൂപയാണ് കണക്കാക്കിയിരിക്കുന്നത്. എൽ.എസ്.ജി.ഡി ഓവർസിയർ 24.03.2023 ൽ പ്രവൃത്തികൾക്കായി ₹ 1,01,268/- വാല്യുവേഷൻ എടുക്കുകയും പ്രസ്തുത വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി 24.03.2023 ൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി- ഗുണഭോക്താവിന് വാല്യുവേഷൻ പ്രകാരമുള്ള ₹ 1,01,268/- നൽകുന്നതിന് പകരം രണ്ട് ഗഡുക്കളായി ആകെ ₹ 1,25,000/- അനുവദിച്ചിട്ടുണ്ട്. ഇതു പ്രകാരം ഗുണഭോക്താവിന് അധികമായി ₹ 23,731/- കൈമാറിയിട്ടുണ്ട്. വാല്യുവേഷനിലും അധികമായി ₹ 23,731/- ഗുണഭോക്താവിന് കൈമാറിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 14.05.2023 ൽ ഓഡിറ്റ് എൻക്വയറി നം. 28 നൽകുകയുണ്ടായി. മറുപടിയായി പഠന മുറി പണി പൂർത്തിയാക്കി മൂന്നാം ഗഡു ധനസഹായം അനുവദിക്കുന്ന സമയത്ത് വാല്യുവേഷൻ പ്രകാരം നൽകേണ്ട തുകയിൽ നിന്നും അധികമായി നൽകിയ 23,731/- രൂപ കിഴിച്ച് ബാക്കിയുള്ള തുക മാത്രമേ അനുവദിച്ചു നൽകുകയുള്ളു എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിലവിൽ ഗുണഭോക്താവ് പ്രസ്തുത പ്രവൃത്തികൾക്കായിട്ടുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി റിവൈസഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അധികമായി അനുവദിച്ച 23,731/- രൂപ ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നോ, പ്രൊജക്ട് നടപ്പിലാക്കിയ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-5 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചു

നഗരസഭയുടെ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ 2022-23 വർഷത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മരണപ്പെട്ട ആളുകൾ (13.11.2023 ന് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ് പ്രകാരം) തുടരുന്നതായും പലർക്കും മരണ ശേഷവും പെൻഷൻ തുക കൈമാറുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പേര് | ആധാർ നം | മരണപ്പെട്ട തീയതി | അവസാനമായി പെൻഷൻ വിതരണം ചെയ്യപ്പെട്ട മാസം | അധികം നൽകിയ തുക (രൂപ) | ഓഡിറ്റ് വർഷത്തെ നഷ്ടം (രൂപ) | പെൻഷൻ തരം |
|---|---|---|---|---|---|---|---|
| 1 | കാളിക്കുട്ടി | 506124109450 | 08.01.2023 | 06/2023 | 8000.00 | 3200.00 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 2. | രവി | 307729720185 | 10.01.2023 | 06/2023 | 8000.00 | 3200.00 | ,, |
| 3 | ഫാത്തിമ ജമാൽ | 924076257994 | 31.01.2023 | 06/2023 | 8000.00 | 3200.00 | ,, |
| 3. | കുഞ്ഞു മുഹമ്മദ് | 495218510474 | 03.12.2021 | 06/2023 | 28800.00 | 19200.00 | ,, |
| 4. | മോഹനൻനായർ വി.എൻ. | 296627404415 | 09.03.2022 | 06/2023 | 22400.00 | 19200.00 | ,, |
| 5 | ഫിലോമിന വർഗ്ഗീസ് | 232359099782 | 12.07.2022 | 04/2023 | 14400.00 | 12800.00 | ,, |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | ഏല്യാ യോഹന്നാൻ | 290634770892 | 06.07.2022 | 06/2023 | 17600.00 | 12800.00 | ,, |
| 7 | കുഞ്ഞുമോൻ ചാത്തൻ | 486248018691 | 06.08.2022 | 11/2022 | 4800.00 | 4800.00 | ,, |
| 8 | അമ്പാടൻ പരീത് കുഞ്ഞുമുഹമ്മദ് | 299294191209 | 23.08.2022 | 11/2022 | 4800.00 | 4800.00 | ,, |
| 8 | ഇബ്രാഹിം എം.കെ | 719048771225 | 24.08.2022 | 06/2023 | 16000.00 | 11200.00 | ,, |
| 9 | ഐഷ മരക്കാർ | 285385839690 | 14.11.2022 | 06/2023 | 11200.00 | 6400.00 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻ ഷൻ സ്കീം |
| 10 | ശോശാമ്മ | 204652692055 | 14.12.2022 | 02/2023 | 3200.00 | 3200.00 | ,, |
| ആകെ | | | | | 147200.00 | 104000.00 | |

23.09.2020 തീയ്യതിയിലെ സ.ഉ. (എം.എസ്) 97/2020/ധന നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അനന്തരാവകാശികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡേറ്റാബേസിൽനിന്നും ഒഴിവാക്കേണ്ടതാണ്. പ്രസ്തുത തുക തിരിച്ചു പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാദ്ധ്യസ്ഥരാണ്. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സർക്കുലർ നം. 63/2021/ധന 02.08.2021 ലെ നടപടി ക്രമങ്ങൾ പാലിക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറി നം. 30, തീ. 17.11.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. 15/12/2023 തീയതിയായി നൽകിയ A4-11308/2023 നമ്പർ മറുപടി പ്രകാരം 2022-23 സാമ്പത്തിക വർഷം മരണപ്പെട്ടവർക്ക് ക്ഷേമപെൻഷൻ തുക അക്കൗണ്ടിൽ വന്നത് തിരിച്ചടവാക്കുന്നതിന് പെൻഷൻ അവകാശികൾക്ക് കത്ത് നൽകിയിട്ടുള്ളതും കൗൺസിൽ മെമ്പർമാർ മുഖേന അറിയിച്ചതായും നിലവിൽ ടി പെൻഷൻ ഗുണഭോക്താക്കൾ സസ്പെന്റഡ് ആണെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ നഷ്ടമായ ₹1,04,000.00 അനർഹമായി കൈപ്പറ്റിയവരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടക്കേണ്ടതാണ്.

## 3-6 വിരമിച്ച റഗുലർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ക്ഷാമബത്താ കുടിശ്ശിക വിതരണം

സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ 1.1.2019 മുതലുള്ള ക്ഷാമബത്ത കുടിശ്ശികയും 1.7.2019 മുതലുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയും വിതരണം ചെയ്ത ബില്ലുകളുടെ സൂക്ഷ്മ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേരും ഉദ്യോഗപ്പേരും | അധികം നൽകിയത് | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ. ബദറുദ്ദീൻ, ഹെൽത്ത്സൂപ്പർവൈസർ | 5757.00 | ക്ഷാമ ബത്തയിൽ 15940/- രൂപ കൂടുതലും ശമ്പള പരിഷ്കരണ കുടിശ്ശികയിൽ 10183/- രൂപ കുറച്ചുമാണ് കണക്കാക്കിയത്. ആകെ കൂടുതൽ 5757/- രൂപ (വൗ.നം. 126-02/23തീയതി 27.02.23) (വൗ. നം. 48-03/23 തിയതി 14.03.23) |
| 2 | ശ്രീ. മൈക്കിൾ എബ്രഹാം, | 1185.00 | 31.5.19 -ൽ വിരമിച്ചു. എന്നാൽ ക്ഷാമബത്ത കുടിശ്ശിക 2019 ജൂൺ മാസത്തിനും കണക്കാക്കി |

| | | | |
|---|---|---|---|
| | ഹെൽത്ത് ഇൻസ്പെക്ടർ | | (വൗ. നം.123-02/23 തീയതി 27.02.23) |
| 3 | ശ്രീ. ഷിബു മാത്യു, സൂപ്രണ്ട് | 10055.00 | 31.5.2020 ൽ വിരമിച്ചു. കുടിശ്ശിക ബില്ലിൽ വിരാമ സറണ്ടറിന് 36%, 7% എന്നിങ്ങനെ ഡി.എ. കണക്കാക്കി. ക്ഷാമബത്ത കുടിശ്ശികയിൽ 4845/- രൂപയും ശമ്പള പരിഷ്കരണ കുടിശ്ശികയിൽ 5210/- രൂപയും അധികം നൽകി. (വൗ. നം.126-02/23 തീയതി27.02.23) (വൗ.നം.48-03/23തീയതി 14.03.23) |
| 4 | ശ്രീ റ്റി.റ്റി. ബാബു, സീനിയർ ക്ലാർക്ക് | 8521.00 | 31.5.2020 ൽ വിരമിച്ചു. ക്ഷാമബത്ത കുടിശ്ശിക ബില്ലിൽ വിരാമ സറണ്ടറിന് 32% ന പകരം 36% ഡി.എ. കണക്കാക്കി. (വൗ.നം 126-02/23 തീയതി 27.02.23) |
| | ആകെ | 25,518.00 | |

അധികമായി അനുവദിച്ച 25,518.00 രൂപ തിരികെ ഈടാക്കുകയോ ഇനിയും നൽകാനുള്ളതിൽ തട്ടിക്കിഴിക്കുകയോ ചെയ്യേണ്ടതാണ്. മേൽ അപാകത വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം. 44/ തീ 08.12.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗ.നം, ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ | PFMS BILL | 1000000.00 | 446000.00 | 554000.00 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷത്തിൽ സംയുക്ത പ്രൊജക്ടുകൾക്കായി തുക ലഭിച്ചിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും കൈമാറിയിട്ടില്ല.

### 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ടൗൺ ഹാൾ നിർമ്മാണം (KURDFC) | KURDFC/ulb /369/2014 | 19355977.00 | 8560549.00 | 3327125.00 | 5233424.00 |
| നാഷണൽ | No. A1- 8326 | 1132000.00 | 1132000.00 | 0 | 1132000.00 |

| | | | | | |
|---|---|---|---|---|---|
| സ്ലം ഡെവലപ്പ് മെന്റ് | / 99, Dt. 14.02.11, A1 - 8326/ 99 (2) Dt. 30.3.2000 | | | | |
| ഹഡ്കോ | GO (Ms) No. 68/ 2018. Lsgd, 18.05.18 | 9600000.00 | 7680000.00 | 0 | 7680000.00 |
| . | . | ആകെ | 17372549.00 | 3327125.00 | 14045424.00 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപങ്ങളുടെ വിവരം (Equity Shares) താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാല യളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | KUDFC | 07/09/1970 To 13.01.1993 | ഒരു വർഷം | 71000.00 | - |
| . | . | . | ആകെ | 71000.00 | - |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2011-12 | 3.1 | കാർഷിക പദ്ധതികളും കൃഷിഭവനും | പരാമർശം നില നിൽക്കുന്നു |
| 2011-13 | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ | -ടി- |
| 2011-14 | 3.3 | ശിശു ക്ഷേമ പദ്ധതികളും അംഗൻവാടികളും | -ടി- |
| 2013-14 | 5.1.5 (6) | ജല സ്രോതസുകളുടെ കയ്യേറ്റം തടയാൻ നടപടി ഇല്ല | -ടി- |
| 2013-14 | 5.1.5 (8) | മഴവെള്ള സംഭരണികൾ പരാജയം | -ടി- |
| 2014-15 | 4.1.7 | പ്രവർത്തനമില്ലാത്ത കുടിവെള്ള പദ്ധതികൾ | -ടി- |
| 2014-15 | 4.1.12 | അറവുശാലകൾ നിഷ്ക്രിയാസ്തികളായി മാറുന്നു | -ടി- |
| 2015-16 | 4.2 | തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളിലെ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് | -ടി- |
| 2016-19 | 2.1.6 | സോഡിയം വേപ്പർ ലാംബ് വാങ്ങിയതിലെ ക്രമക്കേട് | -ടി- |
| 2014-16 | 3.2.6(1) | റോഡ് പ്രവൃത്തികൾ | -ടി- |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 218058239.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 213147454.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 83385.00 |
| വരവിനങ്ങളിലുള്ള നഷ്ടം (കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് ) | 91481.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 483849.00 |
| ചെലവിനത്തിലുള്ള നഷ്ടം (കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് ) | 127968.49 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10848363.00 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 17240.00 | - | പി.എസ്.ഷിബു, സെക്രട്ടറി (ഒന്നാം അർദ്ധ വർഷം) |
| 2-1 | 10970.00 | - | കവിത.എസ്.കുമാർ, സെക്രട്ടറി ( രണ്ടാം അർദ്ധ വർഷം) |
| 2-2 | 44950.00 | - | കവിത.എസ്.കുമാർ, സെക്രട്ടറി |
| 2-3 | 9820.00 | - | പി.എസ്. ഷിബു, സെക്രട്ടറി |
| 2-4 | 405.00 | | കവിത.എസ്.കുമാർ, സെക്രട്ടറി |
| 3-1 | - | 280953.00 | ജയ.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 49647.00 | ജയ.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | - | 23731.00 | മൈമുനത്ത് .കെ.ഇ, പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 3-5 | - | 92800.00 | പി.എസ്. ഷിബു, സെക്രട്ടറി |
| 3-5 | - | 11200.00 | കവിത എസ്. കുമാർ, സെക്രട്ടറി |
| 3-6 | - | 6942.00 | പി.എസ്. ഷിബു, സെക്രട്ടറി |
| 3-6 | - | 18576.00 | കവിത എസ്. കുമാർ, സെക്രട്ടറി |
| ആകെ | 83385.00 | 483849.00 | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 860963.00 | ജയ പി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 1616584.00 | മുഹമ്മദ് ഫൈസൽ വൈ., ഹെൽത്ത് ഓഫീസർ |
| 1-30 | 63177.00 | മുഹമ്മദ് ഫൈസൽ വൈ., ഹെൽത്ത് ഓഫീസർ |
| 1-31 | 747438.00 | മുഹമ്മദ് ഫൈസൽ വൈ .,ഹെൽത്ത് ഓഫീസർ |
| 1-32 | 125000.00 | വൽസമ്മ കെ.പി., കൃഷി ഫീൽഡ് ഓഫീസർ |
| 1-33 | 1,00,000.00 | സെൽമ ആന്റണി, കൃഷി ഫീൽഡ് ഓഫീസർ |
| 1-35 | 492100.00 | ഷീല എ.എസ്., ഹെഡ് മിസ്ട്രസ്, ഗവ.ഹയർസെക്കന്ററി സ്കൂൾ |
| 1-38 | 840000.00 | മൈമുനത്ത് കെ.ഇ, പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

| | | |
|---|---|---|
| 1-41 | 94000.00 | ഷീല എ.എസ്., ഹെഡ് മിസ്ട്രസ്, ഗവ.ഹയർസെക്കന്ററി സ്കൂൾ |
| 1-44 | 39890.00 | കവിത എസ്. കുമാർ, സെക്രട്ടറി |
| 1-46 | 2412208.00 | പി.എസ്. ഷിബു, സെക്രട്ടറി |
| 1-53 | 2097182.00 | ജയ പി.എസ്, അസി.എഞ്ചിനീയർ |
| 1-55 | 1359821.00 | ജയ പി.എസ്, അസി. എഞ്ചിനീയർ |
| ആകെ | 10848363.00 | - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 91481.00 | ഗ്രേസി ജോസഫ് , മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | 127968.49 | ജയ.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കവിത എസ്.കുമാർ, സെക്രട്ടറി | സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ | ഗംഗാ നിവാസ് , (നിയർ) ഹൗസിംഗ് ബോർഡ്, മൂവാറ്റുപുഴ, 686661 |
| പി.എസ്.ഷിബു, സെക്രട്ടറി | സെക്രട്ടറി, തൃശ്ശൂർ കോർപറേഷൻ | സുകുമാരവിലാസം-വീട്, നടുവത്തുചേരി, ചവറ സൗത്ത്, കൊല്ലം, 691584 |
| ഗ്രേസി ജോസഫ്, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, പെരുമ്പാവൂർ നഗരസഭ | പായപ്പിള്ളി - വീട്, കറുകുറ്റി.പി.ഒ, (നിയർ) സി.കെ.എം, എറണാകുളം, 683576 |
| മൈമുനത്ത് .കെ.ഇ, (പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) | JPHN, പറവൂർ നഗരസഭ | പുത്തൻവീട്ടിൽ-വീട്, ചെറുവട്ടൂർ, കോതമംഗലം,686691 |
| ജയ.പി.എസ് , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നായരമ്പലം ഗ്രാമപഞ്ചായത്ത് | ആമ്പല്ലൂർ കളരിക്കൽ-വീട്, മാണിക്ക്യമംഗലം പി.ഒ, കാലടി, 683574 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ (എം.1) 1020/99/ 09.06.2000 | 57 ഖണ്ഡികകൾ |
| 1998-99 | എൽ.എഫ്.ഇ (എം.1) 1347/2000/ 07.08.2001 | 26 ഖണ്ഡികകൾ |
| 1999-2000 | എൽ.എഫ്.ഇ (എം.1) 17/02/ 24.07.2002 | 59 ഖണ്ഡികകൾ |
| 2000- 01 | എൽ.എഫ്.ഇ (എം.1) 290/03/ 05.11.2003 | 22 ഖണ്ഡികകൾ |
| 2001- 02 | എൽ.എഫ്.ഇ (എം.1) 125/07/07.04.2008 | 38 ഖണ്ഡികകൾ |
| 2002- 03 | എൽ.എഫ്.ഇ (എം.1) 940/08/ 18.12.2008 | 14 ഖണ്ഡികകൾ |
| 2003- 04 | എൽ.എഫ്.ഇ (എം.1) 1186/07/ 24.02.2008 (വരവ്) | 9 ഖണ്ഡികകൾ |
| 2003- 04 | എൽ.എഫ്.ഇ (എം.1) 1490/09/ 11.05.2010 (ചെലവ്) | 25 ഖണ്ഡികകൾ |
| 2004- 05 | എൽ.എഫ്.ഇ (എം.1) 1185/07/ 12.11.2008 | 38 ഖണ്ഡികകൾ |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ഇ (എം.1) 951/009/ 28.12.2010 (വരവ്) | 5 ഖണ്ഡികകൾ |
| 2005- 06 | എൽ.എഫ്.ഇ (എം.1) 425/08/ 31.03.2009 | 18 ഖണ്ഡികകൾ |
| 2006- 07 | എൽ.എഫ്.ഇ (പി.എം.സി) എ2 212/11/14.11.2011 | 27 ഖണ്ഡികകൾ |
| 2007- 08 | എൽ.എഫ്.ഇ (പി.എം.സി) എ2 202/13 /26.09.2014 | 24 ഖണ്ഡികകൾ |
| 2008- 09 | എൽ.എഫ്. (പി.എം.സി) എ2 203/14 /03.09.2014 | എല്ലാ ഖണ്ഡികകളും |
| 2009- 10 | എൽ.എഫ്. (പി.എം.സി) എ2 192/12/19.09.2014 | 8 ഖണ്ഡികകൾ |
| 2010-11 | എൽ.എഫ്. (പി.എം.സി) എ2 198/14/14.08.2014 | 22 ഖണ്ഡികകൾ |
| 2011-2012 | എൽ.എഫ്/15725/ സ്പെ.സെൽ/ സി.എസ്.സി/ എ2 14(1)(2) സർചാർജ്ജ് | 24 ഖണ്ഡികകൾ |
| 2012-2013 | എൽ.എഫ്.ഇ (പി.എം.സി) എ2 153/14 /24.11.2014 | 14 ഖണ്ഡികകൾ |
| 2013-2014 | കെ.എസ്.എ. (പി.ബി.എം) എ2- 220/15 /23.11.2015 | 4 ഖണ്ഡികകൾ |
| 2014-2015 | കെ.എസ്.എ.(പി.ബി.എം) എ2- 211/2016 /29.07.2016 | 1 ഖണ്ഡിക |
| 2015- 16 | കെ.എസ്.എ.(പി.ബി.എം) എ2- 226/2016/ 30.01.2017 | 5 ഖണ്ഡികകൾ |
| 2016- 17 | കെ.എസ്.എ. (പി.ബി.എം) എ2- 336/2017/ 30.11.2017 | 4 ഖണ്ഡികകൾ |
| 2017-18 | കെ.എസ്.എ.(പി.ബി.എം) എ2- 75/2019/ 13.03.2019 | 3 ഖണ്ഡികകൾ |
| 2018-19 | കെ.എസ്.എ.(പി.ബി.എം) എ2- 01/2020/ 30.06.2020 | 8 ഖണ്ഡികകൾ |
| 2019-20 | കെ.എസ്.എ.(പി.ബി.എം) എ2- 200/2021/ 23.05.2022 | 8 ഖണ്ഡികകൾ |
| 2020-21 | കെ.എസ്.എ.(പി.ബി.എം) എ2- 165/22 തി. 20.06.2022 | 24 ഖണ്ഡികകൾ |
| 2021-22 | കെ.എസ്.എ.(പി.ബി.എം) എ2- 111/23 തി. 31.03.2023 | 82 ഖണ്ഡികകൾ |

അവശേഷിക്കുന്ന റിപ്പോർട്ടിലെ ഖണ്ഡികയിലെ പരാമർശങ്ങൾ /തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 26-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Perumbavoor Municipality Concurrent Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perumbavoor Municipality Concurrent Municipality for the year 2022-2023

**Date: 28/12/2023**

**Deputy Director(H.G)**
**Perumbavoor Municipality**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Perumbavoor Municipality Concurrent Municipality for the Year 2022-2023 .

**1.Major Observations**

My Certification is subject to the limitations listed below :

1) Lack of free and independent access to Accounting and all other Softwares which have direct or indirect Impact on financial reports and information.

2) Non completion of transition period process, during migration to Accrual based double entry system from Cash based accounting system, including valuation of assets and liabilities for inclusion in opening balance sheet.

3) Non validation of existing database resulting in volatile database.

4) Lack of Municipal Budget rules adversely affecting budgetary control system.

5) The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

6) Non maintenance of source documents in support of the authenticity of journal vouchers.

7) Non inclusion of Notes to accounts in financial statements and non disclosure of material facts.

8) Generation of financial reports showing contradictory information due to non-integration of Accounting software with other related softwares.

**2.Other Observations**

(1) The closing balance amount as on 31.03.2023 of several heads in the Balance Sheet become negative figure due to improper journal entry of the receipts and payments in the Sankhya heads. Even during the preparation of the Annual Financial Statements, no steps have been taken to correct such irregularities through journal entries.

(2) In the RP-6 Revenue Grants, Contributions & Subsidies Schedule of Receipt and Payment Statement and in the I-6 Revenue Grants, Contributions & Subsidies Schedule of the Income and Expenditure Statement 160100209 Fund for Transferred Institutions Education head receipt amount of Rs.5,00,000/- has been recorded as negative.

(3) B -Fund amounts received for disbursing various social welfare pensions are not recorded as receipt on Schedule I-6 Revenue Grants, Contributions & Subsidies of the Income and Expenditure Statement.The said amounts disbursed through DBT to various welfare pension beneficiaries are not recorded as payments in the I-14 Programme Expenditures Schedule.

(4) An amount of Rs.4,46,000/- deposited in Kerala Water Authority on 30.11.2022 for (Project No. 0100/2023) Drinking Water Pipeline Extension Project implemented by Municipal Secretary. Deposit amount has not been included in Schedule B-18 Loans, Advances and Deposits of the Balance Sheet.

(5) An amount of Rs.2,62,077/- has been spent for installation of Mini MCF project (Project No. 0107/23) implemented by Assistant Engineer (LSGD). Asset has not been included in the Asset head of Schedule B-11 Fixed Assets in the Balance Sheet.

(6) Amounts have been spent for Capital Expenditure from various Grants/Funds receipts heads in RP-6 Revenue Grants, Contributions & Subsidies and RP -24- Grants, Contributions for Specific Purposes Schedules of Receipt and Payment Statement. But proper journal entries have not been made in Sankhya to transfer the said amounts to the head 312100200- Capital Contribution to others.

(7) The current demand for Property Tax, Institutional Profession Tax, D&O License and Rent are not recorded in Sankhya through journal entries. For this reason the current demand amount for the above income is not included in Schedules I-1, I-3 and I-4(b) of the Income & Expenditure Statement. Also no entries have been made through journal entries to transfer the arrears of the said receivables to arrears heads.

(8) Monthly Bank Reconciliation Statement not prepared.

(9) DCB statemment is not prepared for Property Tax, Institutional Profession Tax, Rent and D&O license. Therefore it is not possible to ascertain whether the actual demand amount is the same as recorded in the Income and Expenditure schedules.

(10) Defects in the B-11 Fixed Assets Schedule of Balance Sheet:-

(a) The Asset Registers for all the Assets included in the Schedule are not kept up to date.

(b) Part bill payment of asset creation projects are not included in the Capital Work in Progress head.

Deputy Director (H.G.)
Perumbavoor Muncipality
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
നഗരസഭാ ഓഡിറ്റ് കാര്യാലയം, പെരുമ്പാവൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ്

| Perumbavoor Municipality (Concurrent Municipality ) | | | |
|---|---|---|---|
| INCOME & EXPENDITURE STATEMENT<br>(For the period from 01 April 2022 to 31 March 2023) | | | |
| Code.No | Description of Items | Schedule No | Amount |
| INCOME | | | |
| 110000000 | Tax Revenue | I-1 | 14072529.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | I-2 | 00.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1435695.00 |
| 140000000 | Fee & User Charges | I-4(b) | 10196124.00 |
| 150000000 | Sale & Hire Charges | I-5(b) | 10196124.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 56611560.00 |
| 170000000 | Income from Investments | I-7 | 00.00 |
| 171000000 | Interest Earned | I-8 | 629667.00 |
| 180000000 | Other Income | I-9 | 4195638.00 |
| A | Total Income | | 87646311.00 |
| EXPENDITURE | | | |
| 210000000 | Establishment Expenses | I-10(b) | 76421950.00 |
| 220000000 | Administrative Expenses | I-11(b) | 6314266.00 |
| 230000000 | Operations & Maintenance | I-12(b) | 8401436.00 |
| 240000000 | Interest & Finance Charges | I-13 | 780864.00 |
| 250000000 | Programme Expenses | I-14 | 36858651.00 |
| 251000000 | Decentralised Plan Programme -Service Sector | I-14 | 3751456.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14 | 12784625.00 |
| 253000000 | Decentralised Plan Programme -Projects not included in Sector Division | I-14 | 1180352.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 146000.00 |
| 272000000 | Depreciation | I-17(a) | 00.00 |
| B | Total Expenditure | | 146639600.00 |

| | | | |
|---|---|---|---|
| C=A-B | Gross Surplus/ Deficit of income over Expenditure | - | -58993289.00 |
| D=280000000 | Prior Period Item | I-18 | 8513978.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | - | -67507267.00 |
| 290000000 | Transfer to Reserve Funds | I-18(a) | 00.00 |
| | Net Balance being surplus / deficit carried over to Balance sheet (Municipal Fund ) | | -67507267.00 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 4

## റസീപ്റ്റ് ആന്റ് പേയ് മെന്റ് സ്റ്റേറ്റ്മെന്റ്

| Perumbavoor Municipality (Concurrent Municipality ) | | | |
|---|---|---|---|
| RECEIPT & PAYMENT STATEMENT<br>For the period from 01 April 2022 to 31 March 2023 | | | |
| Code.No | Description of Items | Schedule No | Amount |
| Opening Balance | | | |
| Bank | | RP-40(a) | 34689394.26 |
| Cash | | RP-40(a) | 1329294.00 |
| RECEIPTS | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 13951979.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 00.00 |
| 130000000 | Rental income from Municipal Properties | RP-3 | 1435695.00 |
| 140000000 | Fees & User Charges | RP-4 | 10051452.00 |
| 150000000 | Sale & Hire Charges | RP-5 | 505098.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 46345780.00 |
| 170000000 | Income from Investments | RP-7 | 00.00 |
| 171000000 | Interest Earned | RP-8 | 629667.00 |
| 180000000 | Other Income | RP-9 | 3968509.00 |

| | | | |
|---|---|---|---|
| 310000000 | Municipality fund | RP-21 | 400.00 |
| 350000000 | Other Liabilities | RP-29 | 12192.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 62685081.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 5000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 33221370.00 |
| 330000000 | Secured Loans | RP-25 | 00.00 |
| 340000000 | Deposits Received | RP-27 | 11811855.00 |
| 350000000 | Other Liabilities | RP-29 | 33393687.00 |
| 460000000 | Loans, Advances and Deposits | RP-41 | 40474.00 |
| Grand total | | | 254076927.26 |
| PAYMENTS | | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 13974070.00 |
| 220000000 | Administrative Expenses | RP-11 | 2788856.00 |
| 230000000 | Operations & Maintenance | RP-12 | 6738811.00 |
| 240000000 | Interest & Finance Charges | RP-13 | 780864.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 25504918.00 |
| 251000000 | Decentralised Plan Programme- srvice Sector | RP-16 | 00.00 |
| 1251000000 | Decentralised Plan Programme- Service Sector | RP-45 | 5473503.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 11471678.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 1962054.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 146000.00 |
| 350000000 | Other Liabilities | RP-29 | 41045916.00 |
| 430000000 | Stock-in-hand | RP-36 | 49556.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 2093567.00 |
| 480000000 | Miscellaneous Expenditure to be written off | RP-44 | 2460.00 |
| Non Operating | | | |
| 280000000 | Prior Period Item | RP-19 | 8524995.00 |
| 311000000 | Earmarked Funds | RP-22 | 11596427.00 |

| | | | |
|---|---|---|---|
| 312000000 | Reserves | RP-23 | 25000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 2471197.00 |
| 330000000 | Secured Loans | RP-25 | 3316108.00 |
| 340000000 | Deposits Received | RP-27 | 7871718.00 |
| 350000000 | Other Liabilities | RP-29 | 65814620.00 |
| 410000000 | Fixed Assets | RP-31 | 164791.00 |
| 412000000 | Capital work in Progress | RP-33 | 712905.00 |
| 460000000 | Loans, Advances and Deposits | RP-41 | 617440.00 |
| Closing Balance | | | |
| | Bank Bank | RP-40(b) | 40259426.26 |
| | Cash Cash | RP-40(b) | 670047.00 |
| | Grand Total | | 254076927.26 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 5

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| PERUMBAVOOR MUNICIPALITY (CONCURRENT MUNICIPALITY ) BALANCE SHEET | | | |
| AS ON 31 MARCH 2023 | | | |
| Code.No | Description of Items | Schedule No | Amount |
| LIABILITIES | | | |
| Reserve & Surplus | | | |
| 310000000 | Municipal Fund | B-1 | -13326338.24 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | -5642266.00 |
| 312000000 | Reserves | B-3 | 147833024.00 |
| Total Reserve & Surplus | | | 128864419.76 |
| Grants, Contributions for Specific Purposes | | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 49832952.00 |
| | Total Grants, Contributions for Specific Purposes | | 49832952.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 14045424.00 |

| | | | |
|---|---|---|---|
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 14045424.00 |
| Current Liabilities & Provisions | | | |
| 340000000 | Deposits Received | B-7 | 101319485.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 47063489.50 |
| Total Current Liabilities and Provisions | | | 148382974.50 |
| TOTAL LIABILITIES | | | 341125770.26 |
| ASSETS | | | |
| Fixed Assets | | | |
| 410000000 | Fixed Assets | B-11 | 192614091.00 |
| 411000000 | Accumulated Depreciation | B-11 | -47641631.00 |
| 412000000 | Capital Work in Progress | B-11 | 81880762.00 |
| Total Fixed Assets | | | 226853222.00 |
| Investments | | | |
| 420000000 | Investments-General Fund | B-12 | 71000.00 |
| 421000000 | Investments - Other Funds | B-13 | 00.00 |
| Total Investments | | | 71000.00 |
| Current Assets, Loans and Advances | | | |
| 430000000 | Stock-in-hand | B-14 | 53006.00 |
| 431000000 | Sundry Debtors (Receivables) | B-15 | 77540583.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -7339841.00 |
| 440000000 | Pre-paid Expenses | B-16 | 920000.00 |
| 450000000 | Cash and Bank Balance | B-17 | 40929473.26 |
| 460000000 | Loans, Advances and Deposits | B-18 | 2095867.00 |
| Total Current Assets, Loans and Advances | | | 114199088.26 |
| 470000000 | Other Assets | B-19 | 0.0 |
| 480000000 | Miscellaneous Expenditure to be written off | B-20 | 2460.00 |
| Total Miscellaneous Expenditure (To the Extent not written off) | | | 2460.00 |
| TOTAL ASSETS | | | 341125770.26 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്